## അല്ലാഹുവിന്റെ വചനം

وَلِلّٰهِ مُلْكُ السَّمٰوٰتِ وَالْاَرْضِ وَمَا بَيْنَهُمَا ۭ يَخْلُقُ مَا يَشَاۗءُ ۭ وَاللّٰهُ عَلٰي كُلِّ شَيْءٍ قَدِيْرٌ ﴿18﴾

'ആകാശങ്ങളുടേയും ഭൂമിയുടേയും അവ രണ്ടിനുമിടയിലുള്ളതിന്റേയും ആധിപത്യം അല്ലാഹുവിന്റേതു തന്നെയാണ്. താനുദ്ദേശിക്കുന്നത് അവൻ സൃഷ്ടിക്കുന്നു. അല്ലാഹു എല്ലാ കാര്യത്തിനും പൂർണമായും കഴിവുള്ളഴവനാകുന്നു,'

(5:18)


بِسۡمِ اللّٰہِ الرَّحۡمٰنِ الرَّحِیۡمِ نَحْمَدُهٗ وَنُصَلِّيْ عَلٰى رَسُوْلِهِ الْكَرِيْمِ وَعَلٰى عَبْدِهِ الْمَسِيْحِ الْمَوْعُوْدِ

وَلَقَدْ نَصَرَكُمُ اللّٰهُ بِبَدْرٍ وَّاَنْتُمْ اَذِلَّةٌ

വാല്യം 6

വാർഷിക വരിസംഖ്യ 575 രൂപ

# ബദർ

വീക്കിലി ഖാദിയാൻ

Weekly
BADAR Qadian
Malayalam

ലക്കം 25

പത്രാധിപർ
എച്ച്.ശംസുദ്ദീൻ

സഹപത്രാധിപർ
മുഹമ്മദ് ഇസ്മായീൽ

www.akhbarbadrqadian.in

2021 ജൂൺ 24/ഹി.ശം. 1400 ഇഹ്സാൻ 24/1442 ദുൽഖഅദ് 13


## അഹ്മദിയ്യാ വാർത്ത

അൽഹംദുലില്ലാഹ്. സയ്യിദുനാ ഹദ്റത്ത് അമീറുൽ മുഅ്മിനീൻ അയ്യദഹുല്ലാഹുത്തആല ബിന സ്വ്രിഹിൽ അസീസ് ദൈവകൃപയാൽ സുഖത്തിലും ക്ഷേമത്തിലുമാണ്. സഹോദരങ്ങൾ അമീറുൽമുഅ്മിനീന്റെ ആയുരാരോഗ്യത്തിനും സ്വാസ്ഥ്യത്തിനും ഉന്നതലക്ഷ്യങ്ങളിൽ വിജയവും പ്രത്യേക കാവലും ഉണ്ടാകുന്നതിനും ദുആ ചെയ്യുക. *അല്ലാഹു എപ്പോഴും നമ്മുടെ പ്രിയങ്കരനായ ഇമാമിന്റെ സംരക്ഷകനും സഹായിയുമായിരിക്കട്ടെ.*

ആമീൻ

## നബി(സ)യുടെ സാരോപദേശം:

### രാത്രിയിൽ ഖബ്റടക്കൽ

(1340) ഹദ്റത്ത് ഇബ്നു അബ്ബാസ്(റ)നിവേദനം. നബി(സ)തിരുമേനി ഒരാളുടെ ജനാസ അയാളെ ഖബ്റടക്കിയതിനു ഒരു രാത്രിക്കുശേഷം നമസ്കരിച്ചു. നബി(സ)തിരുമേനിയും അവിടത്തെ സ്വഹാബത്തും എഴുന്നേറ്റുനിന്നു. ഇതാരുടെ ഖബ്റാണെന്ന് അവിടന്ന് ചോദിച്ചു. ആളുകൾ പറഞ്ഞു:ഇത് ഇന്ന വ്യക്തിയുടെ ഖബ്റാണ്. ഇന്നലെ രാത്രി ഖബ്റടക്കിയതായിരുന്നു. അവിടന്ന് അയാളുടെ ജനാസ നമസ്കരിച്ചു.

❑ഹദ്റത്ത് സയ്യിദ് സയ്നുൽ ആബ്ദീൻ വലിയുല്ലാഹ് ശാഹ് സാഹിബ്(റ)പറയുന്നു: ഇബ്നു ഹബ്ബാൻ രേഖപ്പെടുത്തിയ ഹദ്റത്ത് ജാബിർ(റ)ന്റെ നിവേദനത്തിന്റെ അടിസ്ഥത്തിൽ ചിലയാളുകൾ രാത്രിയിൽ ഖബ്റടക്കുന്നത് നിഷിദ്ധമാണെന്ന് മതവിധി നല്കിയിരിക്കുന്നു. ഇബ്നു ഹബ്ബാന്റെ നിവേദനത്തിലെ വാക്കുകളിങ്ങനെയാണ്. **അന്ന നബിയ്യ(സ)സജറ അൻയ്യുഖ്ബറ റജുലുൻ ലയ്ലൻ ഇല്ലാ അൻയ്യുള്ത്വർറ ഇലാ ദാലിക്**(ഫതഹുൽബാരി, ഭാഗം 3, പേജ് 265).അതായത് നിർബന്ധമായും അടക്കപ്പെടേണ്ട അവസ്ഥയിലുള്ള മയ്യിത്ത് അല്ലാത്തത് രാത്രിയിൽ ഖബ്റടക്കപ്പെടുന്നതിനെ നബി(സ)തിരുമേനി വിരോധിച്ചു. ചില ഫുഖ്ഹാഅ് ഈ നിവേദനത്തിന്റെ അടിസ്ഥാനത്തിൽ രാത്രിയിൽ ഖബ്റടക്കാൻ പാടില്ലെന്ന് മതവിധി നല്കിയിരിക്കുന്നു. ഈ മതവിധി തടയുക എന്ന ഉദ്ദേശ്യത്തോടെ ബാബ് 60 നിശ്ചയിക്കപ്പെട്ടിരിക്കുന്നു. ഇമാം മുസ്ലിമും ഒരാളെ രാത്രിയിൽ ഖബ്റടക്കിയതിനെക്കുറിച്ച് ഒരു നിവേദനം എഴുതിയിട്ടുണ്ട്. അതിലമുള്ളത് നബി(സ)തിരുമേനി വെറുപ്പ് പ്രകടിപ്പിക്കുകയും **ഇദാ കഫ്ഫന അഹദുക്കും അഖാഹു ഫൽയുഹ്സിൻ കഫ്നഹു** എന്ന് നിർദേശിക്കുകയും ചെയ്തു. നിങ്ങളിൽ ആർക്കെങ്കിലും ഏതെങ്കിലും സഹോദരന്റെ ഖബ്റടക്ക ചുമതല ഏല്പിക്കപ്പെട്ടിട്ടുണ്ടെങ്കിൽ നല്ല രീതിയിൽ ഖബ്റടക്കുക. ഇതിൽനിന്ന് വെറുപ്പിന് കാരണം കുറവുകളുള്ള ഖബ്റടക്കമാണെന്നത് പ്രകടമാണ്.*(സ്വഹീഹ് ബുഖാരി വാല്യം 2, കിതാബുൽ ജനായിസ് പ്രസാധനം ഖാദിയാൻ 2006)*


### ഈ ലക്കത്തിൽ

ഖുത്വ്ബ 2021 മെയ് 21
(സമ്പൂർണ തർജമ)

യൂറോപ്പ് പര്യടന റിപ്പോർട്ട് 2019


**ആഭ്യന്തരമായ നിലയിൽ മുസ്ലിമീങ്ങളിലുണ്ടായിട്ടുള്ള തെറ്റുകളെ അകറ്റുന്നതിനും ഇസ്ലാമിന്റെ യാഥാർഥ്യം ദുൻയാവിനുമേൽ പ്രകടിപ്പിക്കുന്നതിനും ബാഹ്യമായ നിലയിൽ ഇസ്ലാമിന്റെമേൽ ഉന്നയിക്കപ്പെടുന്ന ആക്ഷേപങ്ങൾക്ക് മറുപടി നല്കുന്നതിനും അല്ലാഹു എന്നെ 'മാമൂറാക്കി' അയച്ചു.**

## സയ്യിദുനാ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ഉപദേശങ്ങൾ

### വാഗ്ദത്ത് മസീഹ് അഥവാ മസീഹ് മൗഊദ് വരുന്നതിന്റെ ഉദ്ദേശ്യം:

'ഹദ്റത്ത് ഈസാ(അ)യുടെ കുരിശിൽനിന്ന് ജീവനോടെയുള്ള ഇറക്കത്തിന്റേയും ആ ദുരന്തത്തിൽനിന്ന് രക്ഷപ്പെട്ടതിന്റേയും ശരിയായതും ദൃഢപരമായിട്ടുള്ളതുമായ അറിവ് വിശുദ്ധ ഖുർആനിൽ നല്കപ്പെട്ടിരിക്കുന്നു. എന്നാൽ, ഖേദകരമെന്ന് പറയട്ടെ കഴിഞ്ഞ ആയിരം വർഷത്തിൽ ഇസ്ലാമിനുമേൽ പലവിപത്തുകളും വന്നിട്ടുള്ളതിൽ ഈ പ്രശ്നവും അന്ധകാരത്തിൽ പതിഞ്ഞിരിക്കുന്നു. മുസ്ലിമീങ്ങളിൽ ദൗർഭാഗ്യവശാൽ ഹദ്റത്ത് ഈസാ (അ) സ്ഥൂലശരീരത്തോടെ ആകാശത്തേക്ക് ഉയർത്തപ്പെട്ടിരിക്കുന്നുവെന്നും അദ്ദേഹം ഖിയാമത്തിന്നടുത്ത് ഇറങ്ങിവരുമെന്നുമുള്ള ധാരണ ആഴത്തിലിറങ്ങിയിരിക്കുന്നു. എന്നാൽ, ഞാൻ ആഭ്യന്തരമായ നിലയിൽ മുസ്ലിമീങ്ങളിലുണ്ടായിട്ടുള്ള തെറ്റുകളെ അകറ്റുന്നതിനും ഇസ്ലാമിന്റെ യാഥാർഥ്യം ദുൻയാവിനുമേൽ പ്രകടിപ്പിക്കുന്നതിനും ബാഹ്യമായ നിലയിൽ ഇസ്ലാമിന്റെമേൽ ഉന്നയിക്കപ്പെടുന്ന ആക്ഷേപങ്ങൾക്ക് മറുപടി നല്കുന്നതിനും മറ്റുള്ള വ്യർഥമായ മതങ്ങളുടെ യാഥാർഥ്യം തുറന്നു കാണിക്കുന്നതിനും വേണ്ടി, 14-ാം നൂറ്റാണ്ടിൽ അല്ലാഹു എന്നെ 'മാമൂറാക്കി' അയച്ചു. പ്രത്യേകിച്ചും മനുഷ്യന്റെ ആത്മീയശക്തികളുടെ വളർച്ചയ്ക്കും അഭിവൃദ്ധികൾക്കും തടസം നില്ക്കുന്നതും മനുഷ്യന് ഭയാനകവും ദോഷം ചെയ്യുന്നതുമായ ക്രൈസ്തവമതത്തിന്റെ തെറ്റായ വിശ്വാസങ്ങളെ ചുവടെ പിഴുതെറിയുക.

### ഈസബ്നുമർയമിനെ സംബന്ധിച്ച യാഥാർഥ്യം

ഇതുകൂടാതെ മസീഹ് ആകാശത്തിൽപോയി എന്നതിനെ സംബന്ധിച്ചുള്ള ഒരു പ്രശ്നവുമുണ്ട്. ഇതിൽ ദൗർഭാഗ്യവശാൽ ചില മുസ്ലിമീങ്ങളും അവരുടെ പങ്കാളികളായിരിക്കുന്നു. ഇതേ ഒരു പ്രശ്നത്തിലാണ് ക്രൈസ്തവ മതം നിലകൊള്ളുന്നത്. കാരണം ക്രൈസ്തവമതത്തിന്റെ മോക്ഷത്തിന്റെ അച്ചുതണ്ട് ഇതേ കുരിശിന്മേലാണ്. അവർ വിശ്വസിക്കുന്നത് മസീഹ് തങ്ങൾക്കുവേണ്ടി കുരിശിലേറി മരിച്ചുവെന്നും പിന്നീട് ജീവിച്ച് ആകാശത്തിൽ പോയെന്നുമാണ്. അത് അദ്ദേഹത്തിന്റെ ദൈവത്വത്തിനുള്ള തെളിവാണത്രെ!

ഏതൊരു മുസ്ലിമീങ്ങളാണോ തങ്ങളുടെ തെറ്റുകൊണ്ട് അവരോടൊപ്പം ചേർന്നുനിന്നത് അവർ മസീഹ് കുരിശിൽ മരിച്ചുവെന്ന് വിശ്വസിക്കുന്നില്ലെങ്കിലും അദ്ദേഹം ആകാശത്തിൽ പോയെന്ന് തീർച്ചയായും വിശ്വസിക്കുന്നുണ്ട്. പക്ഷേ, ഏതൊരു യാഥാർഥ്യമാണോ അല്ലാഹു എന്നിൽ തുറന്നത് അതിതാണ്; പുണ്യാത്മാക്കൾ തങ്ങളുടെ കാലത്തെ വിവരദോഷികളായ എതിരാളികളുടെ കൈയാൽ പീഢിപ്പിക്കപ്പെട്ടതുപോലെ മസീഹുബ്നുമർയം തന്റെ കാലത്തെ യഹൂദികളുടെ കൈയാൽ ഒരുപാട് പീഢിപ്പിക്കപ്പെട്ടു. അവസാനം ആ യഹൂദികൾ തങ്ങളുടെ ഗൂഢപദ്ധതികളും ദ്രോഹപ്രവർത്തനങ്ങളുംകൊണ്ട് എങ്ങനെയെങ്കിലും അദ്ദേഹത്തെ ഉന്മൂലനം ചെയ്യാൻ പരിശ്രമിച്ചു; അദ്ദേഹത്തെ ക്രൂശിൽതറച്ച് കൊല്ലപ്പെട്ടവനാക്കുക. ബാഹ്യമായി തങ്ങളുടെ ഈ പദ്ധതികളിൽ അവർ വിജയിച്ചു. കാരണം ഹദ്റത്ത് മസീഹുബ്നു മർയമിനെ കുരിശിലേറ്റാനുള്ള കല്പന നല്കപ്പെട്ടു. എന്നാൽ, തന്റെ വിശ്വസ്തരേയും താൻ നയോഗിച്ചവരേയും ഒരിക്കലും പാഴാക്കാത്ത അല്ലാഹു അദ്ദേഹത്തെ ആ കുരിശുമരണവുമായി ബന്ധപ്പെട്ട ശാപത്തിൽനിന്ന് രക്ഷിച്ചു. ആ കുരിശിൽനിന്ന് ജീവനോടെ ഇറക്കാനുള്ള കാര്യകാരണങ്ങൾ അല്ലാഹു സൃഷ്ടിച്ചു. ഇക്കാര്യത്തിന്റെ ഉറപ്പിന് പ്രത്യേകിച്ചും ഇഞ്ചീലിൽനിന്നുതന്നെ ലഭിക്കുന്ന നിരവധി തെളിവുകളുണ്ട്. പക്ഷേ, ഈ നേരത്ത് അത് വിവരിക്കുക എന്നത് എന്റെ ഉദ്ദേശ്യമല്ല. ഈ കുരിശു സംഭവങ്ങൾ ബൈബിളിൽ വായിക്കുമ്പോൾ വ്യക്തമാകുന്നത് ഹദ്റത്ത് മസിഹുബ്നുമർയം കുരിശിൽനിന്ന് ജീവനോടെ ഇറക്കപ്പെടുകയും പിന്നീട് ആ നാട്ടിൽ ധാരാളം ശത്രക്കളുണ്ടെന്നും തന്നെ കൊല്ലാൻ അവർ നടക്കുകയാണെന്നും മുമ്പേ പറഞ്ഞു കഴിഞ്ഞതുപോലെ 'നബി നിന്ദിതനാകുകയില്ല എന്നാൽ, സ്വന്തം നാട്ടിൽ' എന്ന് മനസ്സിലാക്കുകയും ചെയ്തു. ഇതിൽനിന്ന് അദ്ദേഹത്തിന്റെ ഹിജ്റത്തിനെ കുറിച്ച് അറിയാൻ കഴിയുന്നു. അങ്ങനെ അദ്ദേഹം ആ രാജ്യം ഉപേക്ഷിക്കുവാൻ തീരുമാനിച്ചു. തന്നിലർപിതമായ പ്രവാചകത്വത്തിന്റെ നിർബന്ധ കടമ നിറവേറ്റുന്നതിന് ഇസ്റായേലിലെ കാണാതെപോയ ആടുകളെ തേടി പുറപ്പെട്ടു. നസ്വീബയ്നിന്റെ ഭാഗത്തൂടെ അഫ്ഗാനിസ്താൻവഴി കശ്മീരിൽവന്ന് കശ്മീരിലുണ്ടായിരുന്ന ഇസ്റായേൽമക്കൾക്ക് പ്രബോധനം ചെയ്തുകൊണ്ടിരുന്നു. അവരെ പരിഷ്കരിച്ചു. അവസാനം അവരിൽത്തന്നെ വഫാത്താകുകയും ചെയ്തു. ഇക്കാര്യമാണ് എന്നിൽ തുറക്കപ്പെട്ടത്.'*(മൽഫൂദാത്ത് വാല്യം 1, പേജ് 303-304, ഖാദിയാൻ 2018)*

**അറബികളായ മുസ്ലിമീങ്ങൾ ഇല്ലായിരുന്നുവെങ്കിൽ ഇന്ന് ലോകം ഇപ്പോഴുള്ള നിലയിൽ ഉണ്ടാകുമായിരുന്നില്ലെന്ന് യൂറോപ്യൻ ഗവേഷകർ സമ്മതിക്കുന്നു. ആത്മീയതയിൽ അറബികൾ നേടിയ അഭിവൃദ്ധിയുടെ ഉദാഹരണം ലോകമുണ്ടായ കാലംമുതൽ ഇന്നുവരെ മറ്റൊരു ജനതയിലും കാണുന്നില്ല.**

സയ്യിദുനാ ഹദ്റത്ത് മുസ്ലിഹ് മൗഊദ്(റ) ഇബ്റാഹീം എന്ന അധ്യായത്തിലെ രണ്ടാമത്തെ വചനമായ

الٓرٰ ۟ كِتٰبٌ اَنْزَلْنٰهُ اِلَيْكَ لِتُخْرِجَ النَّاسَ مِنَ الظُّلُمٰتِ اِلَى النُّوْرِ ۙ بِاِذْنِ رَبِّهِمْ اِلٰى صِرَاطِ الْعَزِيْزِ الْحَمِيْدِ ﴿2﴾

എന്നതിന്റെ വ്യാഖ്യാനത്തിൽ പറയുന്നു: 'വിശുദ്ധ ഖുർആന് ഒരു പ്രകാശമുണ്ടെന്ന് ഈ ആയത്തിൽ പറഞ്ഞിരിക്കുന്നു. ഇതുമുഖേന നബി(സ)തിരുമേനി ആളുകളെ ഇരുട്ടിൽനിന്ന് പുറത്തെടുത്ത് വെളിച്ചത്തിലേക്ക് കൊണ്ടുപോകുന്നതായിരിക്കും. പിന്നീട് വെളിച്ചത്തിന്റെ വ്യാഖ്യാനം

اِلٰى صِرَاطِ الْعَزِيْزِ الْحَمِيْدِ ﴿2﴾

കൊണ്ടു ചെയ്തു. അതായത് അസീസും ഹമീദുമായ അല്ലാഹുവിന്റെ വഴിതന്നെയാണ് യഥാർഥ വഴി. വെളിച്ചത്തെ എല്ലാ

(ശേഷം പേജ് 12 ൽ)

പ്രിന്റർ & പബ്ലിഷർ ജമീൽ അഹ്മദ് നാസിർ, ഫദ്ലെ ഉമർ പ്രിന്റിംഗ് പ്രസ്സ് ഖാദിയാനിൽ അച്ചടിപ്പിച്ച് ഖാദിയാനിലെ ബദ്ർ പത്ര ഓഫീസിൽ നിന്ന് പ്രസിദ്ധീകരിച്ചത്: പ്രൊപ്രൈറ്റർ നിഗ്രാൻ ബദ്ർ ബോർഡ്,ഖാദിയാൻ

لَا اِلٰهَ اِلَّا اللّٰهُ مُحَمَّدٌ رَّسُوْلُ اللّٰهِ

# ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ വെല്ലുവിളി

**മുമ്പിൽവരാൻ എതിരാളികളെല്ലാവരേയും നാം വിളിച്ചു.**

شَرُّ السُّمُوْمِ عَدَاوَةُ الصُّلَحَاءِ اِنَّ السُّمُوْمَ لَشَرُّ مَا فِي الْعَالَمِ

## മുബാഹലക്കുശേഷം അബ്ദുൽഹഖിന് നിന്ദ്യത ഉണ്ടായിട്ടില്ലെന്ന് ഏതെങ്കിലും ന്യായാധിപൻ സത്യം ചെയ്താൽ മൗലവി അബ്ദുൽഹഖ് ഗസ്നവിക്കുവേണ്ടി 500 രൂപ സമ്മാനം.

സയ്യിദുനാ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ സമ്മാനം പ്രഖ്യാപിച്ചുകൊണ്ടുള്ള ഈ വെല്ലുവിളി ഞങ്ങൾ അദ്ദേഹത്തിന്റെ ഗ്രന്ഥമായ അൻവാറുൽ ഇസ്‌ലാം വാള്യം 9-ൽ നിന്നാണ് അവതരിപ്പിക്കുന്നത്. ഇതിനുമുമ്പേ ഞങ്ങൾ പറഞ്ഞുകഴിഞ്ഞിട്ടുള്ളതാണ് **ജങ്കെ മുഖദ്ദസ്**(വിശുദ്ധയുദ്ധം)അതായത് അമൃതസർ സംവാദത്തിന്റെ അവസാന ദിവസം 1893 ജൂൺ 5 ന് ഹദ്റത്ത് മസീഹ് മൗഊദ്(അ)ആഥിമിനെ കുറിച്ചുള്ള മരണ പ്രവചനം ചെയ്തിരുന്നു. അതിന്റെ കാലയളവ് 15 മാസമായിരുന്നു. പ്രവചനം നിബന്ധനയിലധിഷ്ഠിതമായിരുന്നു. അതിലെ വാക്കുകൾ ഇപ്രകാരമായിരുന്നു: 'സത്യത്തിലേക്ക് മടങ്ങിയിട്ടില്ലെങ്കിൽ.' പക്ഷേ, ആഥിം സത്യത്തിലേക്ക് മടങ്ങി. അതുകൊണ്ട് അല്ലാഹു അദ്ദേഹത്തിന് കുറച്ചു സമയത്തേക്ക് സാവകാശം നല്കി. അദ്ദേഹം മരണത്തിൽനിന്ന് രക്ഷപ്പെട്ടു. അതിൽ മൗലവിമാരും മുസ്‌ലിം ഉലമാക്കളും 'പ്രവചനം കളവായി പുലർന്നു' എന്ന് പറഞ്ഞ് ബഹളംവച്ചു. അവർ ക്രിസ്ത്യാനികളുമായിച്ചേർന്ന് സന്തോഷം ആഘോഷിക്കുകയും ക്രൈസ്തവമതം വിജയിച്ചതായും ഇസ്‌ലാം പരാജിയപ്പെട്ടതായും നിശ്ചയിക്കുകയും ചെയ്തു. ക്രിസ്ത്യാനികളുമായി ചേർന്ന് സന്തോഷം ആഘോഷിച്ചവരിൽ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ഒരു ശത്രുവും വിരോധിയുമായ മൗലവി അബ്ദുൽഹഖ് ഗസ്നവിയുമുണ്ടായിരുന്നു. അയാളുടെ മറ്റു ഗസ്നവി സഹോദരങ്ങളുമുണ്ടായിരുന്നു; അവരുടെ ബന്ധം അമൃതസറുമായിട്ടായിരുന്നു.

ഇവിടെ ഒരു കാര്യം വ്യക്തമാക്കേണ്ടത് നിർബന്ധമാണ്. മൗലവി അബ്ദുൽഹഖ് ഗസ്നവി മൗലവി അബ്ദുല്ലാഹ് ഗസ്നവിയുടെ മകനല്ല. പ്രത്യുത ശിഷ്യനാണ്. അദ്ദേഹത്തിന്റെ മകൻ അബ്ദുൽജബ്ബാർ ഗസ്നവി, മൗലവി അബ്ദുൽ വാഹിദ് ഗസ്നവി തുടങ്ങിയവാരായിരുന്നു. മൗലവി അബ്ദുല്ലാഹ് ഗസ്നവി

ഒരു സ്വാലിഹും മുത്തഖിയും കശ്ഫുകളും ഇൽഹാമുകളുമുണ്ടാകുന്ന വ്യക്തിയുമായിരുന്നു. അദ്ദേഹം അഫ്ഗാനിസ്താനിൽനിന്ന് ഹിജ്റത്ത് ചെയ്ത് അമൃതസറിൽവന്ന് താമസിച്ചതാണ്. അദ്ദേഹം ഹദ്റത്ത് മസീഹ് മൗഊദ്(അ)സത്യവാനാണെന്ന് സാക്ഷ്യപ്പെടുത്തിയിരുന്നു. ഹദ്റത്ത് മസീഹ് മൗഊദ്(അ)നെ കുറിച്ച് പറഞ്ഞു:'ഒരു പ്രകാശം ആകാശത്തുനിന്ന് ഇറങ്ങി. അത് ഹദ്റത്ത് മിർസാ ഗുലാം അഹ്മദ് ഖാദിയാനിയാകുന്നു.'*(തുഹ്ഫ ഗസ്നവിയ്യ, റൂഹാനീ ഖസായിൻ വാള്യം 15, പേജ് 546)*. ഇപ്രകാരം ഇങ്ങനേയും എഴുതിയിരുന്നു: 'ഒരു പ്രകാശം ആകാശത്തുനിന്ന് വീണു. അത് ഖാദിയാനിൽ ഇറങ്ങി. എന്റെ മക്കൾ അതിൽനിന്ന് നിർഭാഗ്യരായിപ്പോയി.'*(തുഹ്ഫ ഗസ്നവിയ്യ, റൂഹാനീ ഖസായിൻ വാള്യം 15, പേജ് 565)*. മൗലവി അബ്ദുല്ലാഹ് ഗസ്നവിയുടെ പ്രവചനം പുലർന്നു. അദ്ദേഹത്തിന്റെ മക്കൾ ഹദ്റത്ത് മസീഹ് മൗഊദ്(അ)നെ വിശ്വാസിക്കാതെ നിർഭാഗ്യരായെന്നു മാത്രമല്ല അവർ ഹദ്റത്ത് മസീഹ് മൗഊദ്(അ)നെ എതിർക്കുന്നതിൽ സജീവമായി ഭാഗഭാക്കുമായി. മൗലവി അബ്ദുല്ലാഹ് ഗസ്നവിയുടെ ശിഷ്യത്വത്തിലും മുരീദ് എന്നതിലും മൗലവി അബ്ദുൽഹഖ് ഗസ്നവി അഭിമാനിച്ചിരുന്നു. അയാൾ ഹദ്റത്ത് മസീഹ് മൗഊദ്(അ)നെ പരിഹസിക്കാനും നിന്ദിക്കാനും തുടങ്ങുകയും ആ മഹാത്മാവിനെ നഊദുബില്ലാഹ് കാദിബെന്നും ദജ്ജാലെന്നും ജഹന്നമിയെന്നും പറയുകയും ചെയ്തപ്പോൾ യഥാർത്ഥത്തിൽ അയാൾ തന്റെ ഗുരുവിനെ നിന്ദിക്കുകയാണ് ചെയ്തത്. ഗുരുവിനോടു അനുസരണക്കേട് കാണിക്കുകയും ഗുരുവിന്നെതിരാകുകയും ചെയ്തു. ഹദ്റത്ത് മസീഹ് മൗഊദ്(അ)മൗലവി അബ്ദുൽഹഖിനെ സംബോധനചെയ്തു പറയുന്നു:'ഏതൊരാളുടെ ശിഷ്യനാണെന്നതിൽ താങ്കൾ അഭിമാനിക്കുന്നുവോ അദ്ദേഹം തന്നെയാണ് സാക്ഷ്യം പറഞ്ഞത് താങ്കൾ കള്ളനും ഗുലാം അഹ്മദി ഖാദിയാനി സത്യവാനുമാണെന്ന്. .........സാക്ഷ്യവും താങ്കളുടെ ഉസ്താദിന്റെ! അതായത് അബ്ദുല്ലാഹ് ഗസ്നവിയുടെ!അതായത് അദ്ദേഹം പറയുന്നത് അനുസരിക്കുന്നില്ലെങ്കിൽ അനുസരണക്കേടു കാണിക്കുന്നവനെന്ന് പറയുക. കാരണം താങ്കളുടെ എല്ലാ മാന്യതയും അദ്ദേഹം മുഖേനയാണ്. അദ്ദേഹത്തെ താങ്കൾ കള്ളനെന്ന് മനസ്സിലാക്കിയാൽ അപ്പോൾ താങ്കൾ അനന്തരാവകാശിയില്ലാത്ത ശിഷ്യനാണ്.'*(തുഹ്ഫ ഗസ്നവിയ്യ, റൂഹാനീ ഖസായിൻ വാള്യം 15, പേജ് 546)*.

മൗലവി അബ്ദുല്ലാഹ് ഗസ്നവിയെ കുറിച്ച് മുൻ സൗദാഗർമൽ ശെയ്ഖ് അബ്ദുൽഖാദിർ സാഹിബ് തന്റെ ഗ്രന്ഥമായ 'ഹയാത്തെ ത്വയ്യിബയിൽ'പറയുന്നു: 'ഈ പുണ്യാത്മാവ് ഗസ്നി ജില്ലയിയിലെ(അഫ്ഗാനിസ്താൻ)ഗേരോ എന്നു പേരുള്ള ഗ്രാമത്തിൽ ജനിച്ചു. അദ്ദേഹം ആരാധനാകർമങ്ങളിലും ദൈവസ്മരണയിലും മുഴുകിയിരുന്നു. റസൂലിന്റെ(സ) പ്രേമിയായിരുന്നു. അതുകൊണ്ട് ഒരു സ്വപ്നത്തിൽ അദ്ദേഹം സ്വഹീഹ് ബുഖാരി പൊടിപിടിച്ചിരിക്കുന്നതായി കണ്ടു. സ്വപ്നത്തിൽ തന്നെ അത് തുടച്ച് വൃത്തിയാക്കാൻ തുടങ്ങി. ഈ സ്വപ്നത്തിനുശേഷം അദ്ദേഹം സ്വഹീഹ് ബുഖാരി അധികമധികമായി വായിക്കാൻ തുടങ്ങി. ഗസ്നിയിലെ അക്രമികളായ ഉലമാക്കൾ അദ്ദേഹത്തിന്റെ ഈ അവസ്ഥ കണ്ട് അദ്ദേഹം വഹാബിയാണെന്ന് പറഞ്ഞ് അദ്ദേഹത്തിന്റെമേൽ കുഫ്ർ ഫത്‌വാ പുറപ്പെടുവിച്ചു. അപമാനിച്ച് കഴുതയുടെമേൽ കയറ്റി നാടു കടത്തി. അതിനെ തുടർന്ന് അദ്ദേഹം ഹിജ്റത്ത് ചെയ്ത് അമൃതസറിൽ വന്നു.'(പേജ് 39)

സയ്യിദുനാ ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ) തന്റെ ഒരു ഖുത്ബയിൽ അദ്ദേഹത്തെ കുറിച്ച് പ്രതിപാദിച്ചുകൊണ്ട് പറഞ്ഞു:'എപ്രകാരമാണ് ദീനിന്റെ പുണ്യാത്മാക്കളെ ശാഖാപരമായ കാര്യങ്ങളിൽ രാജാക്കന്മാരും കാലത്തിന്റെ ഭരണാധികാരികളും വലിയ വലിയ ബുദ്ധിമുട്ടുകൾ നല്കി പീഢിപ്പിച്ചിരുന്നത്.' അവിടന്ന് പറയുന്നു:'എന്നാൽ, ബുദ്ധിമുട്ടിച്ചിരുന്നവർ അവരെ വലിയവരായിത്തന്നെയാണ് മനസ്സിലാക്കിയിരുന്നത്.'*(ഖുത്ബാത്തെ മഹ്മൂദ് വാള്യം 14, പേജ് 237, ഖുത്ബ ജുമുഅ 6 - 10 - 1933)*.

ഹദ്റത്ത് മസീഹ് മൗഊദ്(അ)വാദിക്കുന്നതിനു മുമ്പേ രണ്ടുപ്രാവശ്യം അദ്ദേഹവുമായി കൂടിക്കാഴ്ച നടത്തിയതിനെ കുറിച്ച് പറയുന്നു:'അദ്ദേഹം ജീവിച്ചിരുന്നപ്പോൾ രണ്ടു പ്രാവശ്യം ഒരു തവണ ഖയ്ർദിയിലും(അമൃതസറിന് അടുത്ത പ്രദേശത്തെ ഒരു ഗ്രാമം)രണ്ടാം തവണ അമൃതസറിലും അദ്ദേഹവുമായി എന്റെ കൂടിക്കാഴ്ച നടന്നു. ഞാൻ അദ്ദേഹത്തോടു പറഞ്ഞു:'അങ്ങ് മുൽഹം (ഇൽഹാമുണ്ടാകുന്നയാൾ)ആണ്. നമ്മുടെ ഒരു ഉദ്ദേശ്യമുണ്ട്. അതിന് ദുആ ചെയ്യുക. എന്നാൽ, എന്താണ് ഉദ്ദേശ്യമെന്ന് ഞാൻ അങ്ങയോടു പറയുകയില്ല.' അദ്ദേഹം പറഞ്ഞു:'**ദർ പൗശീദ ദാശ്ത്തൻ ബർക്കത്ത് അസ്ത് വമൻ ഇൻശാഅല്ലാഹ് ദുആ ഖ്വാഹം കർദ് വ ഇൽഹാം അംറെ ഇഖ്തിയാരീ നീസ്ത്.**' എന്റെ ഉദ്ദേശ്യം ഇതായിരുന്നു, ദീനെ മുഹമ്മദി അലയ്ഹിസ്സലാത്തുവസ്സലാം നിത്യേന അധഃപതനത്തിലാണ്. അല്ലാഹു അതിനെ സഹായിക്കട്ടെ. പിന്നീട് ഞാൻ ഖാദിയാനിൽ പോയി. കുറച്ചു ദിവസത്തിനുശേഷം തപാൽമുഖേന അദ്ദേഹത്തിന്റെ കത്ത് എനിക്കുകിട്ടി. അതിൽ എഴുതിയിരുന്നു: '**ഈൻ ആജിസ് ബറായെ ശുമാ ദുആ കർദ് ബൂദ്- അൽഖാരിദ്. വൻസ്വുർനാ അലൽഖൗമിൽ കാഫിരീൻ ഫഖീർ റാ കം ഇത് ഫാഖ് മെ ഉഫ്ത്തദ് കെഃ ബദീൻ ജൽദി ഇൽഖാ ശിവദ്- ഈൻ അസ് ഇഖ്ലാസ്വ് ശുമാ മെ ബീനം**'*(ഹയാത്തെ ത്വയ്യിബ, ശെയ്ഖ് അബ്ദുൽഖാദിർ സാഹിബ്, സാബിഖ് സൗദാഗർമൽ. പേജ് 39)*

ഈ ഫാർസി വചനത്തിന്റെ തർജമ ഇപ്രകാരമാണ്: ഉദ്ദേശ്യം രഹസ്യമായി വെക്കുന്നതിലാണ് ബർക്കത്തുള്ളത്. ഞാൻ ഇൻശാഅല്ലാഹ് ദുആ ചെയ്യുന്നതാണ്. ഇൽഹാം എന്റെ അധികാരത്തിൽപ്പെട്ടതല്ല. ദുആ ചെയ്തതിനുശേഷം എഴുതി: ഈ വിനീതൻ താങ്കൾക്കുവേണ്ടി ദുആ ചെയ്തിരുന്നു. അതിനെ തുടർന്ന് ഈ വാക്യം ഇൽഖാ ഉണ്ടായി: **വൻസ്വുർനാ അലൽഖൗമിൽ കാഫിരീൻ** ഈ ഫഖീറിന് കുറച്ചു അവസരത്തിൽ മാത്രമെ ഇങ്ങനെ പെട്ടെന്ന് ഇൽഖാ ഉണ്ടായിട്ടുള്ളു. താങ്കളുടെ ആത്മാർഥതയുടെ ഫലമാണിതെന്ന് ഞാൻ മനസ്സിലാക്കുന്നു. മൗലവി അബ്ദുല്ലാഹ് ഗസ്നവിയെ കുറിച്ച് മറ്റൊരു സംഭവം താഴെ രേഖപ്പെടുത്തുകയാണ്. ഇതിൽനിന്ന് അദ്ദേഹത്തിന്റെ മാഹാത്മ്യം അറിയാൻ കഴിയുന്നു. സയ്യിദുനാ ഹദ്റത്ത് മസീഹ് മൗഊദ്(അ)പറയുന്നു:

'ഒരു മഹാത്മാവ് പരമമായദർജയിലുള്ള സ്വാലിഹ്, അദ്ദേഹം അല്ലാഹുവിന്റെ പൗരുഷമുള്ള ആളുകളിൽപ്പെട്ടയാളായിരുന്നു. ദൈവഭാഷണത്താലും വിഭൂഷിതനായിരുന്നു. നബി(സ) തിരുമേനിയുടെ സുന്നത്തിനെ പരിപൂർണമായും പിൻപറ്റുന്നയാളും തഖ്‌വായുടേയും പരിശുദ്ധിയുടേയും എല്ലാ നിലകളും സമ്മേളിച്ചിട്ടുള്ളയാളും ദർജകളെ പരിഗണിക്കുന്നയാളും മേച്ചിൽസ്ഥലമുള്ളയാളും അല്ലാഹു തന്നിലേക്ക് വലിച്ചടുപ്പിച്ചിട്ടുള്ള സത്യസന്ധന്മാരിലും സന്മാർഗികളിലുംപെട്ടയാളുമായിരുന്നു. അദ്ദേഹം സദാസമയവും ദൈവസ്മരണയിൽ മുഴുകുകയും മുങ്ങുകയും അതേ വഴിയിൽ സർവവും നഷ്ടപ്പെടുത്തപ്പെടുകയും ചെയ്തയാളുമായിരുന്നു. അദ്ദേഹത്തിന്റെ ഉന്നതമായ നാമം അബ്ദുല്ലാഹ് ഗസ്നവി എന്നായിരുന്നു. സവിശേഷതയോടുകൂടിയ ആ മഹാത്മാവിനെ ഒരു തവണ ഞാൻ സ്വപ്നത്തിൽ അദ്ദേഹത്തിന്റെ വഫാത്തിനുശേഷം കണ്ടു. പട്ടാളക്കാരന്റെ രീതിയിൽ വലിയ മഹത്വത്തോടും പ്രൗഢിയോടുംകൂടി വലിയ ഫയൽമാന്മാരെപോലെ ആയുധം ധരിച്ചിട്ടുള്ള അവസ്ഥയിൽ നില്ക്കുന്നു. അപ്പോൾ ഞാൻ ചില ഇൽഹാമുകൾ പറഞ്ഞുകൊണ്ട് അദ്ദേഹത്തോടു ചോദിച്ചു, ഞാൻ ഒരു സ്വപ്നം കണ്ടിരിക്കുന്നു. അതിന്റെ വ്യാഖ്യാനം പറഞ്ഞുതന്നാലും. ഞാൻ സ്വപ്നത്തിൽ കണ്ടു, ഒരു വാൾ എന്റെ കൈയിലുണ്ട്. അതിന്റെ പിടി എന്റെ കൈപ്പത്തിയിലും അതിന്റെ മുന ആകാശംവരെ എത്തിയുമിരിക്കുന്നു. ഞാനത് വലത്തോട്ടു ചുഴറ്റുമ്പോൾ ആയിരക്കണക്കിന് എതിരാളികൾ വധിക്കപ്പെടുന്നു. ഇടതു ഭാഗത്തേക്ക് വീശുമ്പോൾ അതുമുഖേന ആയിരക്കണക്കിന് ശത്രുക്കൾ കൊല്ലപ്പെടുന്നു. അപ്പോൾ പരേതനായ അബ്ദുല്ലാഹ് സാഹിബ്(റ) ആ സ്വപ്നം കേട്ട് വളരെ സന്തോഷിക്കുകയും പ്രസന്നതയുടേയും സന്തോഷത്തിന്റേയും മനഃസംതൃപ്തിയുടേയും ലക്ഷണങ്ങളും അധികാരങ്ങളും അദ്ദേഹത്തിന്റെ മുഖത്ത് തെളിഞ്ഞുവരികയും ചെയ്തു. പറഞ്ഞു: 'ഇതിന്റെ വ്യാഖ്യാനം ഇതാണ്; അല്ലാഹു താങ്കളെക്കൊണ്ടു വലിയ വലിയ ജോലികൾ ചെയ്യിക്കും. വലതുഭാഗത്ത് വാൾ ചുഴറ്റി എതിരാളികളെ കൊല്ലുന്നതായി കണ്ടതുകൊണ്ടുള്ള ഉദ്ദേശ്യം ഇത്മാമെ ഹുജ്ജത്ത് (ന്യായപൂർത്തി വരുത്തുന്ന ജോലിയാണ്)ആകുന്നു. അത് ആത്മീയമായ നിലയിൽ പ്രകാശങ്ങളും ബർക്കത്തുകളുംകൊണ്ട് നടക്കുന്നതായിരിക്കും. ഇടതുഭാഗത്ത് വാൾ വീശുമ്പോൾ ആയിരക്കണക്കിന് ശത്രുക്കൾ കൊല്ലപ്പെടുന്നതായി കണ്ടതിന്റെ ഉദ്ദേശ്യം താങ്കൾ മുഖേന ബുദ്ധിപരമായ നിലയിൽ അല്ലാഹു ആക്ഷേപങ്ങളുടേയും വിഘടിതവാദങ്ങളുടേയുംമേൽ വിജയം നല്കുമെന്നാകുന്നു. ലോകത്ത് രണ്ടുരീതിയിലും താങ്കൾ ന്യായപൂർത്തി വരുത്തുന്നതായിരിക്കും. പിന്നീട് അതിനുശേഷം അദ്ദേഹം പറഞ്ഞു: ഞാൻ ലോകത്തുണ്ടായിരുന്നപ്പോൾ അല്ലാഹു തീർച്ചയായും അത്തരമൊരാളെ നിയമിക്കുമെന്നുള്ള പ്രതീക്ഷയിലായിരുന്നു. പിന്നീട് അബ്ദുല്ലാഹ് സാഹിബ് മർഹൂം എന്നെ ഒരു വിശാലമായ വീട്ടിൽ കൊണ്ടുപോയി. അതിൽ മാർഗദർശികളുടേയും സമ്പൂർണമനുഷ്യരുടേയും ഒരു സംഘം ഇരിപ്പുണ്ടായിരുന്നു. പക്ഷേ, അവരെല്ലാവരും ആയുധധാരികളും പട്ടാളക്കാരുടെ രീതിയിലും പെട്ടെന്നുണ്ടാകാൻപോകുന്ന ഏതോ യുദ്ധപരമായ നടപടിക്ക് പോകാൻ കല്പന കാത്ത് ഉത്സാഹത്തോടെ പ്രതീക്ഷിച്ചിരിക്കുന്നവരായി തോന്നുന്നു. അതിനുശേഷം കണ്ണുതുറന്നു.*(ഇസാലയെ ഔഹാം, റൂഹാനീ ഖസാഇൻ വാള്യം 3, പേജ് 143, അടിക്കുറിപ്പ്)*

ഇവിടെ ഇനി പറയുന്നതും പാഴാകുകയില്ല; സയ്യിദുനാ ഹദ്റത്ത് ഖലീഫത്തുൽമസീഹ്

(ശേഷം പേജ് 11 ൽ)

## ഖുത്ബ ജുമുഅ

**നബി(സ)തിരുമേനി പറഞ്ഞു:ശഹാദത്തിന്റെ (കലിമ)പ്രകടിപ്പിക്കുന്നവരെ വധിക്കുന്നത് എനിക്ക് വിരോധിക്കപ്പെട്ടിരിക്കുന്നു.**

**നബി(സ)തിരുമേനിയുടെ ഉന്നതസ്ഥാനീയനായ ഖലീഫ റാശിദ്, ഫാറൂഖ് അഅ്ളം ഹദ്റത്ത് ഉമർ ബിൻ ഖത്ത്വാബ്(റ)ന്റെ സ്തുത്യർഹമായ ജീവിതത്തിന്റെ ചർച്ച.**

**ഹദ്റത്ത് ഉമർ(റ)ബദ്ർ, ഉഹുദ്,ഖൻദഖ് തുടങ്ങി എല്ലാ യുദ്ധങ്ങളിലും നബി(സ)തിരുമേനിയോടൊപ്പം പങ്കെടുത്തിരുന്നു.**

പരേതരായ 12 പേർ:നാഇബ് നാളിർ ഇശാഅത്ത് ഖാദിയാൻ ഖുറയ്ശീ മുഹമ്മദു ഫള്‌ലുല്ലാഹ് സാഹിബ്, മുബല്ലിഗ് സയ്യിദ് ബശീറുദ്ദീൻ അഹ്മദ് സാഹിബ് ഖാദിയാൻ, ബിശാറത്ത് അഹ്മദ് ഹയ്ദർ ഇബ്നു ഫയ്ള് അഹ്മദ് സാഹിബ് ശഹ്ന ഖാദിയാൻ, അഹ്മദിയ്യ ജമാഅത്തിന്റെ പിശാവർ ജില്ല അമീർ ഡോക്ടർ മുഹമ്മദു അലി ഖാൻ സാഹിബ്, റബ്‌വയിലെ മുഹമ്മദു റഫീഅ് ഖാൻ ശഹ്സാദ സാഹിബ്, ആസ്ത്രേലിയായിലെ അയാസ് യൂനുസ് സാഹിബ്, മിയാൻ ഖുർബാൻ ഹുസയ്ൻ സാഹിബിന്റെ മകൻ മിയാൻ ത്വാഹിർ അഹ്മദ് സാഹിബ്, യൂ.കെ യിലെ റഫീഖ് ആഫ്താബ് സാഹിബ്, യു.കെ.ജാമിഅ അഹ്മദിയ്യ ഉസ്താദ് മിർസാ നസ്വീർ അഹ്മദ് സാഹിബ് ഛട്ടി മസീഹിന്റെ ഭാര്യ സറീന അഖ്ത്തർ സാഹിബ, ഹാഫിള് മുഹമ്മദ് ഇക്റാം സാഹിബ്, ചൗദ്ദരീ നൂർ അഹ്മദ് നാസ്വിർ സാഹിബ്, ഹക്കീം ഉബയ്ദുല്ലാഹ് മിൻഹാസ് സാഹിബിന്റെ മകൻ മഹ്മൂദ് അഹ്മദ് മിൻഹാസ് സാഹിബ് എന്നിവരെക്കുറിച്ചുള്ള അനുസ്മരണവും ജനാസഗാഇബും.

**ഖുത്ബ ജുമുഅ 2021 മെയ് 21/1400 ഹിജ്റത്ത് 21,**
**മസ്ജിദ് മുബാറക് ഇസ്‌ലാമാബാദ്, ടിൽഫോർഡ്, (സർറെ)യു.കെ**

**ഖുത്ബ ജുമുഅ സയ്യിദുനാ അമീറുൽ മുഅ്മിനീൻ ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് അയ്യദഹുല്ലാഹുത്തആല ബിനസ്രിൽ അസീസ്**

أَشْهَدُ أَنْ لَا إِلٰهَ إِلَّا اللّٰهُ وَحْدَهُ لَا شَرِيكَ لَهُ وَأَشْهَدُ أَنَّ مُحَمَّدًا عَبْدُهُ وَرَسُولُهُ
أَمَّا بَعْدُ فَأَعُوذُ بِاللّٰهِ مِنَ الشَّيْطٰنِ الرَّجِيمِ ۞ بِسْمِ اللّٰهِ الرَّحْمٰنِ الرَّحِيمِ ۞
اَلْحَمْدُ لِلّٰهِ رَبِّ الْعٰلَمِينَ ۞ الرَّحْمٰنِ الرَّحِيمِ ۞ مٰلِكِ يَوْمِ الدِّينِ ۞ إِيَّاكَ نَعْبُدُ وَإِيَّاكَ نَسْتَعِينُ ۞
اِهْدِنَا الصِّرَاطَ الْمُسْتَقِيمَ ۞ صِرَاطَ الَّذِينَ أَنْعَمْتَ عَلَيْهِمْ غَيْرِ الْمَغْضُوبِ عَلَيْهِمْ وَلَا الضَّآلِّينَ ۞

ഹദ്റത്ത് ഉമർ(റ)നെക്കുറിച്ചുള്ള സ്മരണ നടന്നു വരികയായിരുന്നു. അവിടന്ന് പങ്കെടുത്ത യുദ്ധങ്ങളേയും സൈന്യ നീക്കളേയും സംബന്ധിച്ച് ഇന്ന് കുറച്ച് വിശദീകരിക്കുന്നതാണ്. ഹദ്റത്ത് ഉമർ(റ)ബദ്ർ, ഉഹുദ്, ഖൻദഖ് തുടങ്ങി എല്ലാ യുദ്ധങ്ങളിലും നബി(സ)തിരുമേനിയോടൊപ്പം പങ്കെടുത്തിരുന്നു. അതിനു പുറമെ ധാരാളം സൈന്യ നടപടികളിലും പങ്കെടുത്തിരുന്നു. അവയിൽ ചില സൈന്യ നീക്കങ്ങളുടെ അമീറും അവിടന്നായിരുന്നു. *(അത്ത്വബഖാത്തുൽ കുബ്റാ, വാള്യം 3, പേജ് 206, ദാറുൽകുതുബുൽ ഇൽമിയ്യ ബെയ്റൂത്ത് ലബ്നാൻ 2012)*

ബദ്ർ യുദ്ധത്തിന് പുറപ്പെടുന്ന നേരത്ത് സ്വഹാബത്തിന്റെ പക്കലുള്ള ഒട്ടകങ്ങളുടെ എണ്ണം 70 ആയിരുന്നു. അതുകൊണ്ട് ഓരോരോ ഒട്ടകവും മുമ്മൂന്ന് ആളുകൾക്കുവേണ്ടി നിശ്ചയിക്കേണ്ടി വന്നു. അവർ ഓരോരുത്തരും ഊഴം നിശ്ചയിച്ചായിരുന്നു യാത്ര ചെയ്തിരുന്നത്. ഹദ്റത്ത് അബൂബക്റും, ഹദ്റത്ത് ഉമറും ഹദ്റത്ത് അബ്ദുർ റഹ്മാൻ ബിൻ ഔഫും ഒരു ഒട്ടകത്തിന്മേൽ ഊഴമനുസരിച്ചാണ് യാത്ര ചെയ്തിരുന്നത്. *(അസ്സീറത്തുൽഹൽബിയ്യ ബാബു ദിക്റു മഗാസിയ, വാള്യം 2, പേജ് 204, ദാറുൽകുതുബുൽ ഇൽമിയ്യ, ബെയ്റുത്ത് 2002)*

ബദ്റിലേക്ക് നബി(സ)തിരുമേനി പുറപ്പെട്ടപ്പോൾ അതിനെക്കുറിച്ചുള്ള വിവരണത്തിൽ വരുന്നു, നബി(സ)തിരുമേനി അബൂസുഫിയാന്റെ യാത്രാസംഘത്തെ പ്രതിരോധിക്കാനായി മദീനയിൽനിന്ന് പുറപ്പെട്ടു. അവർ സിറിയയുടെ ഭാഗത്തുനിന്ന് വരികയായിരുന്നു. മുസ്‌ലിമീങ്ങളുടെ സംഘം മദീനയുടെ പ്രാന്തപ്രദേശത്തുള്ള സ്വഫ്റാഅ് താഴ്‌വാരത്തിനടുത്തുള്ള ഒരു മലയിടുക്കായ ദഫിറാനിലെത്തിയപ്പോൾ നബി(സ)തിരുമേനിക്ക് ഖുറയ്ശികൾ തങ്ങളുടെ യാത്രാ സംഘത്തെ രക്ഷിക്കാനായി പുറപ്പെട്ടിട്ടുണ്ടെന്ന് വാർത്ത ലഭിക്കുകയുണ്ടായി. നബി(സ) തിരുമേനി ഇതുസംബന്ധമായി സ്വഹാബത്തുമായി കൂടിയാലോചന നടത്തി. മക്കയിൽനിന്ന് ഒരു അതിദ്രുതസേന പുറപ്പെട്ടിട്ടുണ്ടെന്നും അതിനെക്കുറിച്ച് നിങ്ങൾക്ക് പറയാനുള്ളതെന്താണെന്നും അവിടന്ന് അവരോടു ചോദിച്ചു. സൈന്യത്തെക്കാൾ കച്ചവടസംഘത്തെയാണോ നിങ്ങൾ ക്ക് നേരിടാൻ താൽപര്യമെന്ന് അവിടന്ന് തിരക്കി. അപ്പോൾ അവരിൽ ഒരു വിഭാഗം പറഞ്ഞത് തങ്ങൾക്ക് സൈന്യത്തെക്കാൾ കച്ചവടസംഘത്തെ നേരിടാനാണ് ഇഷ്ടമെന്നായിരുന്നു. ഒരു നിവേദനത്തിൽ ഇപ്രകാരം വന്നിരിക്കുന്നു, ഒരു വിഭാഗമാളുകൾ നബി(സ)തിരുമേനിയോടു ഇപ്രകാരം പറഞ്ഞു: 'അങ്ങ് ഞങ്ങളോടു ശത്രുസൈന്യത്തെ കുറിച്ച് മുമ്പേ പറഞ്ഞിരുന്നെങ്കിൽ ഞങ്ങൾ യുദ്ധത്തിനുള്ള തയ്യാറെടുപ്പ് നടത്തുമായിരുന്നു. എന്നാൽ, ഞങ്ങളിപ്പോൾ കച്ചവടസംഘത്തെ പിന്തുടരാനാണ് ഇറങ്ങിയിട്ടുള്ളത്.' ഒരു നിവേദനത്തിൽ ഇപ്രകാരം വന്നിരിക്കുന്നു. അക്കൂട്ടർ പറഞ്ഞു: 'യാ റസൂലല്ലാഹ്! കച്ചവട സംഘത്തിന്റെ പിറകെ പോകുന്നതാണ് അങ്ങയ്ക്ക് അഭികാമ്യം. അങ്ങ് ശത്രുക്കളെ വിട്ടേക്കുക.' അതുകേട്ട് നബി(സ) തിരുമേനിയുടെ മുഖകമലം വിവർണമായി. ഹദ്റത്ത് അബൂഅയ്യൂബ്(റ) വിവരിക്കുന്നു; ഈ സംഭവത്തിന്റെ പശ്ചാത്തലത്തിലാണ് ഇങ്ങനെയൊരു ഖുർആനിക വചനം അവതരിക്കപ്പെട്ടത്.

كَمَا أَخْرَجَكَ رَبُّكَ مِنْ بَيْتِكَ بِالْحَقِّ وَإِنَّ فَرِيقًا مِّنَ الْمُؤْمِنِينَ لَكٰرِهُونَ (8:6)

സത്യവിശ്വാസികളിലൊരു വിഭാഗം വെറുത്തവരായിരിക്കെ നിന്റെ നാഥൻ നിന്നെ സ്വവസതിയിൽനിന്ന് പുറത്തുകൊണ്ടുവന്നതുപോലെ! അതിനുശേഷം ഹദ്റത്ത് അബൂബക്ർ(റ) എഴുന്നേറ്റുനിന്നു. വളരെ നല്ലൊരു പ്രഭാഷണം നടത്തി. അതുകഴിഞ്ഞ് ഹദ്റത്ത് ഉമർ(റ) എഴുന്നേറ്റുനിന്നുകൊണ്ട് മികച്ചൊരു പ്രസംഗം കാഴ്ചവച്ചു. അതുകഴിഞ്ഞ് എഴുന്നേറ്റത് ഹദ്റത്ത് മിഖ്ദാദ്(റ) ആയിരുന്നു. അദ്ദേഹം പറഞ്ഞു: യാ റസൂലല്ലാഹ്! അല്ലാഹു അങ്ങയോടു എന്താണോ കല്പിച്ചിട്ടുള്ളത് അക്കാര്യത്തിന് അങ്ങ് ഇറങ്ങിപ്പുറപ്പെടുക. ഞങ്ങൾ അങ്ങയോടൊപ്പമാണ്. ബനൂഇസ്റായീലുകാർ മൂസായോടു പറഞ്ഞതുപോലെ;

فَاذْهَبْ أَنْتَ وَرَبُّكَ فَقَاتِلَا إِنَّا هٰهُنَا قٰعِدُونَ (5:25)

നീയും നിന്റെ റബ്ബുംപോയി യുദ്ധം ചെയ്യുക ഞങ്ങൾ ഇവിടെ ഇരുന്നുകൊള്ളാം എന്നൊരിക്കലും ഞങ്ങൾ പറയുകയില്ല.' അദ്ദേഹം പറഞ്ഞു: 'ഞങ്ങൾ ജീവൻ അവശേഷിക്കുന്നതുവരെ അങ്ങയോടൊപ്പംനിന്ന് യുദ്ധം ചെയ്യുന്നതാണ്.' *(അസ്സീറത്തുൽഹൽബിയ്യ, വാള്യം 2, പേജ് 205-206, ബാബു ദിക്റു മഗാസിയ,പ്രസാധകർ ദാറുൽകുതുബുൽ ഇൽമിയ്യ, ബെയ്റുത്ത് 2002) (ഫർഹങ്കെ സീറത്ത് പേജ് 125)*

ഹദ്റത്ത് ഇബ്നു അബ്ബാസ്(റ) വിവരിക്കുന്നു: 'ബദ്ർ യുദ്ധവേളയിൽ ശത്രുപക്ഷത്തുള്ള തടവുകാരെ മുസ്‌ലിമീങ്ങൾ പിടികൂടിയപ്പോൾ നബി(സ)തിരുമേനി ഹദ്റത്ത് അബൂബക്ർ(റ) ഹദ്റത്ത് ഉമർ(റ)എന്നിവരോടു ഇവരെക്കുറിച്ച് നിങ്ങൾക്കെന്താണ് പറയാനുള്ളതെന്ന് തിരക്കി. ഹദ്റത്ത് അബൂബക്ർ(റ)പറഞ്ഞു: 'യാ റസൂലല്ലാഹ്!അവർ ഞങ്ങളുടെ പിതൃവ്യ പുത്രന്മാരും ബന്ധുക്കളുമാണ്. എന്റെ അഭിപ്രായത്തിൽ അങ്ങ് അവരിൽനിന്ന് ഫിദ്‌യ അഥവാ മോചനദ്രവ്യം വാങ്ങുക. അവിശ്വാസികളുടെ കാര്യത്തിൽ അങ്ങനെ ചെയ്താൽ നമുക്ക് കൂടുതൽ കരുത്താർജിക്കാൻ കഴിയും. അതുമുഖേന അല്ലാഹു അവരെ ഇസ്‌ലാമിലേക്ക് നയിക്കാനും സാധ്യതയുണ്ട്.' നബി(സ) തിരുമേനി അപ്പോൾ ചോദിച്ചു, 'അല്ലയോ ഖത്ത്വാബിന്റെ മക

നേ! താങ്കളുടെ അഭിപ്രായമെന്താണ്?' ഹദ്റത്ത് ഉമർ(റ)പറഞ്ഞു: 'അതുവേണ്ട. അല്ലാഹുവിന്റെ റസൂലേ! ഹദ്റത്ത് അബൂബക്റിന്റെ അഭിപ്രായമല്ല എനിക്കുള്ളത്. എന്റെ അഭിപ്രായത്തിൽ അവരെ എല്ലാവരേയും ഞങ്ങൾക്കു വിട്ടുതരിക. ഞങ്ങൾ അവരുടെ തലകൾ കൊയ്തിടുന്നതാണ്. അഖീലിനെ അലിക്ക് ഏല്പിച്ചുകൊടുക്കുക. അദ്ദേഹം അയാളെ വധിക്കുന്നതായിരിക്കും. ഇന്നയാളെ എനിക്കേല്പിച്ചുതരിക. അയാൾ എന്റെ ബന്ധുവാണ്. ഞാൻ അയാളെ വധിക്കുന്നതാണ്. കാരണം ഇവരെല്ലാം അവിശ്വാസികളുടെ നേതാക്കളും പ്രമാണിമാരുമാണ്.' അപ്പോൾ നബി(സ) തിരുമേനി ഹദ്റത്ത് അബൂബക്ർ(റ)ന്റെ അഭിപ്രായത്തിന് മുൻഗണന നല്കി. ഹദ്റത്ത് ഉമർ പറയുന്നു: 'നബി(സ)തിരുമേനി എന്റെ അഭിപ്രായത്തിന് മുൻഗണന നല്കിയില്ല. അടുത്ത ദിവസം ഞാൻ വന്നപ്പോൾ നബി(സ)തിരുമേനിയും ഹദ്റത്ത് അബൂബക്റും ഇരുന്നു കരയുകയായിരുന്നു. ഞാൻ ചോദിച്ചു, 'അങ്ങയേയും അങ്ങയുടെ സ്നേഹിതനേയും കരയിച്ചത് എന്തു കാര്യമാണ്? അതുകേട്ട് കരച്ചിൽ വരികയാണെങ്കിൽ ഞാനും കരയുന്നതായിരിക്കും. അല്ലെങ്കിൽ ഞാൻ നിങ്ങളെപ്പോലെ കരയുന്നതായി ഭാവിക്കുന്നതാണ്.' നബി(സ)തിരുമേനി പറഞ്ഞു:'ഞാൻ കരയാനുള്ള കാരണമിതാണ്, താങ്കളുടെ സുഹൃത്തുക്കൾ എന്നോടു യുദ്ധത്തടവുകാരിൽനിന്ന് ഫിദ്‌യ വാങ്ങാനുള്ള അഭിപ്രായം പറഞ്ഞിരുന്നു. എന്റെ മുമ്പിൽ അവരുടെ ശിക്ഷ അല്ലാഹുവിന്റെ റസൂലിന്റെ അടുത്തുള്ള മരത്തെക്കാൾ അടുത്ത് സമർപിക്കപ്പെട്ടു. അല്ലാഹു ഈ വചനം ഇറക്കി.

مَا كَانَ لِنَبِيٍّ اَنْ يَّكُوْنَ لَهٗۤ اَسْرٰى حَتّٰى يُثْخِنَ فِى الْاَرْضِ (8:68)

നാട്ടിൽ ശത്രുക്കളെ കീഴടക്കുന്നതുവരെ ഒരു നബിക്കും ബന്ധനസ്ഥരുണ്ടായിരിക്കുക എന്നത് ചേർന്നതല്ല. ഇതിനെ തുടർന്ന് രണ്ടു വചനത്തിനശേഷം പറഞ്ഞു: فَكُلُوْا مِمَّا غَنِمْتُمْ حَلٰلًا طَيِّبًا(8:70) അതുകൊണ്ട് യുദ്ധത്തിൽ ജയിച്ചടക്കിയ ധനത്തിൽനിന്ന് അനുവദനീയവും നല്ലതുമായത് ഭക്ഷിച്ചുകൊള്ളുക. അതിനാൽ അല്ലാഹു അവർക്ക് യുദ്ധമുതലുകൾ അനുവദനീയമാക്കി.' ഇത് സ്വഹീഹ് മുസ്‌ലിമിലുള്ള നിവേദനമാണ്. *(സ്വഹീഹ് മുസ്‌ലിം, കിതാബുൽജിഹാദ് വസ്സയ്ർ, ബാബു അൽഇംദാദി ബിൽമലാഇക്കത്തി, ഹദീഥ് 4588)*

ഈ ഹദീഥിന്റെ തുടക്കത്തിലുള്ള വാക്കുകൾ നബി(സ) തിരുമേനിയും ഹദ്റത്ത് അബൂബക്റും കരയുകയായിരുന്നു എന്നാണ്. അതിനെ തുടർന്ന് ഖുർആനിക വചനങ്ങളാണുള്ളത്. ആ വചനങ്ങളിലുള്ള പ്രതിപാദ്യ വിഷയം നോക്കുമ്പോൾ ഈ നിവേദനം അവ്യക്തമായി അനുഭവപ്പെടുന്നു. ഇതിലെന്താണ് ഉദ്ദേശിക്കുന്നതെന്ന കാര്യം സ്പഷ്ടമാകുന്നില്ല. എന്തായാലും ഈ നിവേദനത്തെ ശരിയാണെന്ന് അംഗീകരിച്ചുകൊണ്ട് പല ചരിത്രഗ്രന്ഥങ്ങളിലും ജീവചരിത്ര ഗ്രന്ഥങ്ങളിലും ഖുർആൻവ്യാഖ്യാനങ്ങളിലും ഉദ്ധരിച്ചിട്ടുണ്ട്. അല്ലാഹു ബദ്ർ യുദ്ധത്തിലെ തടവുകാരിൽനിന്ന് ഫിദ്‌യ വാങ്ങാനുള്ള തീരുമാനത്തിൽ അതൃപ്തി പ്രകടിപ്പിച്ചെന്നും ഹദ്റത്ത് ഉമറിന്റെ തീരുമാനത്തെ മുൻഗണിച്ചെന്നും അവയിൽ വന്നിരിക്കുന്നു. അതുപോലെ ഹദ്റത്ത് ഉമറിന്റെ ജീവചരിത്ര ആഖ്യായികകളിൽ അദ്ദേഹത്തിന്റെ ഏതൊക്കെ തീരുമാനങ്ങളെ പരിഗണിച്ചാണ് ഖുർആനിക വചനങ്ങൾ ഇറങ്ങിയിട്ടുള്ളത് എന്നതിനെ സംബന്ധിച്ച് വേറിട്ട് തന്നെ അധ്യായം കൊടുത്തിട്ടുണ്ട്. അതിൽ ഇതും രേഖപ്പെട്ടിട്ടുണ്ട്. അതായത് ബദ്ർ യുദ്ധ തടവുകാരെ കുറിച്ചുള്ള ഹദ്റത്ത് ഉമറിന്റെ അഭിപ്രായത്തെയാണ് അല്ലാഹു മുന്തിച്ചതെന്ന് അതിലെഴുതിയിട്ടുണ്ട്. എന്നാൽ, ഇക്കാര്യം സംശയാസ്പദമാണ്. കാര്യം വ്യക്തമാകുന്നില്ലെന്ന് ഞാൻ പറയുകയുണ്ടായി. ജീവചരിത്രകാരന്മാർക്കും ഖുർആൻഭാഷ്യകാരന്മാർക്കും ഇക്കാര്യം മനസ്സിലാക്കുന്നതിൽ അബദ്ധം പിണഞ്ഞിരിക്കുന്നു എന്നാണ് തോന്നുന്നത്. എന്തായാലും ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ) ഇതിനെക്കുറിച്ചെഴുതിയിട്ടുണ്ട്. അദ്ദേഹത്തിന്റെ തഫ്സീർ കുറിപ്പുകളിൽ ഇതുവരെ പ്രസിദ്ധീകൃതമാകാത്ത ഒരു കുറിപ്പ് ഇതു സംബന്ധമായി ലഭിച്ചിട്ടുണ്ട്. അതിൽ അദ്ദേഹം ഈ നിവേദനങ്ങളെ തള്ളിക്കളയുന്നുണ്ട്. ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ)ന്റെ ഈ വ്യാഖ്യാനമാണ് ശരിയെന്ന് മനസ്സിലാകുന്നു. അനാവശ്യമായി ഹദ്റത്ത് ഉമറിന്റെ സ്ഥാനത്തെ മഹത്ത്വവൽക്കരിക്കുന്നതിനു വേണ്ടി ഇങ്ങനെയൊരു നിവേദനം പടച്ചുണ്ടാക്കിയതാണെന്നാണ് തോന്നുന്നത്. അ ല്ലെങ്കിൽ ഇക്കാര്യത്തെ കുറിച്ച് അവർക്ക് ധാരണപ്പിശക് പറ്റിയതുമാകാം. ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ)സൂറ അൻഫാലിന്റെ 68-ാമത്തെ വചനത്തെ വ്യാഖ്യാനിച്ചുകൊണ്ട് ഇപ്രകാരം പറയുന്നു:'ഇസ്‌ലാമിന്റെ വരവിനുമുമ്പേ അറബികളിൽ ഒരു സമ്പ്രദായം നിലനിന്നിരുന്നു. ദുഃഖകരമെന്നു പറയട്ടെ ഇന്നും ലോകത്തിന്റെ ചില ഭാഗങ്ങളിൽ ഇതുതുടർന്നു വരുന്നുണ്ട്. യുദ്ധമില്ലാത്ത അവസ്ഥയിലും പരസ്പരം ആക്രമണമില്ലാത്തപ്പോഴും അവർ എതിരാളികളിൽനിന്ന് തടവുകാരെ പിടിക്കുകയും അവരെ അടിമകളാക്കി മാറ്റുകയും ചെയ്യുമായിരുന്നു. ഈ വചനത്തിൽ യഥാർഥത്തിൽ ഇത്തരമൊരു ദുഷിച്ച സമ്പ്രദായത്തെ വിലക്കിയിരിക്കുകയാണ്. അതുപോലെ യുദ്ധമുണ്ടായാൽ മാത്രമല്ല പോരാട്ടം അവസാനിച്ച ശേഷവും മാത്രമെ ശത്രുപക്ഷത്തുള്ളവരെ തടവുപുള്ളികളാക്കാൻ അനുവാദമുള്ളൂവെന്ന് ഇവിടെ അല്ലാഹു സുവ്യക്തമായ നിലയിൽ നിർദേശം വെക്കുകയും ചെയ്തിരിക്കുന്നു. യുദ്ധം നടക്കുന്നില്ലെങ്കിൽ ആരേയും തടവിലാക്കാൻ പാടുള്ളതല്ല. എന്നാൽ, ഈ ആയത്തിനെ ഇവർ ദുർവ്യാഖ്യാനം ചെയ്തിരിക്കുകയാണ്. പറയുന്നു: 'ബദ്ർയുദ്ധ വേളയിൽ മുസ്‌ലിമീങ്ങൾ മക്കവാസികളിൽ ചിലരെ തടവിലാക്കുകയുണ്ടായി. അതേ തുടർന്ന് നബി(സ) തിരുമേനി സ്വഹാബത്തിനോടു ഇവരെ എന്തു ചെയ്യണമെന്ന കാര്യത്തിൽ അഭിപ്രായം ആരാഞ്ഞു. ഹദ്റത്ത് ഉമറിന്റെ അഭിപ്രായം അവരെ വധിക്കണമെന്നായിരുന്നു. എന്നാൽ അവരിൽനിന്ന് ഫിദ്‌യ വാങ്ങി വിട്ടയക്കണമെന്നായിരുന്നു ഹദ്റത്ത് അബൂബക്റിന്റെ പക്ഷം. നബി(സ) തിരുമേനി ഹദ്റത്ത് അബൂബക്റിന്റെ അഭിപ്രായത്തെ ഇഷ്ടപ്പെട്ടു. ഇത് സൂറ അൻഫാലിലെ 68-ാമത്തെ വചനമാണ്. അതിലുള്ളത് ഒരു പ്രവാചകനും ഭൂമിയിൽ രക്തചൊരിച്ചിലോടുകൂടിയ യുദ്ധം നടത്താൻ അനുവാദമില്ലെന്നാണ്.

എന്തായാലും ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ)ഇതു വിശദീകരിച്ചുകൊണ്ട് പറയുന്നു: 'ബന്ദികളെ വെക്കാനുള്ള അനുവാദമില്ല. ഇക്കാര്യത്തിൽ നബി(സ)തിരുമേനി ഹദ്റത്ത് അബൂബക്റിനോടും ഹദ്റത്ത് ഉമറിനോടും കൂടിയാലോചന നടത്തിയപ്പോഴുണ്ടായ അഭിപ്രായങ്ങൾ തീർത്തും വ്യത്യസ്തമായിരുന്നു. നബി(സ)തിരുമേനി ഹദ്റത്ത് അബൂബക്റിന്റെ അഭിപ്രായത്തെയാണ് ഇഷ്ടപ്പെട്ടത്. എന്നിട്ട് ഫിദ്‌യ വാങ്ങി തടവുകാരെ മോചിപ്പിക്കുകയും ചെയ്തു. എന്നാൽ, (ഖുർആൻവ്യാഖ്യാതാക്കൾ)പറയുന്നത് ഈ ആയത്തിറങ്ങിയപ്പോൾ അല്ലാഹു നബി(സ)തിരുമേനിയുടെ ഈ പ്രവൃത്തിയെ ഇഷ്ടപ്പെട്ടില്ലെന്ന് തെളിഞ്ഞുവെന്നാണ്. ബന്ദികളെ വധിക്കുകയായിരുന്നു വേണ്ടിയിരുന്നതത്രെ! അല്ലാതെ ഫിദ്‌യ വാങ്ങരുതായിരുന്നു. ത്വബ്‌രിയുടെ ഖുർആൻ വ്യാഖ്യാനത്തിലാണ് ഇപ്രകാരം വന്നിട്ടുള്ളത്.'

ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ) എഴുതുന്നു: 'ഈ ഖുർആൻവ്യാഖ്യാനം തെറ്റാണ്. ഒന്നാമത്തെ കാര്യം അതുവരെ തടവുകാരിൽനിന്ന് ഫിദ്‌യ വാങ്ങി വിട്ടയക്കണമെന്ന ഒരു ദൈവകല്പനയും ഇറങ്ങിയിട്ടുണ്ടായിരുന്നില്ല. അതുകൊണ്ട് ഫിദ്‌യ വാങ്ങിയ കാര്യത്തിൽ നബി(സ)തിരുമേനി ഒരിക്കലും ആക്ഷേപാർഹനാകുകയില്ല. രണ്ടാമത്തെ കാര്യം ഇതിനുമുമ്പേയും നഖ്‌ല എന്ന സ്ഥലത്തുവെച്ച് നബി(സ)തിരുമേനി രണ്ടു വ്യക്തികളിൽനിന്ന് ഫിദ്‌യ വാങ്ങി അവരെ വെറുതെ വിട്ടിരുന്നു. എന്നാൽ, അല്ലാഹു നബി(സ)തിരുമേനിയുടെ ഈ പ്രവൃത്തിയെ അനിഷ്ടകരമായി കണ്ടിരുന്നില്ല. മൂന്നാമത്തെ കാര്യം ഈ ആയത്തിനു രണ്ടായത്തുകൾക്കു ശേഷം അല്ലാഹു ഇക്കാര്യം അനുവദനീയമാക്കുന്നുമുണ്ട്. അതായത് യുദ്ധമുതലിൽനിന്ന് നിങ്ങൾക്കിഷ്ടപ്പെട്ടത് നിങ്ങൾ ഭക്ഷിച്ചുകൊള്ളുക. അത് നിങ്ങൾക്ക് അനുവദനീയവും പരിശുദ്ധവുമാണ്. അതുകൊണ്ട് നബി(സ)തിരുമേനി ഇപ്രകാരം ഫിദ്‌യ വാങ്ങുന്നത് അല്ലാഹു ഇഷ്ടപ്പെട്ടില്ലെന്ന് ആർക്കും ഊഹിക്കാൻപോലും പറ്റുകയില്ല. അതുപോലെ ഇത്തരത്തിൽ നേടിയെടുക്കുന്ന മുതൽ അനുവദനീയവും പരിശുദ്ധവുമാകുകയില്ലെന്നും ആർക്കും ചിന്തിക്കാനാകുമായിരുന്നില്ല. അതുകൊണ്ടുതന്നെ ഈ വ്യാഖ്യാനം തെറ്റാണ്. പ്രത്യുത അതിന്റെ ശരിയായ തഫ്സീർ ഇപ്രകാരമാണ്:'അതായത് വ്യവസ്ഥാപിതമായ നിലയിൽ യുദ്ധം നടക്കുകയും ശക്തമായ ആക്രമണങ്ങളിലൂടെ ശത്രുക്കളെ പരാജിതരാക്കുകയും ചെയ്ത ശേഷമല്ലാതെ അവരെ തടവുകാരാക്കാൻ അനുവാദമില്ലെന്ന ഒരു പൊതു തത്ത്വമാണ് ഇവിടെ പ്രസ്താവിക്കപ്പെട്ടിട്ടുള്ളത്.'*(ദുറൂസ് ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ)(പ്രസിദ്ധീകരിക്കാത്തത്), സൂറത്തുൽ അൻഫാൽ, രജിസ്റ്റർ നമ്പർ 36, പേജ് 968 -969)*

മുഫസ്സിരീങ്ങളിൽ അല്ലാമ ഇമാം റാസിയും അതുപോലെ പ്രശസ്ത ജീവചരിത്രകാരനായ അല്ലാമ ശിബ്‌ലി നുഅ്മാനിയും ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ) നല്കിയ അതേ വ്യാഖ്യാനത്തോടാണ് യോജിക്കുന്നത്.*(തഫ്സീറെ കബീർ അല്ലാമ ഇമാം റാസി, വാല്യം 8, ഭാഗം 15, പേജ് 158, പ്രസാധകർ ദാറുൽകുതുബുൽ ഇൽമിയ്യ ബെയ്റുത്ത് 2004) (സീറത്തുന്നബി(സ), ശിബ്‌ലി നുഅ്മാനി, വാല്യം 1, പേജ് 194, ആർ ഇസഡ് പാക്കേജസ് ലാഹോർ 1408)*

ഹദ്റത്ത് മിർസാ ബശീർ അഹ്മദ്(റ) പറയുന്നു: മദീനയിലെത്തിയ ശേഷം നബി(സ)തിരുമേനി യുദ്ധത്തടവുകാരെ എന്തു ചെയ്യണമെന്ന കാര്യത്തിൽ അഭിപ്രായം ആരായുകയുണ്ടായി. അറേബ്യയിൽ അന്നു പൊതുവെ നിലവിലുണ്ടായിരുന്ന രീതി യുദ്ധത്തടവുകാരെ വധിക്കുകയോ അല്ലെങ്കിൽ സ്ഥിരമായ നിലയിൽ അടിമകളാക്കുകയോ ചെയ്യുക എന്നതായിരുന്നു. എന്നാൽ, ഇക്കാര്യം നബി(സ)തിരുമേനിയുടെ പ്രകൃതത്തിന് വളരെ അസഹ്യമായിരുന്നു. അതുവരെ ഇതു സംബന്ധിച്ച ഒരുവിധ ദൈവകല്പനയും ഇറങ്ങിയിട്ടുമുണ്ടായിരുന്നില്ല. തന്റെ അഭിപ്രായത്തിൽ ഇവരിൽനിന്ന് ഫിദ്‌യ വാങ്ങി വിട്ടയക്കുകയാണ് വേണ്ടതെന്ന് ഹദ്റത്ത് അബൂബക്ർ(റ) പറയുകയുണ്ടായി. കാരണം എന്തായാലും അവരെല്ലാവരും നമ്മുടെ ബന്ധുമിത്രാദികൾ തന്നെയാണ്. എന്തുകൊണ്ടെന്നാൽ നാളെ ഇസ്‌ലാമിനുവേണ്ടി സർവാർപണം നടത്തുന്ന ആളുകൾ ഇവരിൽനിന്ന് ഉണ്ടായിക്കൂടായികയില്ല. എന്നാൽ, ഹദ്റത്ത് ഉമർ(റ) ഇക്കാര്യത്തെ എതിർത്തുകൊണ്ട് പറഞ്ഞു:ദീനിന്റെ കാര്യത്തിൽ ബന്ധങ്ങളൊന്നും നോക്കാൻ പാടില്ല. ഇവരാണെങ്കിൽ തങ്ങളുടെ പ്രവൃത്തികൊണ്ട് വധശി

ക്ഷയ്ക്കർഹരായിട്ടുമുണ്ട്. അതുകൊണ്ട് എന്റെ അഭിപ്രായത്തിൽ ഇവരെ ഒന്നടങ്കം വധിച്ചു കളയണം. മാത്രമല്ല ഓരോ മുസ്‌ലിമും തന്റെ ബന്ധുവിനെ സ്വകരങ്ങളാൽ വധിക്കാൻ കല്പന യുണ്ടാകേണ്ടതാണ്. നബി(സ) തിരുമേനിയുടെ പ്രകൃതം കാരുണ്യമയമായിരുന്നതിനാൽ ഹദ്റത്ത് അബൂബക്റിന്റെ അഭിപ്രായവുമായി അവിടന്ന് മുന്നോട്ടുപോയി. നബി(സ)തിരുമേനി വധശിക്ഷ ഒഴിവാക്കിക്കൊണ്ടുള്ള തീരുമാനം കൈക്കൊണ്ടു. ഫിദ്‌യ നല്കുന്ന അന്യാരാധകരെ വിട്ടയക്കാൻ അങ്ങനെ വിധിയായി. പിന്നീട് അതിനെ പിന്തുണച്ചുകൊണ്ട് ദൈവകല്പനയുമുണ്ടായി. ഹദ്റത്ത് മുസ്‌ലിഹ് മൗഊദ് (റ)എഴുതിയപോലെ ഫിദ്‌യ വാങ്ങുന്ന കാര്യത്തിൽ ദൈവകല്പന ഉണ്ടായശേഷം ഈ ഹദീഥിനെ ആധാരമാക്കി നബി(സ)തിരുമേനിയും ഹദ്റത്ത് അബൂബക്കറും കരഞ്ഞതായി പറയുന്ന കാര്യം വളരെ വിചിത്രമാണ്. എന്തായാലും ഹദ്റത്ത് മിർസാ ബശീർ അഹ്‌മദ് സാഹിബ്(റ)എഴുതുന്നു: ഓരോ വ്യക്തിയുടേയും നിലവാരമനുസരിച്ച് ആയിരം മുതൽ നാലായിരം ദിർഹംവരെ തടവുകാർക്ക് ഫിദ്‌യ ആയി നിശ്ചയിക്കപ്പെട്ടു. അങ്ങനെ അതേ പ്രകാരം എല്ലാ തടവുകാരും മോചിതരുമായി.' *(സീറത്തു ഖാത്തമുന്നബിയ്യീൻ, ഹദ്റത്ത് മിർസാ ബശീർ അഹ്‌മദ്(റ) പേജ് 367-368)*

ഇനി ഹദ്റത്ത് ഉമറിന്റെ മകൾ ഹദ്റത്ത് ഹഫ്സ്വയെ നബി(സ)തിരുമേനി വിവാഹം കഴിച്ചതിനെക്കുറിച്ചുള്ള നിവേദനങ്ങൾ ഞാൻ വിവരിക്കുന്നതാണ്. ഹദ്റത്ത് ഹഫ്സ്വയുടെ ഭർത്താവ് ബദ്ർ യുദ്ധത്തിൽ പങ്കെടുത്തരുന്നു. യുദ്ധം കഴിഞ്ഞ് മടങ്ങവെ അദ്ദേഹം രോഗബാധിതനായി മരണപ്പെട്ടു. പിന്നീട് നബി(സ)തിരുമേനി അവരെ വിവാഹം ചെയ്തു. ഇതിന്റെ വിശദീകരണങ്ങൾ ബുഖാരിയിൽ ഇപ്രകാരം വന്നിട്ടുണ്ട്. ഹദ്റത്ത് അബ്ദുല്ലാഹ് ബിൻ ഉമറിൽനിന്ന് നിവേദനം. ഹദ്റത്ത് ഉമറിന്റെ മകളായ ഹദ്റത്ത് ഹഫ്സ്വയുടെ ഭർത്താവ് ഖുനയ്‌സ് ബിൻ ഹുദാഫ സഹ്‌മീ മരണപ്പെട്ടു. അദ്ദേഹം ബദ്ർ യുദ്ധത്തിൽ പങ്കെടുത്ത സ്വഹാബിമാരിൽ ഒരാളായിരുന്നു. മദീനയിലാണ് അദ്ദേഹം വഫാത്തായത്. ഹദ്റത്ത് ഉമർ(റ) പറയുന്നു, 'ഞാൻ ഹദ്റത്ത് ഉഥ്‌മാൻ ബിൻ അഫ്ഫാനെ ചെന്നുകണ്ടു, ഹഫ്സയെ കുറിച്ച് പറഞ്ഞു. താങ്കൾ ഈ ഇഷ്ടപ്പെടുകയാണെങ്കിൽ ഞാൻ ഹഫ്സ്വയെ താങ്കൾക്ക് വിവാഹം ചെയ്തു തരാം.' അപ്പോൾ അക്കാര്യത്തെ കുറിച്ച് ആലോചിച്ചു പറയാമെന്ന് ഹദ്റത്ത് ഉഥ്‌മാൻ ബിൻ അഫ്ഫാൻ(റ)പറഞ്ഞു. ഹദ്റത്ത് ഉമർ പറയുന്നു, ഞാൻ ഒരുപാടു ദിവസം മറുപടിക്കുവേണ്ടി കാത്തിരുന്നു. അതുകഴിഞ്ഞ് ഹദ്റത്ത് ഉഥ്‌മാൻ എന്നോടു പറഞ്ഞു:ഇപ്പോൾ ഞാൻ വിവാഹം കഴിക്കാതിരിക്കുകയാണ് ഉചിതമെന്ന് എനിക്കു തോന്നുന്നു. തുടർന്ന് ഹദ്റത്ത് ഉമർ(റ)ഹദ്റത്ത് അബൂബക്റിനെ പോയി കണ്ടു. 'താങ്കൾ ഈ ഇഷ്ടപ്പെടുകയാണെങ്കിൽ ഞാൻ ഹഫ്സ്വയെ താങ്കൾക്ക് വിവാഹം ചെയ്തു തരാമെന്ന് ഉമർ പറഞ്ഞു. ഹദ്റത്ത് അബൂബക്ർ മൗനം പാലിച്ചു. ഒന്നും പറഞ്ഞില്ല. ഉമർ പറയുന്നു: ഹദ്റത്ത് ഉഥ്‌മാനെക്കാൾ ഹദ്റത്ത് അബൂബക്റിന്റെ പ്രതികരണമാണ് എന്നെ ഏറെ വിഷമിപ്പിച്ചത്. അതായത് ഹദ്റത്ത് അബൂബക്ർ വിസമ്മതിച്ചത് എന്നെ കൂടുതൽ ദുഃഖത്തിലാഴ്ത്തി. കുറച്ചു ദിവസം കൂടി ഞാൻ കാത്തിരുന്നു. അപ്പോൾ നബി(സ) തിരുമേനി ഹദ്റത്ത് ഹഫ്സ്വയെ വിവാഹം ചെയ്യാൻ താനൊരുക്കമാണെന്ന് എനിക്ക് സന്ദേശമയച്ചു. അങ്ങനെ ഞാൻ ഹഫ്സ്വയെ നബി(സ)തിരുമേനിക്ക് വിവാഹം ചെയ്തുകൊടുത്തു. നിക്കാഹ് നടന്നതിനുശേഷം ഹദ്റത്ത് അബൂബക്ർ എന്നെ വന്നു കണ്ടു. എന്നിട്ടു പറഞ്ഞു, ഞാൻ അക്കാര്യം എതിർത്തപ്പോൾ താങ്കൾക്ക് നീരസമുണ്ടായെന്ന് എനിക്കു മനസ്സിലായി. അതായത് താങ്കൾ എന്റെയടുത്തുവന്ന് ഹഫ്സ്വയെ കുറിച്ചു പറഞ്ഞപ്പോൾ ഞാൻ മറുപടി തരാത്തതിൽ താങ്കൾക്ക് പരിഭവം തോന്നിയിരുന്നില്ലേ? അപ്പോൾ ഞാൻ പറഞ്ഞു: അതേ എനിക്കതിൽ വിഷമമുണ്ടായി. അതുകേട്ട് ഹദ്റത്ത് അബൂബക്ർ പറഞ്ഞു: താങ്കളെന്നോടു അന്വേഷിച്ച കാര്യത്തിന് എനിക്കു മറുപടി തരണമെന്നുണ്ടായിരുന്നു. എന്നാൽ, നബി(സ)തിരുമേനി രഹസ്യമാക്കി വെച്ചൊരു കാര്യം ഞാനായിട്ട് വെളിപ്പെടുത്തുന്നതിൽ എനിക്ക് താൽപര്യമുണ്ടായില്ല. അതായത് നബി(സ) തിരുമേനി ഹദ്റത്ത് ഹഫ്സ്വയെ നിക്കാഹ് ചെയ്യാൻ ആഗ്രഹം പ്രകടിപ്പിച്ച കാര്യം ഹദ്റത്ത് അബൂബക്റിന് അറിയാമായിരുന്നു. അതുകൊണ്ടാണ് പറഞ്ഞത് നബി(സ)തിരുമേനിയുടെ ഈ രഹസ്യം പുറത്തറിയിക്കാൻ ഞാൻ തയ്യാറായിരുന്നില്ല. എന്നാൽ, നബി(സ)തിരുമേനി ഈ ബന്ധം സ്വീകരിച്ചിരുന്നില്ലെങ്കിൽ ഞാൻ നിശ്ചയമായും സന്തോഷത്തോടെ ഈ വിവാഹത്തിന് സമ്മതം മൂളുമായിരുന്നു. *(സ്വഹീഹുൽബുഖാരി, കിതാബുൽമഗാസി, ഹദീഥ് നമ്പർ 4005)*

ഈ സംഭവം കൂടുതൽ വിശദീകരിച്ചുകൊണ്ട് ഹദ്റത്ത് മിർസാ ബശീർ അഹ്‌മദ് സാഹിബ്(റ) സീറത്തുഖാത്തമുന്നബിയ്യീനിൽ എഴുതുന്നു:ഹദ്റത്ത് ഉമർ ബിൻ ഖത്ത്വാബിന് ഒരു മകളുണ്ടായിരുന്നു.ഹഫ്സ്വ എന്നായിരുന്നു അവരുടെ പേര്. ഖുനയ്‌ൻ ബിൻ ഹുദാഫയുടെ ഭാര്യയായിരുന്നു. അദ്ദേഹം വളരെ ആത്മാർഥനായൊരു സ്വഹാബിയായിരുന്നു. ബദ്ർ യുദ്ധത്തിൽ പങ്കെടുത്ത വ്യക്തിയായിരുന്നു. ബദ്ർ യുദ്ധം കഴിഞ്ഞ് മദീനയിലെത്തിയപ്പോൾ അദ്ദേഹം രോഗബാധിതനായി. അങ്ങനെ വഫാത്താകുകയും ചെയ്തു. അതു കഴിഞ്ഞ് കുറച്ചുകഴിഞ്ഞപ്പോൾ ഹദ്റത്ത് ഉമർ(റ) അവരുടെ രണ്ടാം വിവാഹത്തെ കുറിച്ച് ചിന്തിക്കാൻ തുടങ്ങി. അപ്പോൾ ഹഫ്സ്വയുടെ പ്രായം ഇരുപതിലധികമായിരുന്നു. ഹദ്റത്ത് ഉമർ ഒരു ലളിതപ്രകൃതനായതുകൊണ്ട് നേരിട്ട് ഹദ്റത്ത് ഉഥ്‌മാനെ ചെന്നുകണ്ടു. എന്നിട്ട് പറഞ്ഞു, എന്റെ മകൾ ഹഫ്സ്വ വിധവയായിരക്കുന്നു. താങ്കൾ ഇഷ്ടപ്പെടുകയാണെങ്കിൽ അവളെ വിവാഹം ചെയ്തുകൊള്ളുക. എന്നാൽ, ഹദ്റത്ത് ഉഥ്‌മാൻ അക്കാര്യത്തിൽ ഒഴികഴിവു പറയുകയാണ് ചെയ്തത്. അതിനുശേഷം ഹദ്റത്ത് ഉമർ ഇക്കാര്യം ഹദ്റത്ത് അബൂബക്റിന്റെ മുമ്പിലും അവതരിപ്പിച്ചു. എന്നാൽ, ഹദ്റത്ത് അബൂബക്റും ഇക്കാര്യത്തിൽ മൗനംപാലിക്കുകയാണ് ചെയ്തത്. മറുപടി ഒന്നും പറഞ്ഞില്ല. അപ്പോൾ ഹദ്റത്ത് ഉമർ വളരെ ദുഃഖിതനായി. അദ്ദേഹം നബി(സ)തിരുമേനിയുടെ അടുത്തുപോകുകയും നടന്ന കാര്യങ്ങളെല്ലാം പറയുകയും ചെയ്തപ്പോൾ അവിടന്ന് പറഞ്ഞു: ഉമറേ! ഭയപ്പെടേണ്ടതില്ല. അല്ലാഹുവിന്റെ ഇംഗിതമുണ്ടെങ്കിൽ ഹദ്റത്ത് ഹഫ്സ്വയ്ക്ക് അബൂബക്റിനെക്കാളും ഉഥ്‌മാനെക്കാളും ഉത്തമനായ ഭർത്താവിനെ ലഭിക്കുന്നതാണ്. ഇക്കാര്യം നബി(സ)തിരുമേനി പറയാൻ കാരണം ഇതായിരുന്നു. നബി(സ) തിരുമേനി ഹഫ്സ്വയെ വിവാഹം ചെയ്യാനും തന്റെ മകൾ ഉമ്മുകുൽഥൂമിനെ ഹദ്റത്ത് ഉഥ്‌മാനെക്കൊണ്ട് വിവാഹം ചെയ്യിക്കാനും തീരുമാനിച്ചിട്ടുണ്ടായിരുന്നു. അക്കാര്യം ഹദ്റത്ത് അബൂബക്കറിനും ഹദ്റത്ത് ഉഥ്‌മാനും അറിയാമായിരുന്നു. അതിലാണ് ഹദ്റത്ത് ഉമറിന്റെ വിവാഹാഭ്യർഥനയെ അവർ നിരസിച്ചത്. അധികം താമസിയാതെ നബി(സ)തിരുമേനി ഹദ്റത്ത് ഉഥ്‌മാനെക്കൊണ്ട് ഹദ്റത്ത് ഉമ്മുകുൽഥൂമിനെ വിവാഹം കഴിപ്പിച്ചു. സ്വയം ഹദ്റത്ത് ഹഫ്സ്വയെ വിവാഹം കഴിക്കാനാഗ്രഹിക്കുന്ന കാര്യം ഹദ്റത്ത് ഉമറിനെ അറിയിക്കുകയും ചെയ്തു. ഹദ്റത്ത് ഉമറിന് അതിൽപരം എന്താണ് വേണ്ടത്. അദ്ദേഹം അതീവ സന്തോഷത്തോടെ ആ ബന്ധം സ്വീകരിച്ചു. അങ്ങനെ ഹിജ്റ 3 ന് ശഅ്ബാൻ മാസത്തിൽ ഹദ്റത്ത് ഹഫ്സ്വയുമായി നബി(സ)തിരുമേനിയുടെ വിവാഹം നടക്കുകയും അവർ നബിപത്നിമാരിൽ ഉൾപ്പെടുകയും ചെയ്തു. ഈ വിവാഹം നടന്നതിനുശേഷം ഹദ്റത്ത് അബൂബക്ർ(റ), ഉമറിന്റെ അടുത്തുവന്ന് പറഞ്ഞു: താങ്കൾക്ക് എന്നോടു പരിഭവമുണ്ടായേക്കാമെന്ന് കരുതിയാണ് ഞാൻ വന്നത്. നബി(സ)തിരുമേനി ഇങ്ങനെ ആഗ്രഹിച്ചിരുന്നതിനെക്കുറിച്ച് എനിക്കറിയാമായിരുന്നു. എന്നാൽ അവിടത്തെ അനുവാദമില്ലാതെ ആ രഹസ്യം എനിക്കു വെളിപ്പെടുത്താൻ സാധിക്കുമായിരുന്നില്ല. നബി(സ) തിരുമേനിക്ക് അങ്ങനെയൊരു ആഗ്രഹമില്ലായിരുന്നെങ്കിൽ തീർച്ചയായും ഹദ്റത്ത് ഹഫ്സ്വയെ വിവാഹം കഴിക്കാൻ ഞാൻ തയ്യാറാകുമായിരുന്നു.

ഹദ്റത്ത് ഹഫ്സ്വയുടെ നിക്കാഹിൽ ഇങ്ങനെയൊരു പ്രത്യേക ഗുണമുണ്ടായിരുന്നു. ഒന്നാമത്തേത് ഹദ്റത്ത് ഉമറിന്റെ മകളായിരുന്നു അവർ എന്നതാണ്. ഹദ്റത്ത് അബൂബക്ർ കഴിഞ്ഞാൽ സ്വഹാബാക്കളിൽ ഏറ്റവും ശ്രേഷ്ഠനും നബി(സ)തിരുമേനിയുമായി ഏറ്റവും അടുപ്പമുള്ളയാളുമായി ഹദ്റത്ത് ഉമർ ഗണിക്കപ്പെട്ടിരുന്നതിനാൽ ഈ വിവാഹംബന്ധം കൂടുതൽ സുദൃഢമാണ്. ഖുനയ്‌ൻ ബിൻ ഹുദാഫയുടെ അകാല മരണത്തെ തുടർന്ന് ഹദ്റത്ത് ഉമറിനും ഹദ്റത്ത് ഹഫ്സ്വയ്ക്കുമുണ്ടായ ആഘാതത്തിൽനിന്ന് മോചനം നല്കാനും ഹദ്റത്ത് ഹഫ്സ്വയെ സ്വയം വിവാഹം ചെയ്യാമെന്ന് നബി(സ)തിരുമേനി തീരുമാനിക്കുകയായിരുന്നു. രണ്ടാമത്തെ ഗുണം ഇതായിരുന്നു. നബി(സ)തിരുമേനിക്ക് എത്രയധികം ഭാര്യമാരുണ്ടാകുമോ അത്രയധികം സ്ത്രീകളുടെ ശിക്ഷണ കാര്യം ഭംഗിയായി നിറവേറ്റാനും കഴിയും. സ്ത്രീകൾ മാനവരാശിയുടെ പകുതി ഭാഗമാണ്. ചില കാര്യങ്ങളിൽ അവർ ഉത്തമമായ പകുതി തന്നെയാണ്. അതുകൊണ്ട് മതപ്രചാരണവും മതാധ്യാപനവും വിപുലമായ നിലയിലും അനായാസമായും ഭംഗിയായും നടത്താൻ കഴിയും.' *(സീറത്തു ഖാത്തമുന്നബിയ്യീൻ, ഹദ്റത്ത് മിർസാ ബശീർ അഹ്‌മദ്(റ) പേജ് 477-478)*

ഹദ്റത്ത് ഉമറിനെ ഉദ്ധരിച്ച് ഉഹുദ് യുദ്ധത്തെ കുറിച്ച് എഴുതിയിരിക്കുന്നു: ഉഹുദു യുദ്ധവേളയിൽ ഹദ്റത്ത് ഖാലിദ് ബിൻ വലീദ് മുസ്‌ലിമീങ്ങളുടെമേൽ നടത്തിയ മിന്നൽ ആക്രമണം മുസ്‌ലിമീങ്ങൾക്ക് പെട്ടെന്ന് ചെറുത്തു നിൽക്കാനായില്ല. അതിന്റെ വിശദാംശങ്ങൾ ഹദ്റത്ത് മിർസാ ബശീർ അഹ്‌മദ് സാഹിബ്(റ) സീറത്തുഖാത്തമുന്നബിയ്യീനിൽ ഇപ്രകാരം എഴുതിയിരിക്കുന്നു: ഖുറയ്ശികളുടെ സൈന്യം ഏതാണ്ട് നാലു ഭാഗത്തുനിന്നും മുസ്‌ലിമീങ്ങളെ വലയം ചെയ്തു കഴിഞ്ഞിരുന്നു. മേൽക്കുമേലുള്ള നിരന്തര ആക്രമണങ്ങളാൽ മുസ്‌ലിമീങ്ങളെ അവർ അനുനിമിഷം സമ്മർദ്ദത്തിലാക്കിയിരുന്നു. കുറച്ചു സമയം കഴിഞ്ഞാൽ മുസ്‌ലിമീങ്ങൾ ഒരു പക്ഷേ, അതിനേയും മറി കടക്കുമായിരുന്നു. എന്നാൽ അപ്പോൾ മറ്റൊരു ഭയാനക സംഭവമുണ്ടായി. ഖുറയ്ശികളുടെ ഒരു യോദ്ധാവായ അബ്ദുല്ലാഹ് ബിൻ ഖമിയ്യ മുസ്‌ലിമീങ്ങളുടെ ധ്വജവാഹകനായ മുസ്അബ് ബിൻ ഉമയ്റിന്റെ മേൽ ആക്രമണം നടത്തി. അദ്ദേഹം ഇസ്‌ലാമിന്റെ കൊടി പിടിച്ചിരിക്കുകയായിരുന്നു. ഒറ്റ വെട്ടിന് അയാൾ അദ്ദേഹത്തിന്റെ വലതുകരം ഛേദിച്ചു കളഞ്ഞു. മുസ്അബ് മറ്റേകൈയിൽ

കൊടിയുമേന്തി അയാളെ നേരിടാൻ മുന്നോട്ടു കുതിച്ചു. എന്നാൽ, അയാളുടെ രണ്ടാമത്തെ വെട്ടിന് അദ്ദേഹത്തിന്റെ രണ്ടാമത്തെ കൈയും അറ്റുവീണു. അപ്പോൾ മുസ്അബ് തന്റെ രണ്ടു മുറിക്ഷണം കൈകൾകൊണ്ട് കൊടി തന്റെ നെഞ്ചോടു ചേർത്തുപിടിച്ചു. അപ്പോൾ ഇബ്നു ഖമിയ്യ മൂന്നാമതും വെട്ടി. അതോടെ അദ്ദേഹം ശഹാദായി നിലത്തുവീണു. പെട്ടെന്നുതന്നെ ഒരു മുസ്‌ലിം യോദ്ധാവ് മുന്നോട്ടുവന്ന് പതാക കൈയിലേന്തിയെങ്കിലും മുസ്അബിന്റെ രൂപം നബി(സ)തിരുമേനിയോടു ഏറ്റവും സാദൃശ്യമുള്ളതായതിനാൽ ഇബ്നു ഖമിയ്യ മനസ്സിലാക്കിയത് താൻ മുഹമ്മദിനെ വധിച്ചിരിക്കുന്നുവെന്നാണ്. അല്ലെങ്കിൽ അയാൾ മുസ്‌ലിമീങ്ങളെ വഞ്ചിക്കാനും ഉപദ്രവിക്കാനും ഇത്തരം ഒരു അടവ് പ്രയോഗിച്ചതുമാകാം. എന്തായാലും മുസ്അബ് ശഹീദായി വീണപ്പോൾ താൻ മുഹമ്മദിനെ വധിച്ചിരിക്കുന്നുവെന്ന് അലറി പറയാൻ തുടങ്ങി. ആ വാർത്ത കേട്ട് മുസ്‌ലിമീങ്ങളുടെ ഉള്ള തന്റേടവും ചോർന്നുപോകാൻ തുടങ്ങി. അവരുടെ സൈന്യബലം ചിന്നിച്ചിതറി. പല സ്വഹാബിമാരും ദുഖം സഹിക്കവയ്യാതെ യുദ്ധ മൈതാനം വിട്ടോടി. ആ നേരത്ത് മുസ്‌ലിമീങ്ങൾ മൂന്നുഭാഗമായി പിരിഞ്ഞിരുന്നു. ഒരു വിഭാഗം നബി(സ)തിരുമേനി ശഹീദായ വിവരം കേട്ട് മൈതാനും വിട്ടോടിയവരായിരുന്നു. എന്നാൽ, ഇവർ മറ്റുള്ളവരെ അപേക്ഷിച്ച് എണ്ണത്തിൽ വളരെ കുറവായിരുന്നു. അവരെക്കുറിച്ച് വിശുദ്ധ ഖുർആനിൽ വന്നിട്ടുള്ളത് ആ സമയത്തുണ്ടായ പ്രത്യേകമായ സാഹചര്യവും അവരുടെ ഹൃദയത്തിലുള്ള വിശ്വാസവും ആത്മാർഥതയും പരിഗണിച്ച് അല്ലാഹു അവർക്ക് പൊറുത്തുകൊടുത്തുവെന്നാണ്. രണ്ടാമത്തെ വിഭാഗക്കാർ ഓടിപ്പോയില്ലെങ്കിലും നബി(സ) തിരുമേനിയുടെ ശഹാദത്തിനെക്കുറിച്ച് കേട്ടപ്പോൾ ധൈര്യക്ഷയം വന്നവരോ അല്ലെങ്കിൽ ഇനി യുദ്ധം തുടരുന്നത് വ്യർഥമാണെന്ന് കരുതിയവരോ ആയിരുന്നു. അതുകൊണ്ട് അവർ യുദ്ധ മൈതാനത്തിന്റെ ഒരു വശത്തേക്കുമാറി തലകുനിച്ച് ഇരിക്കുന്നവരായിരുന്നു. മൂന്നാമത്തെ വിഭാഗം തുടർച്ചയായി യുദ്ധം ചെയ്യുന്നവരായിരുന്നു. അവരിൽ ചിലർ നബി(സ)തിരുമേനിയുടെ ചുറ്റും കൂടിയിരുന്നവരും അസാധാരണമായ നിലയിൽ ജീവാർപ്പണം ചെയ്തുകൊണ്ട് തങ്ങളുടെ കഴിവ് പ്രകടിപ്പിക്കുന്നവരുമായിരുന്നു. അവരിൽ ഭൂരിഭാഗവും യുദ്ധമൈതാനത്ത് വിന്യസിച്ചുകൊണ്ട് പടവെട്ടുകയായിരുന്നു. ഈ മൂന്നാം വിഭാഗവും അതുപോലെ രണ്ടാം വിഭാഗവും നബി(സ)തിരുമേനി ജീവിച്ചിരിക്കുന്നുവെന്ന വാർത്ത ലഭിക്കുന്നതനുസരിച്ച് ഉന്മാദികളെപ്പോലെ പോരാടുകയും നബി(സ)തിരുമേനിയുടെ ചുറ്റും തടിച്ചുകൂടിക്കൊണ്ടിരിക്കുകയും ചെയ്തു.

എന്തായാലും ആ നേരത്ത് ഘോരയുദ്ധമാണ് നടന്നുകൊണ്ടിരുന്നത്. അതു മുസ്‌ലിമീങ്ങളെ സംബന്ധിച്ചിടത്തോളം ഒരു വലിയ വിപത്തിന്റേയും പരീക്ഷണത്തിന്റേയും സന്ദർഭമായിരുന്നു. ഞാൻ പറഞ്ഞതുപോലെ നബി (സ) തിരുമേനിയുടെ ശഹാദത്തിന്റെ വാർത്ത കേട്ട് ഒരുപാട് സ്വഹാബക്കൾ ധൈര്യം നഷ്ടപ്പെട്ട് തങ്ങളുടെ ആയുധങ്ങൾ വലിച്ചെറിഞ്ഞ് മൈതാനത്തിന്റെ ഒരു മൂലയിൽ പോയി ഇരുന്നിരുന്നു. ഹദ്റത്ത് ഉമറും അവരിലുണ്ടായിരുന്നു. അദ്ദേഹവും ഹതാശനായി ഒരു ഭാഗത്ത് ചെന്നിരുന്നു. അങ്ങനെ അവരെല്ലാവരും യുദ്ധമൈതാനത്തുനിന്ന് വിട്ട് ഒരു മൂലയിൽ ഇരിക്കുന്ന നേരത്ത് അനസ് ബിൻ നള്ർ അൻസ്വാരി അങ്ങോട്ടുവന്നു. അവരെ കണ്ടുകൊണ്ട് നിങ്ങളിവിടെ ഇരുന്ന് എന്തെടുക്കുകയാണെന്ന് അദ്ദേഹം ചോദിച്ചു. നബി(സ)തിരുമേനി ശഹീദായിരിക്കുന്നുവെന്ന് അവർ പറഞ്ഞു. ഇനി യുദ്ധം ചെയ്തിട്ടെന്തു കാര്യം? അനസ് പറഞ്ഞു:'ഇതാണ് ശരിക്കും പോരാട്ടത്തിനുള്ള സമയം. അപ്പോഴെ നബി(സ)വരിച്ച ശഹാദത്ത് നമുക്കും വരിക്കാൻ കഴിയുകയുള്ളു. നബി(സ) തിരുമേനി വേർപെട്ടതിനുശേഷം ജീവിക്കുന്നതിൽ എന്തു അർഥമാണുള്ളത്?' പിന്നീട് അവിടെ സഅ്ദ് ബിൻ മുആദ് വന്നു. ഹദ്റത്ത് അനസ് അദ്ദേഹത്തോടു പറഞ്ഞു: 'സഅ്ദേ! എനിക്ക് ആ മലയിടുക്കിൽനിന്ന് സ്വർഗത്തിന്റെ സുഗന്ധം വരുന്നു. അതും പറഞ്ഞ് അദ്ദേഹം ശത്രുനിരയിലേക്ക് നുഴഞ്ഞുകയറി പോരാടി ശഹാദത്ത് വരിച്ചു. യുദ്ധശേഷം എന്താണ് കാണുന്നത്? അദ്ദേഹത്തിന്റെ ശരീരത്തിൽ 80ലധികം മുറിവുണ്ടായിരുന്നു. മൃതദേഹം ആരുടേതാണെന്ന് തിരിച്ചറിയാൻ സാധിച്ചില്ല. അവസാനം അദ്ദേഹത്തിന്റെ സഹോദരി വിരൽനോക്കിയാണ് അനസ്സിനെ തിരിച്ചറിഞ്ഞത്. *(സീറത്തു ഖാത്തമുന്നബിയ്യീൻ, ഹദ്റത്ത് മിർസാ ബശീർ അഹ്മദ്(റ) പേജ് 493-495)*

ഉഹുദിന്റെ നേരത്ത് നബി(സ)തിരുമേനി അല്പം ചില സ്വഹാബാക്കളുമൊത്ത് മലയിടുക്കിലെത്തിയപ്പോൾ സത്യനിഷേധികളുടെ സംഘം ആ മലയിടുക്കിൽ ആക്രമണം നടത്തി. അവരിൽ ഖാലിദ് ബിൻ വലീദുമുണ്ടായിരുന്നു. നബി(സ)തിരുമേനി അപ്പോൾ ഇങ്ങനെ ദുആ ചെയ്തു: اَللّٰهُمَّ اِنَّهُ لَا يَنْبَغِيْ لَهُمْ اَنْ يَّعْلُوْنَا(അല്ലാഹുവേ! ഇവരെ ഞങ്ങളുടെ അടുത്തേക്ക് വരാൻ അനുവദിക്കരുതേ!) അപ്പോൾ ഹദ്റത്ത് ഉമർ ബിൻ ഖത്ത്വാബ് ഏതാനും മുഹാജിരീങ്ങളുമൊത്ത് ആ അന്യാരാധകരെ നേരിട്ടു. അവരെ അവിടെ നിന്ന് ഓടിച്ചു.*(സീറത്ത് ഇബ്നുഹിശാം, പേജ് 537,ദാറുൽകുതുബുൽ ഇൽമിയ്യ, ബെയ്റുത്ത് ലബ്നാൻ 2001)*

ഹദ്റത്ത് മിർസാ ബശീർ അഹ്മദ് സാഹിബ് പറയുന്നു: 'മുസ്‌ലിമീങ്ങൾ ഒത്തുകൂടിയിരുന്ന മലയിടുക്കിന്നടുത്ത് അബൂ സുഫിയാൻ തന്റെ കൂട്ടാളികളോടൊപ്പം എത്തി. അവിടെ അടുത്തുനിന്നുകൊണ്ട് ഇപ്രകാരം വിളിച്ചു ചോദിച്ചു: 'മുസ്‌ലിമീങ്ങളേ! നിങ്ങളുടെ കൂട്ടത്തിൽ മുഹമ്മദ് ജീവിച്ചിരിപ്പുണ്ടോ?' അതിനു മറുപടി നല്കേണ്ടെന്ന് നബി(സ)തിരുമേനി സ്വഹാബത്തിനോടു പറഞ്ഞു. അപ്പോൾ സ്വഹാബത്ത് മൗനം പാലിച്ചു. തുടർന്ന് ഹദ്റത്ത് അബൂബക്റിനേയും ഹദ്റത്ത് ഉമറിനേയും സംബന്ധിച്ച് ചോദ്യമുണ്ടായി. അപ്പോഴും നബി(സ) തിരുമേനിയുടെ നിർദേശ പ്രകാരം സ്വഹാബ മൗനം പാലിച്ചു. അപ്പോൾ അയാൾ വലിയ അഹങ്കാരത്തോടെ അത്യുച്ചത്തിൽ ഇങ്ങനെ വിളിച്ചു പറഞ്ഞു:ഇവരെല്ലാവരും മരണപ്പെട്ടിരിക്കുന്നു. കാരണം ഇവർ ജീവിച്ചിരിപ്പുണ്ടെങ്കിൽ മറുപടി തന്നേനെ! അപ്പോൾ ഹദ്റത്ത് ഉമറിന് മിണ്ടാതിരിക്കാനായില്ല. അദ്ദേഹം അനിയന്ത്രിതമായി ഇപ്രകാരം വിളിച്ചു പറഞ്ഞു: 'അല്ലാഹുവിന്റെ ശത്രു! നീ കളവാണ് പറയുന്നത്. ഞങ്ങളെല്ലാവരും ജിവിച്ചിരിപ്പുണ്ട്. ഞങ്ങളുടെ കൈകൾക്കൊണ്ട് അല്ലാഹു നിങ്ങളെ നിന്ദ്യരാക്കുന്നതാണ്. അബൂസുഫിയാൻ ശബ്ദം കേട്ടപ്പോൾ ഹദ്റത്ത് ഉമറിനെ തിരിച്ചറിഞ്ഞു. അയാൾ ചോദിച്ചു: സത്യം പറയണം. മുഹമ്മദ് ജീവിച്ചിരിക്കുന്നുണ്ടോ?അപ്പോൾ ഹദ്റത്ത് ഉമർ പറഞ്ഞു: ഉണ്ട്. ഉണ്ട്. ദൈവാനുഗ്രഹത്താൽ അദ്ദേഹം ജീവിച്ചിരിപ്പുണ്ട്. നി ങ്ങൾ പറുന്നതെല്ലാം കേൾക്കുന്നുമുണ്ട്.' അപ്പോൾ ശബ്ദമൊന്നു താഴ്ത്തിക്കൊണ്ടു പറഞ്ഞു: അങ്ങനെയാണെങ്കിൽ ഇബ്നു ഖമിയ്യ പറഞ്ഞത് കളവാണ്. കാരണം ഞാൻ നിന്നെയാണ് അവനെക്കാൾ കൂടുതൽ സത്യവാനായി കരുതുന്നത്. പിന്നീട് അബൂസുഫിയാൻ അത്യുച്ചത്തിൽ ഇപ്രകാരം വിളിച്ചു പറഞ്ഞു: ഉഅ്‌ലു ഹുബൽ ഹുബലേ! നിന്റെ മഹത്വം അത്യുന്നതമാകട്ടെ. നബി(സ) തിരുമേനിയുടെ നിർദേശം കേട്ട് സ്വഹാബ മൗനം പാലിച്ചിരിക്കുകയായിരുന്നു. എന്നാൽ, തന്റെ പേരുകേട്ടപ്പോൾ മൗനം പാലിക്കാൻ കല്പിച്ച് നബി(സ)തിരുമേനി അല്ലാഹുവിനെതിരിൽ ഒരു ബിംബത്തിന്റെ പേര് വിളിച്ചു പറയുന്നതുകേട്ട് കുപിതനായി. നിങ്ങളെന്തുകൊണ്ട് മറുപടി നല്കുന്നില്ലെന്ന് സ്വഹാബത്തിനോടു ചോദിച്ചു. തങ്ങളെന്ത് മറുപടിയാണ് നല്കേണ്ടതെന്ന് അവർ ചോദിച്ചു. അപ്പോൾ നബി(സ)തിരുമേനി പറഞ്ഞു: 'പറയുക! അല്ലാഹു അഅ്‌ലാ വ അജൽ മാഹാത്മ്യവും ആദരവും അല്ലാഹുവിനു മാത്രമാണുള്ളത്. അബൂ സുഫിയാൻ അതു കേട്ടപ്പോൾ പറഞ്ഞു: **ലനൽ ഉസ്സാ വലാ ഉസ്സാ ലക്കും**. ഞങ്ങൾക്ക് ഉസ്സയുണ്ട്. നിങ്ങളോടൊപ്പം ഉസ്സയില്ല. നബി(സ) തിരുമേനി സ്വഹാബത്തിനോടു പറഞ്ഞു: പറയുക! **അല്ലാഹു മൗലാനാ വലാ മൗലാ ലക്കും** നിങ്ങളുടെ ഉസ്സ എന്തു വസ്തുവാണ്. ഞങ്ങളോടൊപ്പം ഞങ്ങളുടെ സഹായിയുണ്ട്. നിങ്ങളോടൊപ്പം ഒരു സഹായിയുമില്ല. അതിനുശേഷം അബൂസുഫിയാൻ പറഞ്ഞു: 'യുദ്ധം ഒരു തൊട്ടി പോലെയാണ് ചിലപ്പോൾ അത് കയറുന്നു ചലിപ്പോൾ അത് വീഴുന്നു. അതിനാൽ ഈ ദിവസം ബദ്റിന്റെ ദിനത്തിന് പകരമായി മനസ്സിലാക്കിക്കൊള്ളുക. നിങ്ങൾക്കിന്ന് യുദ്ധഭൂമിയിൽ മുഖം വികൃതമാക്കിയ നിലയിലുള്ള ജഡങ്ങൾ കാണാൻ കഴിയും. ഞാൻ അങ്ങനെ ചെയ്യാൻ കല്പിച്ചിരുന്നില്ല. എന്നാൽ ഇക്കാര്യം ഞാൻ അറിയാൻ ഇട വന്നപ്പോൾ എന്റെ സുഹൃത്തുക്കളുടെ ഈ പ്രവൃത്തി മോശമായും എനിക്കു തോന്നിയില്ല. ഇനി ഞങ്ങൾക്കും നിങ്ങൾക്കുമിടയിൽ അടുത്ത വർഷം ബദ്ർ മൈതാനത്തുനിന്നു തന്നെ യുദ്ധം നടക്കുന്നതാണെന്ന് വാക്കു തന്നിരിക്കുന്നു.' അപ്പോൾ നബി(സ) തിരുമേനിയുടെ നിർദേശത്തിനുവിധേയനായി ഒരു സ്വഹാബി പറഞ്ഞു; 'ഈ വാഗ്ദാനത്തിൽ നിലനിന്നാൽ വളരെ ഉത്തമമാണ്.' എന്തായാലും ഇതു പറഞ്ഞുകൊണ്ട് അബൂസുഫിയാൻ തന്റെ കൂട്ടുകാരേയുംകൊണ്ട് താഴെ ഇറങ്ങിപ്പോയി. പിന്നീട് ഖുറയ്ശികളുടെ സൈന്യം മക്കയിലേക്ക് പോയി. *(സീറത്തു ഖാത്തമുന്നബിയ്യീൻ, ഹദ്റത്ത് മിർ സാ ബശീർ അഹ്മദ്(റ) പേജ് 498-499)*

നബി(സ) തിരുമേനി യുദ്ധാനന്തരം മദീനയിലെത്തിയപ്പോൾ ജൂതന്മാരും കപടവിശ്വാസികളും സന്തോഷം കൊള്ളുകയായിരുന്നു. അവർ മുസ്‌ലിമീങ്ങളെ കുറ്റം പറയാൻ തുടങ്ങി. മുഹമ്മദു നബി (സ) രാജഭരണം ആഗ്രിക്കുന്നുണ്ടെന്നും അവർ പറയുന്നുണ്ടായിരുന്നു. അപ്രകാരം തന്നെ ഇദ്ദേഹത്തെപ്പോലെ ഇന്നുവരെ ഒരു പ്രവാചകനും ഇത്രയധികം നാശനഷ്ടങ്ങൾ ഉണ്ടാക്കിയിട്ടില്ലെന്നും അവർ പറഞ്ഞു. സ്വയം പരിക്കേറ്റതിനുപുറമെ സ്വഹാബത്തിനും പരിക്കേൽപ്പിച്ചിരിക്കുന്നു. നിങ്ങളുടെ കൂടെ ചേർന്നവർ ഞങ്ങളോടൊപ്പമായിരുന്നെങ്കിൽ ഒരിക്കലും വധിക്കപ്പെടുമായിരുന്നില്ല എന്നൊക്കെയാണ് അവർ പറഞ്ഞത്. ഹദ്റത്ത് ഉമർ(റ) അവരെ വധിക്കാൻ നബി(സ)തിരുമേനിയിൽനിന്ന് അനുമതി തേടി. ഇങ്ങനെയൊക്കെ അവർ പുലമ്പിയിരുന്നത് കാരണം നബി(സ) അദ്ദേഹത്തോടു ചോദിച്ചു: 'അല്ലാഹു അല്ലാതെ മറ്റൊരു ആരാധ്യനില്ലെന്നും ഞാൻ അല്ലാഹുവിന്റെ ദൂതനാണെന്നും അവർ സാക്ഷ്യം വഹിക്കുന്നുണ്ടോ? ഇവർ കലിമ ചൊല്ലുന്നില്ലേ?' ഹദ്റത്ത് ഉമർ പറഞ്ഞു: 'തീർച്ചയായും അവർ കലിമ ചൊല്ലുന്നത് വാളിനെ ഭയന്നുമാത്രമാണ്. ഇപ്പോൾ അവരുടെ കാര്യം വ്യക്തമായിരിക്കു

ന്നു. അവരുടെ മനസ്സിലുള്ള കാര്യം പുറത്തുവരികയും ചെയ്തിരിക്കുന്നു. അല്ലാഹു അവരുടെ ഉള്ളിലുള്ള വിദ്വേഷത്തെ വെളിപ്പെടുത്തിയ സ്ഥിതിക്ക് ഇക്കൂട്ടരോടു എന്തായാലും പ്രതികാരം ചെയ്യുകതന്നെവേണം. അവർക്ക് ശിക്ഷകൊടുക്കേണ്ടതുമാണ്.' അപ്പോൾ നബി(സ)തിരുമേനി പറഞ്ഞു: ഇങ്ങനെ സാക്ഷി പറയുന്നവരെ വധിക്കാൻ എനിക്ക് അനുവാദം ലഭിച്ചിട്ടില്ല. *(അസ്സീറത്തുൽഹൽബിയ്യ, ബാബു ദിക്റു മഗാസിയ ഗസ്വ ഉഹുദ്, വാള്യം 2, പേജ് 348, ദാറുൽകുതുബുൽ ഇൽമിയ്യ, ബെയ്റൂത്ത് ലബ്നാൻ 2002)* ആരാണോ ഈ കലിമ ചൊല്ലിയത് അത്തരം വ്യക്തിയെ കൊല്ലുന്നത് എനിക്ക് വിരോധിക്കപ്പെട്ടിരിക്കുന്നു. ഈ സ്മരണ ഇനിയും മുന്നോട്ടു പോകുന്നതാണ്. ഇൻശാഅല്ലാഹ് ഇനി കുറച്ച് പരേതാത്മാക്കളെ കുറിച്ച് എനിക്ക് പറയണം. അതുകൊണ്ട് ഇവിടെ നിറുത്തുകയാണ്.

അതിലേക്ക് കടക്കുന്നതിനുമുമ്പേ ദുആയ്ക്കു വേണ്ടി പറയാൻ ആഗ്രഹിക്കുന്നു. കഴിഞ്ഞ ആഴ്ചയിലും ഞാൻ പറഞ്ഞിരുന്നു, പീഢിതരായ ഫലസ്തീൻ ജനതയ്ക്കുവേണ്ടി ദുആ ചെയ്യുക. യുദ്ധം അവസാനിച്ചെങ്കിലും ചരിത്രം നമ്മളോടു പറയുന്നത് കുറച്ചു കാലത്തിനുശേഷം എ വിടെ നിന്നെങ്കിലും ഏതെങ്കിലും രീതിയിൽ ഏ തെങ്കിലുമൊക്കെ തന്ത്രത്തിൽ ശത്രു ഈ ഫലസ്തീനികളെ അക്രമത്തിന് കുറിമാനമാക്കിക്കൊണ്ടിരിക്കുമെന്നാണ്. എന്തെങ്കിലുമൊക്കെ കാരണം ഉണ്ടാക്കിക്കൊണ്ടിരിക്കുന്നു. അല്ലാഹു കരുണ ചെയ്യുമാറാകട്ടെ. ഫലസ്തീനികൾക്കും യഥാർഥ സ്വാതന്ത്ര്യം ലഭിക്കുമാറാകട്ടെ. ബുദ്ധിയും വിവേകവും ശക്തിയുമുള്ള നേതാക്കളേയും അല്ലാഹു അവർക്കു നല്കുമാറാകട്ടെ. അവർ സ്വന്തം കാര്യം പറയുന്നവരും അവകാശം വാങ്ങിയെടുക്കുന്നവരുമാകട്ടെ. ഇതുപോലെ തന്നെ അക്രമത്തിന് വിധേയരായിക്കൊണ്ടിരിക്കുന്ന പാക്കിസ്താനീ അഹ്മദികൾക്കുവേണ്ടിയും ദുആ ചെയ്യുക. അല്ലാഹു അവരേയും തന്റെ സംരക്ഷണത്തിൽ വെക്കുമാറാകട്ടെ.

അനുസ്മരണത്തിൽ ഇന്ന് ആദ്യമായി പറയുന്നത് നാഇബ് നാളിർ ഇശാഅത്ത് ഖാദിയാൻ ഖുറയ്ശീ മുഹമ്മദു ഫള്ലുല്ലാഹ് സാഹിബിനെ കുറിച്ചാണ്. അദ്ദേഹം ഏപ്രിലിൽ 27 ന് വഫാത്തായി. إِنَّا لِلّٰهِ وَإِنَّا إِلَيْهِ رَاجِعُوْن അദ്ദേഹത്തിന്റെ മാതാവിന്റെ പിതാമഹനും പിതാവിന്റെ മാതാമഹനും ഹദ്റത്ത് മുൻശീ മഹ്ർദീൻ സാഹിബ്(റ) ഹദ്റത്ത് മസീ ഹ് മൗഊദ്(അ)ന്റെ സ്വഹാബിയായിരുന്നു. ഇദ്ദേഹം മുഖേനയാണ് ഇവരുടെ കുടുംബത്തിൽ അഹ്മദിയ്യത്ത് വന്നത്. അദ്ദേഹത്തിന്റെ പേര് മിനാരത്തുൽ മസീഹിന് ചന്ദ കൊടുത്തവരിൽ രേഖപ്പെടുത്തിയിരിക്കുന്നു.

ജാമിആയിൽ പഠനം പൂർത്തിയായതിനുശേഷം ഖുറയ്ശീ സാഹിബ് 23 വർഷവും 5 മാസവും ജാമിഅ അഹ്മദിയ്യായിൽ അധ്യാപകനായി ജോലി ചെയ്തു. വിശുദ്ധ ഖുർആൻ, ഉർദു, കലാം, സ്വർഫ് വ നഹ്വ്, അറബി അദബ് തുടങ്ങിയ വിഷയങ്ങൾ പഠിപ്പിച്ചു. അദ്ദേഹത്തിന്റെ മൊത്തത്തിലുള്ള സേവന കാലം 37 വർഷവും 7 മാസവുമാണ്. അല്ലാഹുവിന്റെ അനുഗ്രഹത്താൽ പരേതൻ മൂസിയായിരുന്നു. സന്തപ്ത കുടുംബത്തിൽ ഭാര്യയും ഒരു മകനും രണ്ടു പെൺമക്കളുമുണ്ട്.

അദ്ദേഹത്തെ സംബന്ധിച്ച് നാളിർ ഇശാഅത്ത് മഖ്ദൂം സാഹിബ് എഴുതുന്നു: ജാമിആയിൽ അദ്ദേഹം വളരെ വാത്സല്യമുള്ള ഉസ്താദായിരുന്നു. വിദ്യാർഥികളുമായി വളരെ സ്നേഹപൂർവവും സുഹൃത്പരമായും പെരുമാറിയിരുന്നു. അങ്ങേയറ്റം വിശ്വസ്തതയോടും വഖ്ഫിന്റെ ആത്മാവോടുംകൂടി പ്രവൃത്തിച്ചു. എപ്പോഴും സമയനിഷ്ഠ പാലിച്ചിരുന്നു. വിദ്യാർഥികളെക്കൊണ്ടും സമയനിഷ്ഠ പാലിപ്പിച്ചിരുന്നു. ഇന്ത്യയിലെ അധികം മുബല്ലിഗുമാരും ഇദ്ദേഹത്തിന്റെ ശിഷ്യന്മാരാണ്. ഇദ്ദേഹത്തിൽനിന്ന് അവർ അനുഗ്രഹം പ്രാപിച്ചു. പ്രകൃതത്തിൽ വളരെ ലാളിത്യമുണ്ടായിരുന്നു. ഹ്രസ്വകമായ സംസാരമായിരുന്നു. അധികമായി സംസാരിക്കില്ലായിരുന്നു. പക്ഷേ, അദ്ദേഹത്തിന്റെ സംസാരം വൈജ്ഞാനികവും കഴമ്പുള്ളതുമായിരുന്നു. ഭാരത മജ്ലിസ് ഖുദ്ദാമുൽ അഹ്മദിയ്യായുടെ നാഇബ് സ്വദ്ർ എന്ന നിലയിൽ പ്രവൃത്തിക്കാൻ അദ്ദേഹത്തിന് സൗഭാഗ്യമുണ്ടായി. 34 വർഷത്തെ ദീർഘകാലം അദ്ദേഹം ബദ്ർ പത്രത്തിന്റെ സഹപത്രാധിപരായിരുന്നു. മിശ്ക്കാത്തിന്റെ പത്രാധിപരുമായിട്ടുണ്ട്. അഹ്മദിയ്യാ ചരിത്ര ഭാരതകമ്മിറ്റി അംഗവുമായിരുന്നു. റൂഹാനീ ഖസാഇന്റെ കമ്പ്യൂട്ടൈറ്റ്സ്ഡ് എഡിഷൻ പ്രസിദ്ധീകരിച്ചപ്പോൾ അതിൽ അദ്ദേഹം പ്രൂഫ്റീഡിംഗിലെ ചില പിശകുകൾ കണ്ടെത്തി. അതിനുശേഷം അദ്ദേഹം പറഞ്ഞതനുസരിച്ച് അത് ശരിയാക്കുകയും ചെയ്തു. വളരെ സൂക്ഷ്മദൃഷ്ടിയോടെ ഓരോ കാര്യവും നോക്കാറുണ്ടായിരുന്നു. പ്രൂഫ്റീഡിംഗ് ചെയ്യുമായിരുന്നു. ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ വെവ്വേറെ പ്രസിദ്ധീകരിച്ച ചില ഗ്രന്ഥങ്ങളുടെ പ്രത്യേകിച്ചും ബറാഹീനെ അഹ്മദിയ്യ, ആര്യധർമ്, സത്ബചൻ തുടങ്ങിയവയുടെ പ്രൂഫ്റീഡിംഗ് ചെയ്തു. ആ ഗ്രന്ഥങ്ങളിൽ ഹദ്റത്ത് മസീഹ് മൗഊദ്(അ) നല്കിയിരുന്ന ഉദ്ധരണികളുടെ യഥാർഥ ഭാഗം പ്രസ്തുത ഗ്രന്ഥങ്ങളിൽനിന്നും വേദങ്ങളിൽ നിന്നുമെടുത്ത് പരിശോധിച്ച ഓരോരോ പദത്തിന്റേയും ഉച്ചാരണത്തിലും തർജമയിലും വന്നിട്ടുള്ള വ്യത്യാസവും അടയാളപ്പെടുത്തിയിരുന്നു. എല്ലാ കാര്യങ്ങളിലും തന്റെ അന്വേഷണം പാരമ്യതയിലെത്തിക്കുക എന്നത് അദ്ദേഹത്തിന്റെ പ്രത്യേകതയായിരുന്നു. അദ്ദേഹം ആര്യാധർമ്, സത്ബച്ചൻ എന്നീ ഗ്രന്ഥങ്ങളിൽകൊടുത്തിരിക്കുന്ന ഉദ്ധരണികളുടെ യഥാർഥ ഗ്രന്ഥങ്ങൾ കണ്ടെത്തുകയും അതുവച്ചുകൊണ്ട് ഉദ്ധരണികൾ വിലയിരുത്തുകയും പരിശോധിക്കുകയും ചെയ്യുന്ന ശ്രമകരമായ ജോലിയാണ് ചെയ്തത്. ഹദ്റത്ത് മസീഹ് മൗഊദ്(അ) ഈ ഗ്രന്ഥത്തെ ഹിന്ദുക്കൾക്കും സിഖുകാർക്കുമുള്ള രേഖ എന്ന നിലയിലാണ് സമർപ്പിച്ചിട്ടുള്ളതെന്ന് അദ്ദേഹം പറയുമായിരുന്നു. ഗ്രന്ഥങ്ങൾ ഈ രണ്ടു മതങ്ങൾക്കുമെതിരിൽ വളരെ പ്രാധാന്യമുള്ളതാണ്. അതുകൊണ്ട് വളരെ സൂക്ഷമമായ നിലയിൽ ഇവ പരിശോധിക്കേണ്ടിവരും.

വിശുദ്ധ ഖുർആൻ പ്രസിദ്ധീകരിച്ചു. ഇപ്പോൾ നമ്മുടെ ഭാഗത്തുനിന്ന് 'ഖത്ത്വെമൻളൂരി'സ്റ്റൈലിൽ അതിന്റെ സോഫ്റ്റ് വയറിന്റെ തയ്യാറെടുപ്പിലും അദ്ദേഹം ഒരുപാട് സേവനം ചെയ്തിട്ടുണ്ട്. ഇത് മുംബയ് കമ്പിനിയിൽനിന്നാണ് ഉണ്ടാക്കിച്ചത്. അതിൽ അദ്ദേഹം ഒരുപാട് പണിയെടുത്തു. രാപ്പകൽ അത് ശരിയാക്കുന്നതിനും നന്നാക്കുന്നതിനും അന്യൂനമാക്കുന്നതിനും വേണ്ടി പ്രയത്നിച്ചു. 'ഖത്ത്വെമൻളൂരി' സ്റ്റൈലിൽ സാദാഖുർആൻ പ്രസിദ്ധീകരിച്ചിട്ടുള്ളതാണ്. ഇപ്രകാരംതന്നെ ഇപ്പോൾ വിശുദ്ധ ഖുർആനിന്റെ, ഹദ്റത്ത് മൗലവി ശേർ അലി സാഹിബ് വിവർത്തനം ചെയ്ത ഇംഗ്ലീഷ് തർജമ തയ്യാറാക്കുന്നതിലും ഇദ്ദേഹം ഒരുപാട് മുഴുകിയിരുന്നു. അതും ഏകദേശം തയ്യാറായിട്ടുണ്ട്. ഇൻശാഅല്ലാഹ് എത്രയും വേഗം അത് പ്രസിദ്ധീകരിക്കുന്നതായിരിക്കും. അതിലും അദ്ദേഹം ഒരുപാട് പണിയെടുത്തിട്ടുണ്ട്. ഇതുപോലെതന്നെ ഹദ്റത്ത് മീർ മുഹമ്മദ് ഇസ്ഹാഖ് സാഹിബിന്റെ തർജമ പ്രസിദ്ധീകരിക്കുന്നുണ്ട്. അതിന്റേയും കുറച്ചുഭാഗങ്ങൾ(ജുസു) അദ്ദേഹം ചെയ്തിട്ടുണ്ട്. വിശുദ്ധ ഖുർആൻ സംബന്ധമായ ജോലിയിൽ, പ്രസിദ്ധീകരിക്കുന്നതിലും അതൃദ്ധ്വാനത്തോടെ അദ്ദേഹം പ്രവർത്തിച്ചു; പ്രത്യേകിച്ചും 'ഖത്ത്വെമൻളൂരി'സ്റ്റൈലിൽ പ്രസിദ്ധീകരിക്കുന്നതിൽ.

അദ്ദേഹത്തിന്റെ നാളിർ സാഹിബെഴുതുന്നു: എന്റെ ഉസ്താദുമായിരുന്നു അദ്ദേഹം. അദ്ദേഹം 'മാമൂഖുസ്ർ'(സഹോദരിയുടെ ജാമാതാവ്)ഉം നാഇബ് നാളിറുമായിരുന്നു. എന്നിട്ടും നാളിർ എന്ന നിലയിൽ എന്നോടു എപ്പോഴും അനുസരണത്തിന്റെ മര്യാദ കാണിക്കുകയും വളരെ വിനയത്തോടും എളിമയോടുംകൂടി സംസാരിക്കുകയും ചെയ്യുമായിരുന്നു. ഞാൻ നിന്റെ ഉസ്താദാണെന്നോ ബന്ധത്തിൽ നിന്നെക്കാൾ മൂത്തതാണെന്നോ എന്നൊന്നും പറഞ്ഞിട്ടില്ല. അദ്ദേഹത്തിന്റെ വിദ്യാർഥികളിൽനിന്നെഴുതുന്നു: 'വിദ്യഭ്യാസ കാലത്ത് താനൊരിക്കലും ജാമിആയിൽനിന്ന് ലീവെടുത്തിട്ടില്ലെന്നും അതിനുശേഷം ജാമിആയിൽ ഉസ്താദായിരിക്കുമ്പോഴും ലീവെടുത്തിട്ടില്ലെന്നും അദ്ദേഹം ക്ലാസ്സിൽ പറയുകയുണ്ടായി.' അല്ലാഹു പരേതനോടു പൊറുക്കലോടും കരുണയോടുംകൂടി പെരുമാറട്ടെ.

രണ്ടാമത്തെ ജനാസ മുബല്ലിഗ് സയ്യിദ് ബശീറുദ്ദീൻ അഹ്മദ് സാഹിബ് ഖാദിയാന്റേതാണ്. 83-ാമത്തെ വയസ്സിൽ ഇദ്ദേഹം വഫാത്തായി. إِنَّا لِلّٰهِ وَإِنَّا إِلَيْهِ رَاجِعُوْن ഹദ്റത്ത് മസീഹ് മൗഊദിന്റെ സ്വഹാബി സയ്യിദ് സയീദുദ്ദീൻ സാഹിബിന്റെ പൗത്രനായിരുന്നു. വളരെയധികം ആരാധനാകനും തഹജ്ജുദ് നമസ്കരിക്കുകയും ദുആ ചെയ്യുകയും ലളിതപ്രകൃതനുമായിരുന്നു. പരേതൻ മൂസിയുമായിരുന്നു. സന്തപ്ത കുടുംബത്തിൽ മൂന്നു ആൺമക്കളാണുള്ളത്. മൂന്നുപേരും അഞ്ജുമന്റെ ഓഫീസുകളിൽ ജോലിചെയ്തുവരുന്നു.

അടുത്ത അനുസ്മരണം വാഖ്ഫെ സിന്ദഗീ ഖാദിയാൻ, ബിശാറത്ത് അഹ്മദ് ഹയ്ദർ ഇബ്നു ഫയ്ള് അഹ്മദ് സാഹിബ് ശഹ്നയുടേതാണ്. അദ്ദേഹം കഴിഞ്ഞ ദിവസം 71-ാം വയസ്സിൽ വഫാത്തായി. إِنَّا لِلّٰهِ وَإِنَّا إِلَيْهِ رَاجِعُوْن പരേതൻ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ദൃഷ്ടാന്തം, പേപ്പട്ടി കടിച്ച് രക്ഷപ്പെട്ട മർഹൂം അബ്ദുൽകരീം സാഹിബിന്റെ പൗത്രനായിരുന്നു. ഇദ്ദേഹം ജീവിതം വഖ്ഫ് ചെയ്ത് കർണാടകയിൽനിന്ന് ഖാദിയാനിൽ വന്നു. മദ്രസ അഹ്മദിയ്യായിൽ വിദ്യാഭ്യാസം പൂർത്തിയാക്കിയതിനുശേഷം അദ്ദേഹം വിവിധ ഓഫീസുകളിൽ ജോലി ചെയ്തു. പിന്നീട് ഇൻചാർജ് ശുഅ്ബ രശ്ത നാത്വായായ നിയമിതനായി. അവിടെ സേവനങ്ങൾ ചെയ്തു. 46 വർഷംവരെ ജമാഅത്തിന് സേവനം ചെയ്തു. വരുമാനമാർഗങ്ങൾ കുറവായിരുന്നിട്ടും ശുഭ്രവസ്ത്ര ധാരിയായി ലളിതമായി ജീവിച്ചു. വളരെ ലളിതമായ ജീവിതമായിരുന്നു. വള രെ സൽസ്വഭാവങ്ങളോടുകൂടിയ മനുഷത്വമുള്ള ആളായിരുന്നു. പരേതൻ മൂസിയായിരുന്നു. ഭാര്യയ്ക്കുപുറമെ മൂന്നു പെൺമക്കളുണ്ട്. അവർക്ക് അദ്ദേഹം നല്ല വിദ്യാഭ്യാസവും നല്കി. പിന്നീട് അവരുടെ എല്ലാവരുടേയും വിവാഹം വാഖ്ഫീനെ സിന്ദഗികളുമായി നടത്തുകയും ചെയ്തു.

അടുത്ത് ജനാസ അഹ്മദിയ്യ ജമാഅത്തിന്റെ പിശാവർ ജില്ല അമീർ ഡോക്ടർ മുഹമ്മദു അലി ഖാൻ സാഹിബിന്റേതാണ്. 67-ാം വയസ്സിൽ കഴിഞ്ഞമാസം അദ്ദേഹം വഫാത്തായി. إِنَّا لِلّٰهِ وَإِنَّا إِلَيْهِ رَاجِعُوْن അദ്ദേഹം അവിടെ എഫ്.സി. യുടെ വിദ്യാർഥിയായിരിക്കുമ്പോൾ സ്വയം ബയ്അത്തു ചെയ്തതാണ്. ഞാനെന്റെ മൂത്താപ്പയുടെ കടയിലിരിക്കുകയായിരുന്നു. അപ്പോൾ ഒരാൾ വന്നു. വലിയ ആദരണീയവ്യക്തിയായിരുന്നു അദ്ദേഹം. അദ്ദേഹം പോയപ്പോൾ മൂത്താപ്പ ഇദ്ദേഹത്തോടു പറഞ്ഞു, 'നിനക്കറിയുമോ ഇത് ഖാദിയാനിയാണ്. ഖാദിയാനി വളരെ നല്ലവരാ

ണ്.’ ഇദ്ദേഹം പറയുന്നു; ജമാഅത്തിനെക്കുറിച്ചുള്ള ഇതെന്റെ ആദ്യ പരിചയപ്പെടലായിരുന്നു. പിന്നീട് മെഡിക്കൽ കോളേജിൽ ഇദ്ദേഹത്തിന്റെ ക്ലാസ്ഫെല്ലോയായി ഒരു ഖാദിയാനി ഉണ്ടായിരുന്നു. അദ്ദേഹം ഹദ്റത്ത് ഈസായെ സംബന്ധിച്ചുള്ള വിശ്വാസമെന്താണെന്നും അദ്ദേഹം മരിച്ചുപോയിരിക്കുന്നോ അതോ ജീവിച്ചിരിക്കുന്നോ എന്നാണോ വിശ്വസിക്കുന്നതെന്നും ചോദിച്ചു. അപ്പോൾ ഡോക്ടർ മുഹമ്മദ് അലി ഖാൻ സാഹിബ് പറഞ്ഞു: ഞാൻ അദ്ദേഹം മരിച്ചുപോയെന്നാണ് വിശ്വസിക്കുന്നത്. അപ്പോൾ ഈ അഹ്മദി വിദ്യാർഥിക്ക് അദ്ദേഹത്തെ തബ്ലീഗ് ചെയ്യേണ്ടതാണെന്നു തോന്നി. പിന്നീട് അദ്ദേഹത്തെ മിഷൻഹൗസിൽ കൊണ്ടുപോയി. അവിടെവച്ച് അദ്ദേഹത്തിന് ജമാഅത്തിനെ പരിചയപ്പെടുത്തി. അവിടെ മുറബ്ബി ബിശാറത്ത് ബശീർ സിന്ധി സാഹിബായിരുന്നു. അദ്ദേഹം പാന്റും ശർട്ടും ധരിച്ചത് കണ്ടപ്പോൾ അതിൽ ആകൃഷ്ടനായി. മൗലവിയുമാണ്, വലിയ മോഡേൺ മൗലവിയാണ്. എന്തായാലും ബിശാറത്ത് ബശീർ സിന്ധി സാഹിബ് അദ്ദേഹത്തിന് ‘ദഅ്വത്തുൽ അമീർ’ വായിക്കാൻ കൊടുത്തു. അദ്ദേഹം പറയുന്നു, ഞാൻ ആ ദിവസം തന്നെ വായിച്ചു. വായിച്ചു തീർന്നുടനെ അഹ്മദിയ്യത്ത് സത്യമാണെന്ന് എനിക്ക് ദൃഢവിശ്വാസമുണ്ടായി. 1973-ൽ അദ്ദേഹം ബയ്അത്തു ചെയ്തു. 1974-ൽ അദ്ദേഹത്തിന്റെ ബയ്അത്ത് ഹദ്റത്ത് ഖലീഫത്തുൽമസീഹ് അഥ്ഥാലിഥ്(റഹ്)സ്വീകരിച്ചു. 1974-ൽ അദ്ദേഹം അഹ്മദിയായപ്പോൾ കുഴപ്പങ്ങളുമുണ്ടാകാൻ തുടങ്ങി. സംഘടിതമായ നിലയിൽ തന്റെ കോളേജിലെ കുട്ടികൾ അദ്ദേഹത്തെ പിടിച്ചുവെച്ച് അഹ്മദിയ്യത്തിനെ നിഷേധിക്കാൻ പറഞ്ഞു. (അഹ്മദിയാണെന്ന് അവർക്ക് മനസ്സിലായി). നിന്നെ ശഹീദാക്കുകയോ കൊല്ലുകയോ ചെയ്യും. എന്തായാലും കോളേജ് അധികൃതർക്ക് ഒന്നും ചെയ്യാൻ കഴിഞ്ഞില്ല. അക്കാലത്ത് യൂണിവേഴ്സിറ്റിയിലെ ചാൻസിലർ ബാച്ചാ ഖാന്റെ മകൻ അലി ഖാനായിരുന്നു. അദ്ദേഹം അവിടെ വന്നു. അദ്ദേഹത്തെ അവരിൽനിന്നകറ്റി സ്വന്തം വണ്ടിയിൽ കയറ്റിക്കൊണ്ടുപോകുകയും നഗരത്തിനു വെളിയിൽകൊണ്ടുപോയി വിടുകയും ചെയ്തു. ഇദ്ദേഹം പറയുന്നു, അവിടെനിന്ന് ഞാൻ നഗ്നപാദനായി നടന്ന് എന്റെ ഗ്രാമത്തിലെത്തി. നീ നിന്നെത്തന്നെ ബുദ്ധിമുട്ടിലിടുകയാണെന്നും ഞങ്ങൾക്ക് ബുദ്ധിമുട്ടുണ്ടാക്കുകയാണെന്നും പിതാവ് പറഞ്ഞു. എന്തുകൊണ്ടാണ് നീ അഹ്മദിയ്യത്ത് ഉപേക്ഷിക്കാത്തത്? ഇദ്ദേഹം പറഞ്ഞു: ‘ഞാൻ അഹ്മദിയ്യത്ത് ഉപേക്ഷിക്കുകയില്ല.’ എന്തായാലും ഇദ്ദേഹം പറയുന്നു: എന്റെ പിതാവുമായിട്ടും വാദപ്രതിവാദം നടന്നുകൊണ്ടിരുന്നു. അവസ്ഥകൾ മോശമായ കാരണത്താൽ വിദ്യഭ്യാസം തുടരാനും കഴിഞ്ഞില്ല. വലിയ മോശമായ അവസ്ഥകളായിരുന്നു. പക്ഷേ, അഹ്മദിയ്യത്തിൽ ഉറച്ചുനിന്നു. ഒരു ദിവസം ഇദ്ദേഹത്തിന്റെ പിതാവ് പറഞ്ഞു: ‘നോക്കു! ഈ പ്രശ്നം അവസാനിപ്പക്കുക. അഹ്മദിയ്യത്ത് ഉപേക്ഷിക്കുക.’ അപ്പോൾ ഇദ്ദേഹം പറഞ്ഞു: ‘ഈ പ്രശ്നം അവസാനിപ്പിക്കാൻ എന്റേതായി ഒരു പരിഹരമെയുള്ളു. അങ്ങ് എനിക്ക് ഭക്ഷണം കൊടത്തയക്കുമ്പോൾ ഞാൻ മരിക്കുന്നതിന് അതിൽ വിഷം കലർത്തുക;അങ്ങനെ അങ്ങയുടെ പ്രശ്നത്തിന് പരിഹാരമാകും. ഇദ്ദേഹം പിതാവിനോടു പറഞ്ഞു: ‘എന്തുകൊണ്ടെന്നാൽ എനിക്ക് ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ജമാഅത്ത് ഉപേക്ഷിക്കാൻ പറ്റുകയില്ല.’ അതിനുശേഷം ഇദ്ദേഹത്തിന്റെ പിതാവ് ഒരിക്കലും ഇദ്ദേഹത്തോടു അഹ്മദിയ്യത്ത് ഉപേക്ഷിക്കാൻ പറഞ്ഞിട്ടില്ല. ഇദ്ദേഹത്തിന്റെ പിതാവ് വഫാത്തായപ്പോൾ ഇദ്ദേഹം അവിടെ പോയി. എന്നാൽ, ജനാസ നമസ്കരിച്ചില്ല. ഇത് ഗോത്രപാരമ്പര്യങ്ങൾക്ക് വിരുദ്ധമാണെന്ന് ആളുകൾ പറഞ്ഞു. വലിയ വെറുപ്പും പ്രകടിപ്പിച്ചു; പിതാവിന്റെ ജനാസപോലും നമസ്കരിക്കാത്ത എന്തൊരു മനുഷ്യനാണിത്. ഇദ്ദേഹം അവരോടു പറഞ്ഞു:‘എനിക്ക് ഹദ്റത്ത് മസീഹ് മൗഊദ് (അ)നാണ് ഏറ്റവും പ്രാധാന്യമുള്ളത് ബാക്കിയെല്ലാം അതിനുശേഷമാണ്.’ ഇപ്രകാരംതന്നെ ഇദ്ദേഹത്തിന്റെ മാതാവും ഇദ്ദേഹത്തിനോടു വളരെ മോശമായി പെരുമാറി. നീ എന്റെ മകനല്ലെന്ന്പോലും അവർ പറഞ്ഞു. പിന്നീട് അനന്തരാവകാശത്തിൽനിന്നെല്ലാം ഇദ്ദേഹത്തെ പുറത്താക്കി. അതിനുശേഷം ഇദ്ദേഹം തന്റെ ഗ്രാമത്തിൽ പോയിട്ടില്ല. പക്ഷേ, മാതാവിനെ സഹായിച്ചുകൊണ്ടിരുന്നു. അവർ വഫാത്തായപ്പോൾ അവരുടെ ജനാസയും നമസ്കരിച്ചില്ല. ഇപ്രകാരം ഇദ്ദേഹം തന്റെ ഇളയ സഹോദരനേയും അഹ്മദിയാക്കിയിരുന്നു. അദ്ദേഹവും ജനാസ നമസ്ക്കരിച്ചില്ല. അപ്പോൾ ഇതെന്തൊരു മക്കാളാണെന്ന് പറഞ്ഞ് ആളുകൾ ആക്ഷേപം ഉന്നയിച്ചു. അപ്പോഴും ഇദ്ദേഹം പറഞ്ഞതു ഇതുതന്നെയായിരുന്നു, ജമാഅത്തിന്റെ അഭിമാനത്തിന്റെ പ്രശ്നം വരുമ്പോൾ, ഇക്കൂട്ടർ ഹദ്റത്ത് മസീഹ് മൗഊദ്(അ)നെ ചീത്ത പറയുന്നവരായതുകൊണ്ട് ഞങ്ങൾ ജനാസ നമസ്ക്കരിക്കുകയില്ല. ഇവർ അസാധാരണമായ ആത്മാഭിമാനം പ്രകടിപ്പിച്ചു. 27 വർഷം ഇദ്ദേഹം പട്ടാളത്തിൽ സേവനമനുഷ്ഠിച്ചു. ലഫ്റ്റണന്റ് ജനറലിന്റെ തസ്തികയിലിരിക്കുമ്പോൾ റിട്ടയേർഡായി. ഡോക്ടറായിരുന്നു. റിട്ടയേർഡായപ്പോൾ ഇദ്ദേഹത്തിന് രാഷ്ട്രപതിയുടെ മെഡലും ലഭിക്കുകയുണ്ടായി. അതിനുശേഷം ഇദ്ദേഹം പിശാവറിലെ നസ്വീർ ടീച്ചിംഗ് ഹോസ്പിറ്റലിലും അസിസ്റ്റന്ഡറ് പ്രൊഫസർ എന്ന നിലയിൽ സേവനമനുഷ്ഠിച്ചുകൊണ്ടിരുന്നു. സൈക്കോളജി വകുപ്പിന്റെ തലവനുമായിരുന്നു. 32-ാം വയസ്സിൽ ഇദ്ദേഹത്തെ ഖലീഫത്തുൽമസീഹ് റാബിഅ് (റഹ്)സർഹദിന്റേയും പിശാവർ ജില്ലയുടേയും പിശാവർ ജമാഅത്തിന്റേയും അമീറായി നിയോഗിച്ചു. 1985-ൽ ഇദ്ദേഹത്തെ വഖ്ഫ് ജദീദിന്റെ ഡയറകടർ ബോർഡിൽ നിയമിച്ചു. മരണം വരെ ആ പോസിഷനിൽത്തന്നെയായിരുന്നു. ഇതുപോലെ തന്നെ ഫള്ലെ ഉമർ ഫൗണ്ടേഷനിലും ത്വാഹിർ ഫൗണ്ടേഷനിലും സ്റ്റാന്റിംഗ് ശൂറായിലും അംഗമായിരുന്നു. ഇദ്ദേഹത്തിന്റെ ഇളയ സഹോദരൻ കേർണൽ അയ്യൂബ് സാഹിബാണ്. അദ്ദേഹത്തെ കുറിച്ച് ഞാൻ പറയുകയുണ്ടായി. അദ്ദേഹവും അഹ്മദിയ്യത്ത് സ്വീകരിച്ചു. സർഹദ് സംസ്ഥാനത്തിന്റെ അമീറായ ശംസുദ്ദീൻ ഖാൻ സാഹിബിന്റെ മകളെയാണ് അദ്ദേഹം വിവാഹം കഴിച്ചത്. അദ്ദേഹത്തിന്റെ സന്തപ്തകുടുംബത്തിൽ ഭാര്യയും ഒരു മകനും മൂന്നു പെൺമക്കളുമാണുള്ളത്. മകൻ വഖ്ഫെ നൗഇൽ അംഗമാണ്. ഈയിടെയായി ഹ്യൂമാനിറ്റി ഫസ്റ്റിന്റെ കീഴിൽ ടൻസാനിയായിൽ സേവനം ചെയ്തുവരുന്നു. അദ്ദേഹം എഴുതുന്നു: ഡോക്ടർ മുഹമ്മദ് അലി ഖാൻ സാഹിബ് സത്യസന്ധതയിലും വിശ്വസ്തതയിലും നിസ്വാർഥതയിലും പരിശുദ്ധിയിലും തന്റേതായ വ്യക്തിത്വം പുലർത്തിയിരുന്നു. ഒരിക്കലും സമ്പത്തിനേയോ ചെലവുകളേയോ ഭൗതിക സ്വത്തുക്കളേയോ അതുപോലുള്ള മറ്റെന്തിനേയോ കുറിച്ച് പറഞ്ഞിട്ടില്ല. അദ്ദേഹത്തിന്റെ എല്ലാ മക്കളും ഇക്കാര്യംതന്നെയാണ് എഴുതിയിട്ടുള്ളത്. അദ്ദേഹം എപ്പോഴും വളരെ സമാധാനപരവും സന്തോഷകരവുമായി ജീവിച്ചു. അദ്ദേഹം പിശാവറിലെ എല്ലാതരത്തിലുള്ള ദുഷ്കരമായ അവസ്ഥകളിലും വളരെയധികം സ്നേഹത്തോടെ അല്ലാഹുവിൽനിന്നുള്ള സഹായത്തിൽ പ്രതീക്ഷയർപിച്ചുകൊണ്ട് പിശാവർ ജമാഅത്തിനെ മുന്നോട്ടു നയിച്ചു. അദ്ദേഹത്തിന്റെ വേർപാടിൽ പിശാവർ ജമാഅത്ത് വളരെയധികം ദുഃഖിതാരാണ്. ഖിലാഫത്തിനോടു അതിരറ്റ ബന്ധമായിരുന്നു. അദ്ദേഹത്തിന്റെ അനുസരണവും മാതൃകായോഗ്യമായിരുന്നു. ഹദ്റത്ത് മസീഹ് മൗഊദ്(അ)നോടും നബി (സ) തിരുമേനിയോടും അതിരറ്റ സ്നേഹമായിരുന്നു. അല്ലാഹുവിന്റെ തൗഹീദിനുവേണ്ടി എല്ലാത്തരം ത്യാഗങ്ങൾക്കും സന്നദ്ധനായിരുന്നയാളും അസംഖ്യം സൽഗുണങ്ങളുടെ ഉടമയുമായിരുന്നു.

അടുത്ത അനുസ്മരണം റബ്വയിലെ മുഹമ്മദു റഫീഅ് ഖാൻ ശഹ്സാദ സാഹിബിന്റേതാണ്. മാർച്ച് 30 ന് ഇദ്ദേഹം വഫാത്തായി. إِنَّا لِلّٰهِ وَإِنَّا إِلَيْهِ رَاجِعُونَ എൺപ്പത്തിരണ്ട്(82) വയസ്സായിരുന്നു. പരേതൻ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ സ്വഹാബ ഹദ്റത്ത് ഗുലാം റസൂൽ സാഹിബ് അഫ്ഗാനിന്റേയും ആഇശ പട്ടാണി സാഹിബയുടേയും ദൗഹിത്രനും ബുസ്ർഗ് സാഹിബ് എന്നറിയിപ്പെടുന്ന ഹദ്റത്ത് അബ്ദുസത്താർ സാഹിബിന്റെ പ്രദൈഹിത്രനുമായിരുന്നു. ഭക്തനും യുവത്വത്തിൽത്തന്നെ തഹജ്ജുദ് നമസ്കരിക്കുന്ന ആളുമായിരുന്നു. ദീനിന്റെ കാര്യത്തിൽ ആത്മാഭിമാനിയും ആവേശമുള്ള വ്യക്തിയുമായിരുന്നു. പരിശുദ്ധമായ വ്യക്തിത്വത്തിന്റെ ഉടമയായിരുന്നു. അവസാനത്തെ രോഗത്തിൽ ആശുപത്രിയിൽ ശ്വാസതടസമുണ്ടായിട്ടും വിശുദ്ധ ഖുർആൻ ഉറക്കെ പാരായണം ചെയ്തിരുന്നു. അബൂദാബിയിൽ എയർഫോഴ്സിൽ നിയമനമുണ്ടായപ്പോൾ കുറച്ചു കാലത്തിനുശേഷമാണ് അബൂദാബിയിൽ പോയത്. അവിടെ എയർഫോഴ്സിലെ അസംബ്ലിയിൽ ഏതോ മൗലവി ഖാദിയാനി വാജിബുൽഖത്ലാണെന്ന് പറഞ്ഞു. അ

(ശേഷം പേജ് 11 ൽ)

## അല്ലാഹുവിന്റെ കലാം:

**“ഇബ്റാഹീം (പ്രാർഥിച്ചുകൊണ്ടു) പറഞ്ഞ സന്ദർഭം (സ്മരിക്കുക). എന്റെ നാഥാ! ഈ പട്ടണത്തെ സമാധാന പൂർണ്ണമാക്കേണമേ. എന്നേയും എന്റെ സന്തതികളേയും ഞങ്ങൾ വിഗ്രഹങ്ങളെ ആരാധിക്കുന്നതിൽനിന്ന് അകറ്റുകയും ചെയ്യേണമെ.”**

*(വിശുദ്ധ ഖുർആൻ 14:36)*

## ഹദീഥുന്നബ്വി(സ):

**“സ്വർഗത്തിന്റെ കവാടങ്ങളിൽനിന്ന് ഒരു കവാടത്തിന്റെ പേര് ‘ബാബു സ്വദഖ’ എന്നാണ്. അതിലൂടെ ദാനധർമങ്ങൾ ചെയ്തവരായിരിക്കും പ്രവേശിക്കുക.”**

*(സ്വഹീഹ് മുസ്ലിം)*

ത്വാലിബെ ദുആ:
Rahman Shakeer & Family
Ahmadiyya Jama-ath Karulai, Kerala

ത്വാലിബെ ദുആ:
P.Abdul Ameer
Sadr, Ahmadiyya Jama-ath Pathapiriyam, Kerala

# ഹദ്റത്ത് അമീറുൽ മുഅ്മിനീന്റെ യൂറോപ്പ് പര്യടനം, (സെപ്റ്റംബർ, ഒക്ടോബർ 2019)

**വിവർത്തനം: അമീൻ മുഹമ്മദ്, മാത്ര**

## 2019 സെപ്റ്റംബർ 29 (ഞായറാഴ്ച) (തുടർച്ച)

**കുടുംബങ്ങളുമായുള്ള കൂടിക്കാഴ്ച:**

പരിപാടിയനുസരിച്ച് ഹുദൂർ 6 മണിക്ക് ഓഫീസിലെത്തി. കുടുംബങ്ങളുമായുള്ള കൂടിക്കാഴ്ച ആരംഭിച്ചു. ഇന്ന് വൈകുന്നേരം നടന്ന ഈ പരിപാടിയിൽ 29 കുടുംബങ്ങളിലെ 127 അംഗങ്ങൾ തങ്ങളുടെ പ്രിയങ്കരനായ ഇമാമുമായി കൂടിക്കാഴ്ച നടത്തി. ഇതിനു പുറമെ 14 സ്ത്രീകൾക്കും 113 ജമാഅത്തംഗങ്ങൾക്കും വ്യക്തിഗതമായ നി ലയിലും ഹുദൂറുമായി കൂടിക്കാഴ്ച നടത്താൻ സൗഭാഗ്യം സിദ്ധിച്ചു. കൂടിക്കാഴ്ച നടത്തിയ ഈ കുടുംബങ്ങളും വ്യക്തികളും ഹോളണ്ടിലെ Zwolle, Almere, Denbosh,സോത്തർമീർ,ആംസ്റ്റർഡം, Den Haag, Maastricht, Rotterdam, Nunspeet, Arnhem, Eindhoven, Utrecht, Amstelveen എന്നീ ജമാഅത്തുകളിൽ നിന്നെത്തിയവരായിരുന്നു.

ഹുദൂറുമായി കൂടിക്കാഴ്ച നടത്തിയ ഈ എല്ലാവരും തങ്ങളുടെ ജീവിതത്തിൽ ആദ്യമായാണ് നേരിട്ട് ഹുദൂറിനെ കാണുന്നത്. കുറച്ചു കുടുംബങ്ങളിലെ ചില വ്യക്തികൾ ഇതിനുമുമ്പേയും ഹുദൂറുമായി കൂടിക്കാഴ്ച നടത്തിയിട്ടുണ്ട്.

**കൂടിക്കാഴ്ചയ്ക്കുശേഷമുള്ള സഹോദരങ്ങളുടെ പ്രതികരണങ്ങൾ**

❑ മുഹമ്മദ് ബശീർ കാമിൽ സാഹിബിന്റെ ബന്ധം ജംഗുമായിട്ടാണ്. അദ്ദേഹം പറഞ്ഞു:അല്ലാഹു എന്റെ എല്ലാ ആഗ്രഹങ്ങളും പൂർത്തിയാക്കി. അദ്ദേഹം പറഞ്ഞു: 2003-ൽ അഞ്ചാം ഖിലാഫത്തിന്റെ തിരഞ്ഞെടുപ്പ് നടന്നുകൊണ്ടിരിക്കുമ്പോൾ, നേരം ഒരുപാട് ഇരുട്ടിക്കഴിഞ്ഞിരുന്നു ഞാൻ പിതാവിനോടു വിളംബരമുണ്ടാകുമ്പോൾ ഉടനെ എന്നെ ഉണർത്തണമെന്ന് പറഞ്ഞിരുന്നു. അങ്ങനെ പിതാവ് ഉണർത്താൻ വന്നപ്പോൾ ഞാൻ പിതാവിനോടു, 'മിർസാ മസ്റൂർ അഹ്മദ് സാഹിബ് ഖലീഫയായി തിരഞ്ഞെടുക്കപ്പെട്ടതായി ഞാനിപ്പോൾ സ്വപ്നം കണ്ടു' എന്ന് പറഞ്ഞു. അങ്ങനെ കുറച്ചു കഴിഞ്ഞപ്പോൾ MTA യിൽ വിളംബരമുണ്ടായി. അദ്ദേഹം പറഞ്ഞു: ഞാൻ തനിച്ചാണ് വിദേശത്ത് വന്നത്. 2015-ൽ ഹുദൂറുമായി കൂടിക്കാഴ്ച നടന്നിരുന്നു. അപ്പോൾ ഞാൻ കുട്ടികൾക്കുവേണ്ടി ദുആയ്ക്ക് അപേക്ഷിച്ചു. അപ്പോൾ ഹുദൂർ പറഞ്ഞു: 'വ്യാകുലപ്പെടേണ്ട, കുട്ടികൾ വരുന്നതായിരിക്കും.' ഞാൻ കൂടിക്കാഴ്ച നടത്തി ഓഫീസിൽ നിന്ന് പുറത്തുവന്നു. ആ സമയത്ത് എന്റെ ക്യാമ്പിൽനിന്ന് എനിക്കു ഫോൺ വന്നു, 'താങ്കളുടെ കുട്ടികൾക്ക് വരാനുള്ള ലെറ്റർ വന്നിട്ടുണ്ട്.' എത്ര പ്രൗഢിയോടെയാണ് ഹുദൂർ പറഞ്ഞ കാര്യം പുലർന്നത്. ഇത് എന്നെ സംബന്ധിച്ചിടത്തോളം ഒരു മുഅ്ജിസത്തിനെക്കാൾ ഒട്ടും കുറവല്ലായിരുന്നു. ഇന്ന് എന്റെ ആകുട്ടികളുടേയും ഭാര്യയുടേയും കൂടിക്കാഴ്ചയും നടന്നു. അല്ലാഹു എന്റെ എല്ലാ ആഗ്രഹങ്ങളും പൂർത്തിയാക്കി. ഇന്ന് ഞങ്ങൾക്ക് സന്തോഷത്തിന്റെ ദിവസമാണ്.

❑ ഫയ്സ്വലാബാദിൽനിന്ന് വന്ന രിള്വാൻ മഹ്മൂദ് സാഹിബ് എന്ന യുവാവ് പറഞ്ഞു: 'എന്റെ ജീവിതത്തിലെ ഏറ്റവും വലിയ ഒരാഗ്രഹം ഇന്നു പൂർത്തിയായി. എനിക്ക് എന്റെ ജീവിതത്തിൽ ഇതല്ലാതെ മറ്റൊന്നും വേണ്ട. ഇന്ന് എനിക്ക് സർവതും ലഭിച്ചു.

❑ ഇഅ്ജാസ് മഹ്മൂദ് സാഹിബ്, ഇദ്ദേഹത്തിന്റെ ബന്ധം 'നാരങ്ക് മണ്ടി'യുമായിട്ടാണ് പറഞ്ഞു: 'ഇന്ന് എന്റെ മനസ്സ് വലുതായിരിക്കുന്നു. ഞാൻ വളരെ ഭാഗ്യവാനാണ്. എന്റെ ഈ കൂടിക്കാഴ്ച എന്റെ ജീവിതത്തിലെ ഏറ്റവും വിലപ്പെട്ടതാണ്.

❑ അഞ്ചും നവേദ് സാഹിബ്, അദ്ദേഹം ഖാനീവാളിൽ നിന്നാണ് വന്നത് പറഞ്ഞു:ആ അനുഭവം വാക്കുകളിൽ പറയാൻ എനിക്ക് സാധ്യമല്ല. വികാരം പ്രകടിപ്പിക്കുക എന്നത് ഏറെ ദുഷ്കരമാണ്. എന്റെ പഴയൊരു ആഗ്രഹം പൂർത്തിയായി. വർഷങ്ങളായുള്ള എന്റെ പ്രാർഥന അല്ലാഹു ഇന്നു കേട്ടു. പ്രിയങ്കരനായ ആഖായെ കാണാൻ ഭാഗ്യമുണ്ടായി. അതിനു പകരമായിട്ടൊന്നുംതന്നെയില്ല.

❑ ഇഫ്തിഖാർ അഹ്മദ് സാഹിബ്, ഇദ്ദേഹം നങ്കാനയിൽ നിന്നാണ് വന്നത്. അദ്ദേഹം തന്റെ വികാരങ്ങൾ പ്രകടിപ്പിച്ചുകൊണ്ട് പറഞ്ഞു:ഖലീഫത്തുൽമസീഹുമായി കൂടിക്കാഴ്ച നടത്തിയ എന്റെ കുടുംബത്തിലെ ആദ്യത്തെ പൗത്രനാണ് ഞാൻ. കുടുംബത്തിൽ ഈ സൗഭാഗ്യം എനിക്കു മാത്രമാണ് കിട്ടിയിട്ടുള്ളത്. എന്റെ മാതാവും പിതാവും എല്ലാ കുടുംബാംഗങ്ങളും എനിക്ക് ഈ സൗഭാഗ്യം കിട്ടാൻ ഒരുപാട് ദുആ ചെയ്തിരുന്നു. ഇന്ന് പാക്കിസ്താനിൽ എന്റെ കുടുംബാംഗങ്ങൾക്കുണ്ടായിട്ടുള്ള സന്തോഷത്തിന് അതിരില്ല.

❑ ഫയ്സ്വലാബാദിൽനിന്ന് വന്ന മുഹമ്മദ് യാസിർ സാഹിബ് എന്ന യുവാവ് പറഞ്ഞു:'ഇന്ന് എനിക്ക് പരമമായ സന്തോഷമാണുള്ളത്. പാക്കിസ്താനിൽ എം.ടി.എ യിൽ ഹുദൂറിനെ കാണാറുണ്ടായിരുന്നു. എപ്പോഴെങ്കിലും പ്രിയപ്പെട്ട ആഖായെ നേരിൽ കാണാൻ സൗഭാഗ്യം കിട്ടണമെന്ന് ഞാൻ ദുആ ചെയ്യാറുണ്ടായിരുന്നു. അല്ലാഹു ഇന്ന് എന്റെ പ്രാർഥന കേട്ടു.ഹുദൂർ അൻവർ എന്റെ കൈ പിടിച്ചുവച്ചു. ഞാൻ ഫോട്ടോയുമെടുത്തു.

❑ ഗോജറൻ വാലായിൽനിന്ന് വന്നയാളാണ് ഉഥ്മാൻ അലി സാഹിബ്. അദ്ദേഹത്തോടു അദ്ദേഹത്തിന്റെ അനുഭവം ചോദിച്ചപ്പോൾ പറഞ്ഞു:'എന്റെ നെഞ്ചിടിക്കുകയാണ്. എന്റെ ശരീരം വിറയ്ക്കുകയാണ്. ഹുദൂറിനോടു സംസാരിക്കാൻ ഞാൻ ശ്രമിച്ചു. പക്ഷേ, എനിക്കു സംസാരിക്കാൻ കഴിഞ്ഞില്ല. ഇന്ന് ഞാൻ ഔരുപാട് ഭാഗ്യവാനാണ്.

❑ കറാച്ചിയിൽനിന്നുവന്ന ഒരു യുവാവ് ഉഥ്മാൻ അഹ്മദ് സാഹിബ് പറഞ്ഞു: ഞങ്ങൾക്ക് ഞങ്ങളുടെ ആഖായെ കാണാൻ ഒരു ആവേശമായിരുന്നു. ആഖായെ കാണാൻ കൊതിച്ചിരുന്നു. അല്ലാഹു ഞങ്ങളുടെ പ്രാർഥനകൾ കേട്ടു. ഇന്ന് കൂടിക്കാഴ്ചയുടെ നിമിഷം കിട്ടി. അല്ലാഹുവിന്റെ കരുണയാണ്.അല്ലാഹുവിന് നന്ദി. അല്ലാഹുവിന്റെ ഫള്ൽ ഇല്ലാതെ ഈ നിമിഷം കിട്ടുകയില്ല. അല്ലാഹു ഹുദൂറിന്റെ തണൽ ദീർഘനാൾ നമ്മളിൽ സമാധാനത്തോടെ വെക്കുമാറകട്ടെ. ആമീൻ.

❑ മുൽത്താനിൽനിന്നു വന്ന ഒരു യുവാവ് അമ്മാർ മുബശ്ശിർ സാഹിബ് പറഞ്ഞു:എന്റെ ഇപ്പോഴത്തെ അവസ്ഥ എന്താണെന്നാൽ വികാരാവേശത്താൽ വാക്കുകൾ എന്റെ നാവിലൂടെ വരുന്നില്ല. ജീവിതത്തിൽ ആദ്യമായാണ് ഹുദൂറിനെ അടുത്തുനിന്ന് കാണുന്നത്. എനിക്കൊന്നും പറയാൻ കഴിയുന്നുണ്ടായിരുന്നില്ല. ഞാൻ വളരെ പ്രയാസപ്പെട്ട് മാതാപിതാക്കൾക്കുവേണ്ടി ദുആ ചെയ്യാൻ പറഞ്ഞു.

❑ ഗോജറൻ വാലാ ജില്ലയിലെ അലിപൂർ ഛട്ടയിൽനിന്നുവന്ന നബീൽ അഹ്മദ് സാഹിബ് പറയുന്നു: വാക്കുകളിൽ വിവരിക്കാൻ പറ്റുകയില്ല. ഹുദൂറുമായി കൂടിക്കാഴ്ച നടത്തുക എന്റെ ഒരു സ്വപ്നമായിരുന്നു. അത് പുലർന്നെന്നും ഹുദൂറുമായി കൂടിക്കാഴ്ച നടന്നെന്നും എനിക്കിപ്പോഴും വിശ്വസിക്കാൻ കഴിയുന്നില്ല. ഇത് അല്ലാഹുവിന്റെ ഒരു പ്രത്യേക ഫള്ലാണ്. ജീവിതം മുഴുവൻ ശുക്ർ ചെയ്താലും അത് മതിയാകുകയില്ല. അല്ലാഹു ഹുദൂറിന്റെ തണൽ ദീർഘനാൾ നമ്മളിൽ സമാധാനത്തോടെ വെക്കുമാറകട്ടെ. ആമീൻ. നമുക്ക് ഹുദൂറിന്റെ എല്ലാ നിർദേശങ്ങളുമനുസരിച്ച് പ്രവർത്തിക്കാൻ തൗഫീഖ് നല്കുമാറാകട്ടെ.

❑ റബ്വയിൽനിന്നു വന്ന ഒരു യുവാവ് മുഹ്സിൻ രിളാ സാഹിബ് പറഞ്ഞു: എനിക്കു സംസാരിക്കാൻ കഴിയുന്നില്ല. ഇന്ന് ജീവിതത്തിലെ ഏറ്റവും വലിയ ആഗ്രഹം പൂർത്തിയായി. എന്റെ നെഞ്ചിടിപ്പ് ഇപ്പോൾ വേഗത്തിലാണ്. ഇന്ന് എന്റെ കൂടിക്കാഴ്ച നടന്നുവെന്ന് എനിക്ക് വിശ്വസിക്കാനെ കഴിയുന്നില്ല. കൂടിക്കാഴ്ച എന്നെ ആകപ്പാടെ മാറ്റിമറിച്ചു.

❑ റബ്വയിൽനിന്നു വന്ന ഖറം ശഹ്സാദ് സാഹിബ് പറഞ്ഞു: എം.ടി.എ യിൽ ജൽസാ കാണാറുണ്ടായിരുന്നു. അതിൽ ഹുദൂർ അൻവർ പങ്കെടുത്തിരുന്നു. ഈ ജൽസകളിൽ പങ്കെടുക്കണമെന്നതും ഹുദൂർ അൻവറിനെ നേരിൽ കാണണമെന്നതും എന്റെ അതിയായ ആഗ്രഹമായിരുന്നു. അല്ലാഹു അവന്റെ അനുഗ്രഹത്താൽ ഇന്ന് ആ ദിനം കാണിച്ചു. സന്തോഷം പ്രകടിപ്പിക്കാൻ എന്റെ പക്കൽ വാക്കുകളില്ല. ജൽസയിലും പങ്കെത്തു. ഇന്ന് ഹുദൂറുമായുള്ള കൂടിക്കാഴ്ചയുടെ നിമിഷങ്ങളും ലഭിച്ചു. ഇത് അല്ലാഹുവിന്റെ എത്രവലിയ പാരിതോഷികമാണെന്നാൽ അതിനെക്കാൾ വലിയ ഒരു പാരിതോഷികവുമില്ല.

❑ സർഗോദ ജില്ലയിലെ സർദാർ വാസി മശ്ഹൂദ് അംജദ് ശഹ്സാദ് സാഹിബ് പറയുന്നു:എന്റെ അവസ്ഥ ഒരു മനുഷ്യനും വിവരിക്കാൻ സാധിക്കുകയില്ല. ഹുദൂർ അൻവറിനെ കാണാൻ എനിക്ക് അതിയായ ആഗ്രഹമുണ്ടായിരുന്നു. ജീവിതത്തിൽ ഹുദൂർ അൻവറിന്റെ പരിശുദ്ധ കരങ്ങൾ മുത്തുന്ന ഒരു ദിവസം എനിക്ക് ലഭിക്കുന്നതിനുവേണ്ടി ഞാൻ ഹുദൂറിന് കത്തെഴുതാറുണ്ടായിരുന്നു. ദുആ സ്വീകരിക്കപ്പെട്ടു. ഖലീഫ എന്റെ കൈപിടിച്ച ലോകത്തിലെ ഭാഗ്യവാനായ മനുഷ്യനാകുന്നു ഞാൻ. ഞാൻ ഹുദൂറുമായി സംസാരിച്ചു. ഫോട്ടോയുമെടുത്തു.

❑ നങ്കാനയിൽനിന്ന് വന്ന യുവാവ് ബാബർ ഇഖ്റാർ സാഹിബ് പറയുന്നു: ഹുദൂറുമായി കൂടിക്കാഴ്ച നടത്താൻ എത്രമാത്രം ആഗ്രഹം എനിക്കുണ്ടായിരുന്നുവെന്ന് എനിക്കു പറയാൻ സാധിക്കുകയില്ല. ഞാൻ ജർമനി ജൽസയിൽ പോയത് ഹുദൂറിന്റെ മുഖകമലം കാണുന്നതിനുവേണ്ടിയാണ്. ഹുദൂറിന്റെ മുഖകമലം കണ്ടതോടെ എന്റെ വായിൽനിന്ന് അനിയന്ത്രിതമായി മാശാഅല്ലാഹ് പുറപ്പെട്ടു. ഇന്ന് അല്ലാഹു കൂടിക്കാഴ്ച എന്നാഗ്രഹവും പൂർത്തിയാക്കി. ഞാൻ അങ്ങേയറ്റം അടുത്തുനിന്ന് പ്രിയപ്പെട്ട ആഖായെ നോക്കിക്കണ്ടു.

❑ മീർപൂർഖ്വാസി സിന്ധിലെ, നുസ്വ്റത്താബാദ് വാസി ഖാലിദ് അഹ്മദ് ഛഠ സാഹിബ് പറയുന്നു: ഇന്ന് എന്റെ മനസ്സിന് സമാധാനം കിട്ടി. പാക്കിസ്താനിലെ ഏതൊരു പ്രദേശത്തുകാരനാണോ ഞാൻ, അവിടെനിന്ന് ഏതെങ്കിലും സാധാരണക്കാരൻ ഇവിടെ വരികയെന്നത് വളരെ ദുഷ്കരമാണ്. ഹുദൂർ അൻവറിനെ കാണാൻ എനിക്ക് അതിയായ ആഗ്രഹമുണ്ടായിരുന്നു. ഞങ്ങൾ എം.ടി.എ യിൽ ഹുദൂറിനെ കാണാറുണ്ടായിരുന്നു. അല്ലാഹു ഒരുപാട് ബുദ്ധിമുട്ടുകളുണ്ടായിരുന്നിട്ടും ഇവിടെ വരാനുള്ള സാഹചര്യമൊരുക്കി. ഇന്ന് എന്റെ ആഗ്രഹം പൂർത്തിയാകുകയും ചെയ്തു. അതിനു നന്ദി പറയാൻ ഞാൻ അശക്തനാണ്.

❑ ചീനിയോട്ടിൽനിന്നുവന്ന ഡോക്ടർ ഖയ്സ്വർ ഖറം സാഹിബ് പറയുന്നു: ഞാൻ 2003 ലാണ് ബയ്അത്ത് ചെയ്തത്. പിന്നീട് എന്റെ മാതാവും ബയ്അത്തു ചെയ്തു. അതുകഴിഞ്ഞ് ഭാര്യയും ബയ്അത്ത് ചെയ്തു. ഇന്ന് ഞാൻ അങ്ങേയറ്റം ഭാഗ്യവാനാണ്. എനിക്ക് ഹുദൂറുമായി കൂടിക്കാഴ്ച നടത്താൻ അവസരം കിട്ടി. ഞാൻ ജീവിതത്തിൽ ആദ്യമായി ഹുദൂറിനെ അങ്ങേയറ്റം അടുത്തുനിന്ന് കണ്ടു. എന്താണ് പറയേണ്ടതെന്ന് എനിക്ക് മനസ്സിലാകുന്നുണ്ടായിരുന്നില്ല. പിതാവിന്റെ ഹിദായത്തിനുവേണ്ടി ദുആ ചെയ്യാൻ മാത്രം പറഞ്ഞു; അദ്ദേഹവും അഹ്മദിയാകാൻ! കൂടിക്കാഴ്ചയ്ക്കുശേഷം ഞാൻ ആഭ്യന്തരമായി ശുദ്ധനായതായി എനിക്ക് അനുഭവപ്പെട്ടു. മനസ്സ് പഞ്ഞിപോലെ ഘനമില്ലാതായി. തികച്ചും മാറിപ്പോയി. ഒരു നി മിഷത്തെക്കാൾ കുറഞ്ഞ സമയം. പക്ഷേ, ആ നിമിഷം മാറ്റിമറിച്ചുവച്ചു. എന്റെ അല്ലാഹു എനിക്ക് എല്ലാം തന്നു.

കൂടിക്കാഴ്ചയുടെ ഈ പരിപാടി 8.10ന് സമാപിച്ചു. ഹുദൂർ കുറച്ചു നേരത്തേക്ക് താമസസ്ഥലത്തുപോയി. മഗ്രിബ്-ഇശാ നമസ്കാരത്തിനുള്ള സംവിധാനം ചെയ്തിരുന്നത് ബയ്ത്തുന്നൂറിനോടു ചേർന്ന് തയ്യാറാക്കിയിരുന്ന (സ്ത്രീകളുടെ ജൽസാഗാഹ്) പന്തലിലായിരുന്നു. ബയ്ത്തുന്നുറിൽ നമസ്കാരത്തിന് സ്ത്രീകൾ സംഘടിച്ചിരുന്നു.

**ആമീൻ പരിപാടി**

ഇന്ന് പെൺകുട്ടികളുടെ ആമീൻ പരിപാടിയുമുണ്ടായി

രുന്നു. അത് ബയ്ത്തുന്നൂറിലെ സ്ത്രീകളുടെ ഭാഗത്താണ് നടന്നത്. പരിപാടിയനുസരിച്ച് ഹുദൂർ അൻവർ 8.30 ന് ബയ്ത്തുന്നൂറിലെത്തി. ആമീൻ പരിപാടിക്ക് തുടക്കം കുറിച്ചു. താഴെ പറയുന്ന 30 പെൺകുട്ടികൾ ഈ പരിപാടിയിൽ പങ്കെടുത്തു. ഹുദൂർ ഊഴമനസരിച്ച് ഓരോരുത്തരിൽനിന്ന് ഓരോരോ ആയത്ത് ഓതിക്കേട്ടു. അവസാനം ദുആ ചെയ്യിച്ചു. കുട്ടികളുടെ പേരുകൾ ഇ വയാണ്: അസീസ വർദ കാശിഫ്, മഹോശ് നുഅ്മാന ആരിഫ്, മൻസാ അല്ഹർ മുംതാസ്, മാരിയ നസ്വീർ, സഹ്ർ റാണ, ഥാനിയ സിദ്ദീഖി, കാശിഫത്തുന്നൂർ മഹ്ബൂബ്, അനീസ ഇംറാൻ ചൗദ്‌രി, ഫാതിഹ ആമിർ, ഇനായ അലി, നാജിയ അസ്‌ലം, ദാനിയ അഹ്മദ് ജട്ട്, യീശാഅ് സുൽത്വാൻ, അത്വിയ്യത്തുൽ ബാസിത്വ്, നമൂദെസഹ്ർ മഹ്മൂദ്, Noer ഹയാ മന്നാൻ, അദീല ഫാറൂഖ്, ഹിബ്ത്തുൽബസ്വീർ മലിക്, ആസ്വിഫ മലിക്, ത്വാഹിറ El Hadouchi, മഹ്നൂർ അക്മൽ, സ്വബ്ഗത്തുൽമുഖീത്വ്, മനാഹൽ മൻസ്വൂർ, Saniha നസ്വീർ, Anosh Sakhi, ദരീശാഹ് അഞ്ചും, ഉറൂജ് മീർ, ആരിഫ മുബശ്ശിർ ആരിഫ്, ജാദിബ കമാൽ ഖാളി, അത്വിയ്യത്തുസ്സുബൂഹ്.

അതുകഴിഞ്ഞ് ഹുദൂർ പന്തലിലെത്തി മഗ്‌രിബ്-ഇശാ ജംആക്കി നമസ്കരിപ്പിച്ചു.

**നവഅഹ്മദികളുടെ ഈമാൻ വർധക സംഭവങ്ങൾ**

ഹോളണ്ട് ജൽസാസാലാനയിൽ വിവിധ രാജ്യങ്ങളിൽനിന്ന് സഹോദരങ്ങൾ പങ്കെടുത്തു. അവരിൽ ഒരു വിഭാഗം നവഅഹ്മദികളുടേതുമായിരുന്നു. അവരും ജൽസയുടെ അന്തരീക്ഷത്തിൽനിന്നും പരിപാടികളിൽനിന്നും ഫലമെടുത്തു.

❑ മൊറോക്കോയുമായി ബന്ധമുള്ള സ്ത്രീ ആമിന സാഹിബ ബെൽജിയത്തിൽനിന്ന് ജൽസയിൽ പങ്കെടുക്കാൻ വന്നിരുന്നു. അവർ പറയുന്നു: ജൽസാ സാലാന ഹോളണ്ടിലാണ് എനിക്ക് ആദ്യമായി ഹുദൂറിന്റെ പിന്നിൽ ന മസ്കരിക്കാൻ തൗഫീഖ് കിട്ടിയത്. എനിക്ക് ദുആകൾ ചെയ്യാൻ അവസരം കിട്ടി. എന്റെ മനസ്സിന് ഒരുപാട് സമാധാനം കിട്ടി.

❑ മിസ്സിസ്സ് ആഇശ കാബന്ദ മലിക് ഇൗീഴീ യുമായി ബന്ധമുള്ളവരാണ്. ബെൽജിയത്തിൽ താമസിക്കുന്നു. അവർ പറയുന്നു: ഹുദൂർ ലജ്നയോടു ചെയ്ത പ്രസംഗത്തിൽ നിന്ന് എനിക്ക് ഒരുപാട് പഠിക്കാൻ കഴിഞ്ഞു. എനിക്ക് ഹുദൂറിന്റെ പന്നിൽ നമസ്കരിക്കാൻ ഭാഗ്യമുണ്ടായി. ഹുദൂർ തന്റെ പ്രസംഗത്തിൽ നല്കിയ ഉപദേശങ്ങൾ നമുക്ക് അത്യാവശ്യമുള്ളതാണ്. നമ്മൾ അതനുസരിച്ചാണ് കർമങ്ങൾ ചെയ്യേണ്ടതാണ്.

❑ തൗഫീഖ് ജാമാദി സാഹിബ് ഇദ്ദേഹത്തിന്റെ ബന്ധം മൊറോക്കോയുമാണ് തന്റെ കുടുംബത്തോടൊപ്പമാണ് ജൽസയിൽ പങ്കെടുക്കാൻ വന്നത്. പറയുന്നു: ഞങ്ങൾ ജൽസയിൽ വന്നത് ഹുദൂറിനെ ദർശിക്കാൻ വേണ്ടിയാണ്. ഹുദൂറിന്റെ പിന്നിൽ നമസ്കരിക്കാൻ വേണ്ടിയാണ്. ജൽസയുടെ ആത്മീയ അന്തരീക്ഷമുണ്ട്. അതിൽനിന്ന് നമുക്ക് ഫലമുണ്ടാകുന്നു. ഹുദൂർ അൻവറിന്റെ ഓരോരോ വാക്കും നമ്മുടെ ഹൃദയംവരെ എത്തുന്നു. ഹുദൂർ അൻവറിന്റെ പ്രഭാഷണങ്ങൾ നമ്മെ റീചാർജ് ചെയ്തിരിക്കുന്നു.

❑ ഘാനക്കാരമായ ഒരു സ്നേഹിതൻ അബ്ദുസ്സമദ് സാഹിബ്, ഇദ്ദേഹം ബെൽജിയമിലാണ് താമസിക്കുന്നത് പറയുന്നു:ഞാൻ ഹുദൂർ അൻവറിന്റെ എല്ലാ പ്രഭാഷണങ്ങളും കേട്ടു. ഹുദൂർ അൻവർ ആത്മീയമായ ഉത്തരവാദിത്വത്തിലേക്കും നമ്മുടെ ശ്രദ്ധക്ഷണിച്ചു. നമ്മുടെ ബാഹ്യമായ വസ്ത്രങ്ങളുടെ മനോഹാരിതയെക്കാൾ കൂടുതൽ നമ്മുടെ ആഭ്യന്തരവും ആത്മീയവുമായ മനോഹാരിത ഉണ്ടായിരിക്കേണ്ടതാണ്. അത് നമസ്കാരം മുഖേനയാണ് ഉണ്ടാകുന്നത്. ഹുദൂർ അൻവറിന്റെ പ്രസംഗത്തിലെ ഓരോരോ വാക്കും എന്റെ മനസ്സിനെ സ്വാധീനിച്ചു. ഹുദൂർ അൻവർ നമ്മുടെ ദൗർബല്യങ്ങളെ കുറിച്ചും പറയുകയുണ്ടായി. ഇവിടെ വന്ന് ഹുദൂർ അൻവറിന്റെ പിന്നിൽ നമസ്കരിക്കാനും ഈ ആത്മീയാന്തരീക്ഷത്തെ പ്രയോജനപ്പെടുത്താനും കഴിഞ്ഞ ഞാൻ എന്നെ ഭാഗ്യവാനായി കരുതുന്നു.

❑ ഒരു നവഅഹ്മദി സ്നേഹിതൻ കർബോസ് ഇദ്‌രീസ് സാഹിബ് മൊറോക്കോകാരനാണ് ബെൽജിയമിലാണ് താമസിക്കുന്നത് ജൽസയിൽ പങ്കെടുക്കാൻ വന്നിരുന്നു. അദ്ദേഹം പറയുന്നു: ആദ്യം എനിക്ക് ജർമനി ജൽസാസാലാനയിൽ പങ്കെടുക്കാൻ അവസരം കിട്ടി. ഇപ്പോൾ ഹോളണ്ട് ജൽസാസാലാനയിലും പങ്കെടുക്കുന്നു. ഈ ജൽസാസാലാനയിൽ ഇസ്‌ലാം സമർപിക്കുന്ന സാഹോദര്യത്തിന്റെ അധ്യാപനമാണ് ലഭിക്കുന്നത്. ആളുകൾ വളരെ സന്തോഷത്തോടും സ്നേഹത്തോടുംകൂടി പരസ്പരം കണ്ടുമുട്ടുന്നു. ജൽസകളിൽ പങ്കെടുക്കുമ്പോൾ ഈമാനിന് വലിയ കരുത്ത് ലഭിക്കുന്നു. കാലത്തിന്റെ ഖലീഫയെ കാണുമ്പോഴെല്ലാം മനസ്സിന് ശാന്തിയും സമാധാനവും ലഭിക്കുന്നു. ഇവിടെ ഞാൻ ഹുദൂർ അൻവറിനെ പലപ്രാവശ്യവും കണ്ടു. മനഃസമാധാനം പ്രാപിച്ചു. ഞാൻ അല്ലാഹുവിന് നന്ദി പറയുന്നു.

❑ റുവാണ്ടയുമായി ബന്ധമുള്ള ഒരു യുവാവ് വസേലി സ്വദാം സാഹിബ് ബെൽജിയമിൽനിന്നാണ് വന്നത്. അദ്ദേഹം പറഞ്ഞു:ഈ ജൽസയിൽ പങ്കെടുത്ത് ഞാൻ ഖിലാഫത്തിന്റെ ബർക്കത്തുകൾ സ്വരുക്കൂട്ടി. എനിക്ക് ഹുദൂർ അൻവറിന്റെ പ്രഭാഷണങ്ങൾ കേൾക്കാൻ അവസരം കിട്ടി. ഹുദൂറിന്റെ ഉപദേശങ്ങൾ കേട്ടു. ഇതിന്റെ അടിസ്ഥാനത്തിൽ ഞാനെന്നെ ഭാഗ്യവാനായി കരുതുന്നു. ഹുദൂറർ അൻവറിന്റെ അനുഗൃഹീതമായ വ്യക്തിത്വത്തിൽനിന്ന് ബർക്കത്തെടുക്കണമെന്ന് എല്ലാവരും ആഗ്രഹിക്കുന്നതാണ്. ഞാനും ജൽസയിൽ പങ്കെടുത്തുകൊണ്ട് ഈ ബർക്കത്തിൽഭാഗഭാക്കായി.

❑ യമനുമായി ബന്ധമുള്ള ഒരു സ്നേഹിതൻ അബ്ദുല്ലാഹ് അൽഹംരി സാഹിബ് ബെൽജിയമിൽനിന്നാണ് വന്നത്. പറഞ്ഞു: ഏറ്റവുമാദ്യം ഞാൻ അല്ലാഹുവിന് ശുക്ർ ചെയ്യുന്നു. അവൻ എനിക്ക് ഈ ജൽസയിൽ പങ്കെടുക്കാൻ അവസരം നല്കി. ഞാനെന്നെ വലിയ ഭാഗ്യവാനായി മനസ്സിലാക്കുന്നു. എനിക്ക് ഹുദൂർ അൻവറിനെ ദർശിക്കാനും അവിടത്തെ സാമീപ്യം പ്രാപിക്കാനും ഭാഗ്യമുണ്ടായി. ഞാൻ ഹുദൂറിനെ പിന്തുടർന്ന് നമസ്കരിച്ചു. എന്റെ ബന്ധം ഒരു അറേബ്യൻ രാജ്യവുമായിട്ടാണ്. ഞാൻ ഒരുപാട് ദുആ ചെയ്യുകയാണ്, ഹുദൂറിന്റെ ആഗ്രഹമനുസരിച്ച് അറേബ്യൻ ജനതവരേയും അഹ്മദിയ്യാ ജമാഅത്തിന്റെ സമാധാനനിർഭരമായ സന്ദേശം എത്തുമാറാകട്ടെ. അവരും ഖിലാഫത്തിന്റെ നിഅ്മത്തിൽനിന്ന് സമൃദ്ധരാകുമാറാകട്ടെ. ജമാഅത്തിൽപ്രവേശിച്ചിട്ട് എനിക്ക് കിട്ടിയ സമാധാനം എല്ലാ അറബ് രാജ്യങ്ങളിലേയും ആളുകളും പ്രാപിക്കുമാറാകട്ടെ. ആമീൻ (തുടരും)

...☆...☆...☆...

## അനുസ്മരണം:-

### എ. സുലയ്മാൻ സാഹിബ് പഴയങ്ങാടി

കണ്ണൂർ, പഴയങ്ങാടി ജമാഅത്തിലെ അമ്പലത്തിൽ സുലയ്മാൻ സാഹിബ് 10-4-2021 ന് വഫാത്തായി. 81 വയസ്സായിരുന്നു. إِنَّا لِلّٰهِ وَإِنَّا إِلَيْهِ رَاجِعُونَ പിതാവ് ബി.എസ്. മൊയ്തീൻ കുട്ടിക്ക. മാതാവ് സയ്നബ സാഹിബ. 1960-ൽ ഇരുപതാമത്തെ വയസ്സിൽ ബയ്അത്ത് ചെയ്തു. മാതൃസഹോദരന്മാരും പ്രമുഖ അഹ്മദികളുമായ എ. സുലയ്മാൻ സാഹിബും എ ഉമർഹാജി സാഹിബുമാണ് അദ്ദേഹത്തിനും അദ്ദേഹത്തിന്റെ സഹോദരന്മാരായ എ. മഹ്മൂദ് സാഹിബ് എ. ആലിക്കുഞ്ഞ് സാഹിബ് എന്നിവർക്കും മാതാവിനും ജമാഅത്തിലേക്ക് വരാൻ കാരണമായത്. സുലയ്മാൻ സാഹിബ് വിവാഹം കഴിച്ചത് തന്റെ മാതുലപുത്രി ബി. നാസ്വിറ സാഹിബയെയാണ്. നിശാൻ അഹ്മദ് സാഹിബാണ് മകൻ. കുറച്ചുകാലം തദ്ദേശ ജമാഅത്തിലെ പ്രവർത്തക സമിതി അംഗമായിട്ടുണ്ട്. ജമാഅത്തിന്റെ എല്ലാ പരിപാടികളിലും സജീവമായി പങ്കെടുത്തിരുന്നു. ജമാഅത്തിലെ എല്ലാ അംഗങ്ങളോടും നല്ല രീതിയിൽ പെരുമാറിയിരുന്ന അദ്ദേഹം സാധുക്കളെ സഹായിക്കുന്നതിലും പ്രത്യക താൽപര്യം കാണിച്ചിരുന്നു. മുബല്ലിഗുമാരോടും മുഅല്ലിമുമാരോടും കേന്ദ്രത്തിൽനിന്നു വരുന്ന ഉദ്യോഗസ്ഥന്മാരോടും ആദരവോടും ബഹുമാനത്തോടും കൂടി പെരുമാറിയിരുന്നു. 16-1-2008 ലാണ് അദ്ദേഹം വസ്വിയ്യത്ത് ചെയ്തത്. ജീവിതകാലത്തുതന്നെ ജാഇദാദ് ചന്ദ അടച്ചു തീർത്തിരുന്നു. അഞ്ചുനേരവും കൃത്യമായി മസ്ജിദിൽ വന്ന് നമസ്കരിക്കുകയും തഹജ്ജുദ് കൃത്യമായി അനുഷ്ഠിക്കുകയും ഖലീഫത്തുൽമസീഹിന്റെ ഓരോ ആഹ്വാനത്തിനും ലബ്ബയ്ക്ക് പറയുകയും ചെയ്തിരുന്നു. 1986-ൽ ലണ്ടനിൽവച്ചും 1991 ഡിസംബറിൽ ഖദിയാനിൽവച്ചും ഹദ്റത്ത് ഖലീഫത്തുൽമസീഹ് റാബിഉ(റഹ്)മായും 2008 നവംബറിൽ ഹദ്റത്ത് ഖലീഫത്തുൽ മസീഹ് ഖാമിസ് അയ്യദഹുല്ലാഹുത്തആലാ ബിനസ്വ്രിഹിൽ അസീസുമായി കോഴിക്കോട്ടുവച്ചും കൂടിക്കാഴ്ച നടത്താനുള്ള തൗഫീഖ് അദ്ദേഹത്തിന് ലഭിച്ചു. അല്ലാഹു അദ്ദേഹത്തിന് സ്വർഗത്തിൽ ഉന്നതസ്ഥാനം നല്കി അനുഗ്രഹിക്കുമാറാകട്ടെ. കരുണയോടെ പെരുമാറട്ടെ. ആമീൻ (മുഹമ്മദ് ഇസ്മായീൽആലപ്പുഴ, ബദ്ർ നാഇബ് എഡിറ്റർ)

### ഏഴോം(പഴയങ്ങാടി) സി. യൂസുഫ് ഹാജി സാഹിബ്

കേരളത്തിലെ അഹ്മദികൾക്ക് സുപരിചിതനാ യ സി. യൂസുഫ് ഹാജീ സാഹിബ് 30-3-2021 ചൊവ്വാഴ്ച തന്റെ രക്ഷിതാവിലേക്ക് മടങ്ങി. إِنَّا لِلّٰهِ وَإِنَّا إِلَيْهِ رَاجِعُونَ പിതാവ് പരേതനായ ടി. ഹുസയ്നാർ ഹാജി. പഴയങ്ങാടിയിലെ അ സ് ലം പ്ലൈവുഡ്സ്, ബദ്‌രിയ്യ സോമിൽ എന്നീ സ്ഥാപനങ്ങളുടെ ഉടമയായിരുന്ന അദ്ദേഹത്തിന് 73 വയസ്സായിരുന്നു. ഭാര്യ സമീന സാഹിബ.

വളരെമുമ്പേ ജമാഅത്തിനെ കുറിച്ച് പഠനം നടത്തിക്കൊണ്ടിരുന്ന അദ്ദേഹം പല അഹ്മദികളുമായും ഈ വിഷയകമായി ചർച്ച നടത്തുകയും ചെയ്തിരുന്നു. അതിന്റെ ഫ ലമായി യൂസുഫ് ഹാജീ സാഹിബ് 2003 ൽ ബയ്അത്ത് ചെയ്ത് അഹ്മദിയ്യാ മുസ്‌ലിം ജമാഅത്തിൽ ചേർന്നു. തുടർന്ന് പഴയങ്ങാടി ജമാഅത്തിൽ സജീവാംഗമായി പ്രവർത്തിച്ചു. കേരളത്തിലെ അറിയപ്പെട്ട മുജാഹിദു പ്രവർത്തകനായ ഹാജീ സാഹിബ് ജമാഅത്തിൽ ചേർന്നത് അവർക്കിടയിൽ മുറുമുറുപ്പുണ്ടാക്കി. അദ്ദേഹത്തെ അഹ്മദിയ്യത്തിൽനിന്ന് 'തൗബ'ചെയ്യിക്കാൻ മരണം വരെ ശ്രമമുണ്ടായി. പക്ഷേ, ഹാജീ സാഹിബ് മരണംവരെ ആ പരീക്ഷണത്തെയെല്ലാം അതിജീവിച്ചു. ഈമാനിൽ ഉറച്ചുനിന്നു.

ജമാഅത്തിന്റെ എല്ലാ പരിപാടികളിലും സജീവമായിരുന്ന ഹാജീ സാഹിബ് ഖാദിയാനിൽ നടക്കുന്ന ജൽസാസാലാനയിൽ എല്ലാ വർഷവും പങ്കെടുത്തിരുന്നു. ഭാര്യ സമീന

(ശേഷം പേജ് 12 ൽ)

**ഹദീഥുന്നബ്‌വി(സ):**

**"ആര് എന്റെമേൽ സ്വാലത്ത് ചൊല്ലിയാലും ഞാൻ അയാൾക്ക് മറുപടി നല്കുന്നതിനുവേണ്ടി അല്ലാഹു എന്റെ ആത്മാവിനെ മടക്കി അയക്കുന്നതാണ്."**
*(അബൂദാവൂദ്, കിതാബുൽമനാസിക്)*

ത്വാലിബെ ദുആ:
K.Muhammad Safwan & Family
Ahmadiyya Jama-ath Kakkanad, Kerala

**ഹദീഥുന്നബ്‌വി(സ):**

**'അല്പമുള്ളതിന് നന്ദി കാണിക്കാത്തവൻ കൂടുതലുള്ളതിനും നന്ദി കാണിക്കുകയില്ല. മനുഷ്യരോടു നന്ദി കാണിക്കാത്തവൻ അല്ലാഹുവിനോടും നന്ദികാണിക്കുന്നില്ല.'**
*(മുസ്നദ് അഹ്മദ് ബിൻ ഹമ്പൽ)*

ത്വാലിബെ ദുആ:
K.Muhammad Shareef &Family
Ahmadiyya Jama-ath Vaniyambalam, Kerala

(പേജ് 8 ൽ നിന്ന്)

പ്പോൾ ഇദ്ദേഹം വളരെ തന്റേടത്തോടെ എഴുന്നേറ്റുനിന്ന് പറഞ്ഞു: 'ഞാൻ അഹ്മദിയാണ് എന്നെ കൊല്ലുക.' എന്തായാലും പിന്നീട് അദ്ദേഹം അവിടെനിന്ന് രാജിവച്ച് പാക്കിസ്താനിൽവന്നു. ഇവിടെവന്ന് തന്റെ മെഡിക്കൽ സ്റ്റോർ തുറന്നു. അക്കാലത്ത് ദാറുർറഹ്മത്ത് കിഴക്കിന്റെ (രാജേകി)മുഹല്ല സ്വദ്റുമായിരുന്നു. ഇപ്രകാരം തന്നെ എം.ടി.എ യിലെ പുശ്ത്തു ഭാഷയിലെ അമ്പതോളം ചർച്ചാപരിപാടിയിൽ പങ്കെടുത്തു. മുഹല്ലയിലെ ഓരോ വ്യക്തിയോടും സ്നേഹബന്ധമുണ്ടായിരുന്നു. പിതൃപരമായ പെരുമാറ്റമായിരുന്നു. നിശബ്ദമായി ആളുകളെ സാമ്പത്തികമായി സഹായിച്ചിരുന്നു. മൂസിയായിരുന്നു. ഭാര്യയ്ക്കു പുറമെ രണ്ടു ആൺമക്കളും നാലു പെൺമക്കളുമുണ്ട്.

അടുത്ത അനുസ്മരണം ആസ്ത്രേലിയായിലെ അയാസ് യൂനുസ് സാഹിബിന്റേതാണ്. മാർച്ച് 24 ന് അദ്ദേഹം ആസ്ത്രേലിയായിലെ സ്റ്റേറ്റ് ന്യൂ സൗത്ത് വെൽസിൽ വെള്ളപ്പൊക്കത്തിൽ മുങ്ങിപ്പോയകാരണത്താൽ വഫത്തായി. إِنَّا لِلّٰهِ وَإِنَّا إِلَيْهِ رَاجِعُوْن വളരെ സേവനം ചെയ്യുന്ന ഖാദിമായിരുന്നു. അദ്ദേഹം സ്വദ്ർ സാഹിബിനോടു പറഞ്ഞു:'അങ്ങയ്ക്ക് എന്തെങ്കിലും ജോലിയുടെ ഈ ആവശ്യം വന്നാൽ എന്നോടു എപ്പോൾ കല്പിച്ചാലും ഞാൻ ഹാജരായിരിക്കും. എപ്പോഴും സേവനത്തിന് സന്നദ്ധനായ ആളായിരുന്നു. തന്റെ വീടിന്റെ വാതിൽ എപ്പോഴും തുറന്നിരിക്കുമെന്നും എന്തെങ്കിലും സഹായം ആർക്കെങ്കിലും എപ്പോൾ ആവശ്യം വന്നാലും വരാമെന്നും ഓരോരുത്തരോടും പറയുമായിരുന്നു. എല്ലാവരേയും സജീവമായി സഹായിച്ചിരുന്നു. യുവാവായിരുന്നു. വിവാഹവും കഴിഞ്ഞിരുന്നില്ല. അദ്ദേഹത്തിന്റെ മാതാപിതാക്കൾക്ക് പാക്കിസ്താനിൽനിന്ന് വരാൻ സർക്കാർ വിസ നല്കിയിട്ടുണ്ട്. സർക്കാർ പ്രതിനിധികളുടെ സാന്നിധ്യത്തിലാണ് അദ്ദേഹത്തെ ഖബറടക്കിയത്.

അടുത്ത അനുസ്മരണം മിയാൻ ഖുർബാൻ ഹുസയ്ൻ സാഹിബിന്റെ മകൻ മിയാൻ ത്വാഹിർ അഹ്മദ് സാഹിബിന്റേതാണ്. ഇദ്ദേഹം വക്കാലത്തെ മാൽ ഥാലിഥ് റബ്വയിലെ മുൻ ഉദ്യോഗസ്ഥനായിരുന്നു. ഇവിടുത്തെ ഇസ്ലാമാബാദിലെ പ്രൊജക്ട് എഞ്ചിനിയർ ഇദ്‌രീസ് അഹ്മദ് സാഹിബിന്റെ പിതാവായിരുന്നു. 67-ാം വയസ്സിൽ വഫാത്തായി. إِنَّا لِلّٰهِ وَإِنَّا إِلَيْهِ رَاجِعُوْن തദ്ദേശ ജമാഅത്തിൽ തർബിയ്യത്ത് സെക്രട്ടറിയായിരുന്നു. നാഇബ് സ്വദ്റായും സഈം അൻസ്വാറുല്ലാഹ് എന്ന നിലയിലും സേവനം ചെയ്തുകൊണ്ടിരുന്നു. തഹജ്ജുദ് നമസ്കരിക്കുകയും നഫ്ലുകൾ നിറവേറ്റുകയും ചെയ്യുന്ന വ്യക്തിയായിരുന്നു. വിശുദ്ധ ഖുർആൻ നിത്യവും പാരായണം ചെയ്തിരുന്നു. മൂസിയായിരുന്നു. സന്തപ്ത കുടുംബത്തിൽ ഭാര്യയ്ക്കു പുറമെ രണ്ടു പെൺമക്കളും മൂന്നു ആൺമക്കളുമുണ്ട്.

അടുത്ത ജനാസ യൂ.കെ യിലെ റഫീഖ് ആഫ്താബ് സാഹിബിന്റേതാണ്. ഇദ്ദേഹം ഫാറൂഖ് ആഫ്താബ് സാഹിബിന്റെ പിതാവാണ്. അദ്ദേഹം ഏപ്രിൽ മാസത്തിൽ 63-ാം വയസ്സിൽ വഫാത്തായി. إِنَّا لِلّٰهِ وَإِنَّا إِلَيْهِ رَاجِعُوْن ഫാറൂഖ് സാഹിബ് എഴുതുന്നു: എന്റെ പിതാവ് ഒരുപാട് സൽഗുണങ്ങളുടെ ഉടമയായിരുന്നു. സൽസ്വഭാവിയും വിനയനും നിഷ്ക്കളങ്കനും എല്ലാവരോടും സൗഹൃദബന്ധമുള്ളയാളും ആദരാർഹനുമായിരുന്നു. ആളുകളെ ആദരിക്കുന്നയാളും അതിഥിസൽക്കാരപ്രിയനുമായിരുന്നു. ധാരാളമാളുകൾ ഫോണിലൂടെ അദ്ദേഹത്തിന്റെ സവിശേഷ ഗുണങ്ങൾ ഞങ്ങളെ അറിയിക്കുകയും അതിനുസക്ഷ്യം വഹിക്കുകയുമുണ്ടായി. വലിയ ആത്മാർഥനും ആത്മാർപണ സന്നദ്ധ ഭടനുമായിരുന്നു. ഖിലാഫത്തിനോടു അടുത്തിരിക്കാൻ കുട്ടികളേയും എപ്പോഴും പ്രേരിപ്പിച്ചിരുന്നു. ഇതിന്റെ ഫലമായാണ് മക്കളെല്ലാവരും ജമാഅത്തിന് സേവനം ചെയ്തുകൊണ്ടിരിക്കുന്നത്.

അടുത്ത ജനാസ യു.കെ.ജാമിഅ അഹ്മദിയ്യ ഉസ്താദായ മിർസാ നസ്വീർ അഹ്മദ് സാഹിബ് ഛട്ടി മസീഹിന്റെ ഭാര്യ സറീന അഖ്ത്തർ സാഹിബയുടേതാണ്. കഴിഞ്ഞമാസം അവർ വഫാത്തായി. إِنَّا لِلّٰهِ وَإِنَّا إِلَيْهِ رَاجِعُوْن ഇവരും സ്വഹാബത്തിന്റെ സന്താനപരമ്പരയിൽപ്പെട്ടതാണ്. വളരെ ക്ഷമാശീലയും കൃതജ്ഞത പ്രകടിപ്പിക്കുന്നവരും തന്റെ മാതാപിതാക്കളോടും ഭർതൃമാതാപിതാക്കളോടുമുള്ള കടമ ഭംഗിയായി നിറവേറ്റിയവരുമായിരുന്നു. വാഖ്ഫെ സിന്ദഗിയായ ഭർത്താവിനോടൊപ്പം കൂറോടും ഉള്ളതിൽ തൃപ്തിപ്പെട്ടും ജീവിച്ചു. ഘാനയിലാരുന്നപ്പോൾ വലിയ വലിയ സാമ്പത്തിക പ്രതിസന്ധികളുണ്ടായിട്ടും വലിയ ക്ഷമയോടും ശുക്റോടും കൂടി തന്റെ കുട്ടികളോടൊപ്പം ജീവിച്ചു. ഒരിക്കലും നാവിൽ പരാതി കൊണ്ടുവന്നിട്ടില്ല. പരേത മൂസിയ ആയിരുന്നു. അവരുടെ ഒരു മകൻ മിർസാ തൗഖീർ അഹ്മദ് വാഖിഫെ സിന്ദഗിയാണ്. എം.ടി.എ യിൽ പ്രവൃത്തിക്കുന്നു.

അടുത്ത ജനാസ ഹാഫിള് മുഹമ്മദ് ഇക്റാം സാഹിബിന്റേതാണ്. ഇതേ മാസത്തിൽ ഇദ്ദേഹം ത്വാഹിർ ഹാർട്ട് ആശുപത്രിയിൽ 80-ാം വയസ്സിൽ വഫാത്തായി. إِنَّا لِلّٰهِ وَإِنَّا إِلَيْهِ رَاجِعُوْن ഇദ്ദേഹത്തിന്റെ കുടുംബത്തിൽ അഹ്മദിയ്യത്ത് ഹദ്റത്ത് ഖലീഫത്തുൽ മസീഹ് അവ്വൽ മുഖേനയാണ് വന്നത്. അതിനുശേഷം ഇദ്ദേഹത്തിന്റെ പിതാമഹൻ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ കാലഘട്ടത്തിൽ എഴുത്തുമുഖേന ബയ്അത്ത് ചെയ്തിരുന്നു. നേരിട്ട് ബയ്അത്ത് ഉണ്ടായില്ല. പക്ഷേ, കത്തുമുഖേന ബയ്ത്തു ചെയ്തു. ഇദ്ദേഹത്തിന്റെ ഒരു ദൗഹിത്രൻ അബ്ദുൽ ഖബീർ രിള്‌വാൻ യു.കെ.യിലെ പി എസ്സ് ഓഫീസിൽ സേവനം ചെയ്തു വരുന്നു. അദ്ദേഹവും ജമാഅത്തിന്റെ സേവനത്തിന് തന്നെ സമർപിച്ചതാണ്. സാക്ഷ്യപ്പെടുത്തുന്നതിനുവേണ്ടി ഫയ്സ്വലബാദ് ജില്ല മുൻ അമീർ മുഹമ്മദ് അഹ്മദ് സാഹിബ് മള്ഹറിന്റെ അടുത്തു ചെന്നപ്പോൾ 'താങ്കൾ ദീനിന് സേവനം ചെയ്യണം'എന്ന് അദ്ദേഹം പറഞ്ഞു. താങ്കൾ ഇവിടെ എന്റെയടുത്ത് ദീനിന് സേവനം ചെയ്യുക. അവിടെ പിന്നീട് ഫയ്സ്വലബാദ് ജമാത്തിൽ ഉദ്യോഗസ്ഥനെന്ന നിലയിൽ ആയുസ്സ് മുഴുവൻ ജീവിച്ചു. ദീനിനെ ദുൻയാവിനെക്കാൾ മുന്തിച്ചു. തന്നത്താൻ വഖ്ഫാണെന്ന് മനസ്സിലാക്കി. മൂസിയായിരുന്നു. തന്റെ ജാഇദാദ് വിഹിതവും ജീവിതകാലത്തുതന്നെ അടച്ചുതീർത്തു. പതിവായി തഹജ്ജുദ് നമസ്കരിക്കുന്നയാളായിരുന്നു. ഫയ്സ്വലാബാദിൽ ധാരാളം കുട്ടികളെ വിശുദ്ധ ഖുർആൻ പഠിപ്പിച്ചിരുന്നു. ഹൃദിസ്തമാക്കിക്കാനും അദ്ദേഹത്തിന് തൗഫീഖ് കിട്ടി. തന്റെ ചെറിയ മകനെ ഹാഫിളാക്കി.

അടുത്ത ജനാസ ചൗദ്ദരീ നൂർ അഹ്മദ് നാസ്വിർ സാഹിബിന്റേതാണ്. ഇദ്ദേഹം കഴിഞ്ഞ ദിവസം 82-ാം വയസ്സിൽ വഫാത്തായി. إِنَّا لِلّٰهِ وَإِنَّا إِلَيْهِ رَاجِعُوْن ചൗദ്ദരീ മുഹമ്മദ് അബ്ദുല്ലാഹ് സാഹിബ് ദർവേശ് ഖാദിയാന്റെ മൂത്തമകനായിരുന്നു. ഇദ്ദേഹത്തിന്റെ രണ്ടുമക്കൾ ദൈവനുഗ്രഹത്താൽ വാഖിഫെ സിന്ദഗിയാണ്. ഒരു മകൻ മൻസ്വൂർ അഹ്മദ് നാസ്വിർ നമ്മുടെ ലൈബീരിയായിലെ സ്കൂളിൽ പ്രിൻസിപ്പാളാണ്. രണ്ടാമത്തെ മകൻ മസ്റൂർ അഹ്മദ് മുസഫ്ഫർ ഘാനയിൽ മുബല്ലിഗായി പ്രവൃത്തിച്ചുവരുന്നു. ഈ രണ്ടുമക്കളും കർമരംഗത്ത് ആയ കാരണത്താൽ അവർക്ക് ജനാസയിൽ പങ്കെടുക്കാൻ കഴിഞ്ഞില്ല. പരേതൻ മൂസിയായിരുന്നു.

അടുത്ത ജനാസ ഹക്കീം ഉബയ്ദുല്ലാഹ് മിൻഹാ സാഹിബിന്റെ മകൻ മഹ്മൂദ് അഹ്മദ് മിൻഹാസ് സാഹിബിന്റേതാണ്. ഇദ്ദഹം 75-ാമത്തെ വയസ്സിൽ വഫാത്തായി. إِنَّا لِلّٰهِ وَإِنَّا إِلَيْهِ رَاجِعُوْن ഇദ്ദേഹത്തിന്റെ ഒരു മകൻ റാശിദ് മഹ്മൂദ് മിൻഹാസ് സാഹിബ് മുബല്ലിഗാണ്. ഇദ്ദേഹം പറയുന്നു: ഇദ്ദേഹം ഒരു ദർവേശീഗുണങ്ങളുള്ള ആളായിരുന്നു. അസംഖ്യം സൽഗുണങ്ങളുടെ ഉടമയായിരുന്നു. പതിവായി തഹജ്ജുദ് നമസ്കരിക്കുന്ന ആളായിരുന്നു. ഖിലാഫത്തിൽ അനുരക്തനും ദരിദ്രരേയും അശരണരേയും സഹായിക്കുന്നയാളുമായിരുന്നു. ഈ മകനും ഘാനയിൽ പ്രവർത്തനരംഗത്ത് ആയ കാരണത്താൽ ജനാസയിൽ പങ്കെടുക്കാൻ കഴിഞ്ഞില്ല. ഇതുപോലെതന്നെ മറ്റൊരു മകൻ മലേഷ്യയിലായ കാരണത്താലും പങ്കെടുക്കാൻ കഴിഞ്ഞില്ല.

അല്ലാഹു ഈ പരേതാത്മാക്കളുടെ മക്കൾക്കും അവരുടെ ബന്ധുക്കൾക്കും ക്ഷമയും സഹനവും പ്രദാനം ചെയ്യുമാറാകട്ടെ. ഇവരുടെയെല്ലാവരുടേയും ദർജകൾ ഉയർത്തുമാറാകട്ടെ. പൊറുക്കലോടും കരുണയോടുംകൂടി പെരുമാറട്ടെ. ജുമുഅ നമസ്കാരത്തിനുശേഷം ഇവരുടെ ജനാസ ഗാഇബ് നമസ്കരിപ്പിക്കുന്നതാണ്. ഇൻശാ അല്ലാഹ്

...☆...☆...☆...

(പേജ് 2 ൽ നിന്ന്)

അവ്വലിന്റെ(റ)മൂത്ത മകൾ ഉമാമയെ മൗലവി അബ്ദുല്ലാഹ് ഗസ്നവിയുടെ മകൻ മൗലവി അബ്ദുൽ വാഹിദ് ഗസ്നവിയാണ് വിവാഹം കഴിച്ചിരുന്നത്. ഹയാത്തെ നൂറിൽ എഴുതിയിരിക്കുന്നു:

'ഈ മകളുടെ വിവാഹം അവിടന്ന്(ഹദ്റത്ത് ഖലീഫത്തുൽമസീഹ് അവ്വൽ(റ)മൗലവി അബ്ദുല്ലാഹ് ഗസ്നവിയുടെ മകൻ മൗലവി അബ്ദുൽ വാഹിദ് ഗസ്നവിയുമായി നടത്തി. ഹദ്റത്ത് മൗലവി അബ്ദുല്ലാഹ് ഗസ്നവി(റഹ്) ഒരു മഹാത്മാവും അല്ലാഹുവിന്റെ വലിയ്യുമായ മനുഷ്യനായിരുന്നു. അദ്ദേഹത്തിന്റെ മാഹാത്മ്യം കാരണത്താൽ ഹദ്റത്ത് ഖലീഫത്തുൽമസീഹ് അവ്വൽ(റ)തന്റെ മകളുടെ വിവാഹം അദ്ദേഹത്തിന്റെ മകനുമായി നടത്തി. എന്നാൽ, വളരെ ഖേദത്തോടെ പറയട്ടെ തന്റെ മറ്റുസഹോദരങ്ങളെപ്പോലെ ഇയാളും അഹ്മദിയ്യാ ജമാഅത്തിന്റെ കഠിനവിരോധിയായിരുന്നു. എന്നല്ല ഒരിക്കൽ ഇയാൾ ഹുദൂറിനെ കാണുന്നതിന് ഖാദിയാനിൽ വന്നപ്പോൾ അവിടത്തെ(റ) നിർബന്ധത്താൽ ഹദ്റത്ത് മസീഹ് മൗഊദ്(അ)നെ കാണാനുംപോയി. ഹദ്റത്ത് അഖ്ദ്സ് മസ്ജിദ് മുബാറക്കിൽ അദ്ദേഹവുമായി സംസാരിക്കാൻ തുടങ്ങിയപ്പോൾ ഹദ്റത്ത് അഖ്ദസിന്റെ ഒരു കാര്യത്തിനും മറുപടി നല്കാതെ പെട്ടെന്ന് പെട്ടെന്ന് നാവ് ചലിപ്പിക്കുന്നത് കണ്ട് മൗലവി സാഹിബ് അത്ഭുതപ്പെട്ടുപോയി. അങ്ങനെ കൂടിക്കാഴ്ചയ്ക്കുശേഷം അദ്ദേഹത്തോടു എന്താണ് ചൊല്ലിക്കൊണ്ടിരുന്നതെന്ന് ചോദിച്ചപ്പോൾ സൂറ കഹ്ഫിന്റെ ആദ്യത്തെ 10 ആയത്തുകൾ ഓതുകയായിരുന്നുവെന്ന് പറഞ്ഞു. ഹദ്റത്ത് അഖ്ദ്സ്(അ)ഇക്കാര്യം കേട്ടപ്പോൾ ഒരുപാട് പുഞ്ചിരിച്ചു.'*(ഹയാത്തെ നൂർ, അധ്യായം 2, പേജ് 79)*

സയ്യിദുനാ ഹദ്റത്ത് മസീഹ് മൗഊദ്(അ)പറയുന്നു:

'എന്റെ കാലത്ത് അദ്ദേഹം ജീവിച്ചിരുന്നെങ്കിൽ അദ്ദേഹം എന്റെ വാദത്തോടുകൂടി നിഷേധിക്കാതെ എന്നെ വിശ്വസിക്കുമായിരുന്നുവെന്ന് ഞാൻ ദൃഢമായും വിശ്വസിക്കുന്നു. എന്നാൽ, ആ സ്വാലിഹായ പുരുഷൻ ഞാൻ വാദിക്കുന്നതിനുമുമ്പേ വഫാത്തായിപ്പോയി. വിശ്വാസത്തിൽ എന്തെങ്കിലും തെറ്റുണ്ടായിരുന്നെങ്കിൽ അത് ശിക്ഷാർഹമല്ല. കാരണം ഗവേഷണപരമായ അബദ്ധം മാപ്പാണ്. ശിക്ഷ ദഅ്വത്തിനും ന്യായപൂർത്തി വന്നതിനും ശേഷമാണ് ആരംഭിക്കുന്നത്. എന്നാൽ, അദ്ദേഹം മുത്തഖിയും സന്മാർഗിയും ആയിരുന്നുവെന്നതിൽ സംശയമില്ല. തബ്ത്തുലും ഇൻഖത്വാഉം അദ്ദേഹത്തിൽ അതിജയിച്ചിരുന്നു. സ്വാലിഹീങ്ങളായ ദാസന്മാരിൽപ്പെട്ടയാളായിരുന്നു.'*(ഹഖീഖത്തുൽ വഹ്‌യ്, റൂഹാനീ ഖസാഇൻ വാള്യം 22, പേജ് 250)*

മൗലവി അബ്ദുൽഹഖ് ഗസ്നവി അങ്ങനെയുള്ള സ്വാലിഹിന്റേയും ദൈവപുരുഷന്റേയും അനന്തരാവകാശിയ

EDITOR
H.Shamsuddin

Sub Editor : Mohammad Ismaeel
Mobile : 91 9446656123
e-mail : badarkerla@gmail.com

REGISTERED WITH THE REGISTRAR OF THE NEWSPAPER FOR INDIA AT NO PUNMAL/2016/70551

ബദ്ർ വീക്കിലി ഖാദിയാൻ Weekly **BADAR** Qadian

Distt. Gurdaspur (Pb.) INDIA Qadian - 143516

POSTAL REG NO GDP- 44/2020-2022 Vol-6 Thursday 24 June 2021 Issue-25

MANAGER
Sheik Mujahid

Mobile: 91 9913379255
e-mail : managerbadrqnd@gmail.com
website : www.alislam.org/badr

**ANNUAL SUBSCRIPTION** : Rs. 575/- (Per Issue : Rs.11.50/-) (**WEIGHT** - 20-50 gms/issue)

ല്ലാത്ത ഒരു ശിഷ്യനായിരുന്നു. അദ്ദേഹം ഹദ്റത്ത് മസീഹ് മൗഊദ്(അ)നെ വിശ്വസിക്കുകയായിരുന്നു ചെയ്യേണ്ടിയിരുന്നത്; അദ്ദേഹത്തിന്റെ ഗുരുവര്യൻ സാക്ഷ്യപ്പെടുത്തിയതുപോലെ. പക്ഷേ, ദൗർഭാഗ്യത എന്നു പറയട്ടെ അബ്ദുൽ ഹഖ്, ഹദ്റത്ത് അഖ്ദസിനെ സാക്ഷ്യപ്പെടുത്തിയില്ലെന്ന് മാത്രമല്ല പ്രത്യുത സജീവമായി അദ്ദേഹത്തെ എതിർക്കുകയാണ് ചെയ്തത്. ഹദ്റത്ത് മസീഹ് മൗഊദ്(അ)നെ ദജ്ജാലെന്നും കദ്ദാബെന്നും പറഞ്ഞു. അദ്ദേഹത്തേയും അദ്ദേഹത്തിന്റെ പ്രവചനങ്ങളേയും കളവാണെന്ന് പറഞ്ഞു. അമൃതസറിൽവച്ച് മുബാഹലയും ചെയ്തു. ആഥിം മരിക്കാതിരുന്നത് ഹദ്റത്ത് മസീഹ് മൗഊദിനുമേൽ മുബാഹലയുടെ ഒരു ആപത്തായിരുന്നുവെന്നും അതിന്റെ ഫലമായി ആ മഹാത്മാവിനുകിട്ടിയ ഒരു നിന്ദ്യതയായിരുന്നുവെന്നും മൗലവി അബ്ദുൽ ഹഖ് ഗസ്നവി പറയാറുണ്ടായിരുന്നു. വരുന്ന ലക്കങ്ങളിൽ ഞങ്ങൾ ഇൻശാ അല്ലാഹ് മുബാഹലയുടെ പശ്ചാത്തലവും മുബാഹലയ്ക്കുശേഷം സയ്യിദുനാ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന് അല്ലാഹുവിൽനിന്ന് ലഭിച്ച ആദരവിനേയും പ്രശസ്തിയേയും അനുഗ്രഹങ്ങളേയും കുറിച്ച് പറയുന്നതായിരിക്കും. അതുപോലെ തന്നെ പലതരത്തിലുള്ള നിന്ദ്യതകളും ശാപങ്ങളും ആർക്കെങ്കിലുമുണ്ടായിട്ടുണ്ടെങ്കിൽ അയാളായിരുന്നു മൗലവി അബദുൽഹഖ് ഗസ്നവി.

*(മൻസ്വൂർ അഹ്മദ് മസ്റൂർ)*

(പേജ് 10 ൽ നിന്ന്)

സാഹിബയും ചില അവസരങ്ങളിൽ കൂടെ ഉണ്ടായിരുന്നു. 2008 നവംബറിൽ ഹദ്റത്ത് ഖലീഫത്തുൽമസീഹ് ഖാമിസ് അയ്യദഹുല്ലാഹുത്തആലാ ബി നസ്വ്രിഹിൽ അസീസുമായി കോഴിക്കോട്ടുവച്ച് കൂടിക്കാഴ്ച നടത്താനുള്ള തൗഫീഖ് ഹാജി സാഹിബിന് ലഭിച്ചു. മാത്രമല്ല അദ്ദേഹം 2018 ആഗസ്റ്റിൽ ലണ്ടനിൽപോയും ഖലീഫ തിരുമനസ്സുമായി കൂടിക്കാഴ്ച നടത്തിയിട്ടുണ്ട്. കൊറോണ വൈറസ് വ്യാപിക്കുന്നതിനുമുമ്പേയും ലണ്ടൻ അന്തർദേശീയ സമ്മേളനത്തിൽ പങ്കെടുക്കുന്നതിന് ശ്രമിച്ചിരുന്നു. പിന്നീട് സമ്മേളനം മാറ്റിവെക്കുകയാണുണ്ടായത്.

നമസ്കാരങ്ങൾ കഴിയുന്നത്ര ഇമാമും ജമാഅത്തുമായി നമസ്കരിക്കാൻ അദ്ദേഹം ശ്രമിച്ചിരുന്നു. സ്ഥിരമായി തഹജ്ജുദ് നമസ്കരിച്ചിരുന്നു. സ്വുബ്ഹി നമസ്കാരത്തിന് നാലഞ്ചു കിലോമീറ്റർ യാത്ര ചെയ്ത് പഴയങ്ങാടി ത്വാഹിർ മസ്ജിദിലോ അടുത്തില അഹ്മദിയ്യാ മസ്ജിദിലോ കൃത്യമായി എത്തുമായിരുന്നു. തർബിയ്യത്തുപരവും തബ്ലീഗുപരവുമായ എല്ലാ യോഗങ്ങളിലും നേരത്തെ വന്ന് പങ്കെടുക്കുമായിരുന്നു. അടുത്തില അഹ്മദിയ്യാ മസ്ജിദിന്റെ നിർമാണം നടന്നത് അദ്ദേഹത്തി ന്റെ മേൽന്നോട്ടത്തിലായിരുന്നു. അദ്ദേഹത്തിന്റെ ജീവകാരുണ്യ പ്രവർത്തനവും എടുത്തു പറയേണ്ടതാണ്. റമളാൻ മാസത്തിന്റെ അവസാനത്തെ പത്തിൽ മിക്ക സാ ധനങ്ങളും അടങ്ങിയ കിറ്റുകൾ അദ്ദേഹം നേരിട്ട് സാധുക്കളുടെ വീടുകളിലെത്തിക്കുമായിരുന്നു. സാമ്പത്തിക സഹായവും ചെയ്തിരുന്നു.

തന്റെ കുടുംബത്തിന് വാഗ്ദത്ത മഹ്ദീ മസീഹിനെ വിശ്വസിക്കാൻ തൗഫീഖ് കിട്ടണമെന്ന ആഗ്രഹം അദ്ദേഹത്തിനുണ്ടായിരുന്നു. അതിനുവേണ്ടി മൗലവിമാരെ പങ്കെടുപ്പിച്ചുകൊണ്ട് സ്വന്തം വീട്ടിൽവച്ചുതന്നെ പല ചർച്ചകളും അദ്ദേഹം നടത്തിയിരുന്നു. രോഗശയ്യയിൽ കിടക്കുമ്പോൾ പല പ്രാവശ്യവും ഞാൻ അദ്ദേഹത്തെ കാണാൻ പോയിരുന്നു. അപ്പോഴെല്ലാം ജമാഅത്തു പ്രവർത്തനങ്ങളെ കുറിച്ചായിരുന്നു സംസാരിച്ചത്. അസഹ്യമായ വേദനയിലും അത് മുഖത്ത് പ്രതിഫലിക്കാതിരിക്കാൻ ശ്രമിച്ചിരുന്നു. 'ഭൗതികമായ നിലയിൽ എല്ലാ സൗകര്യങ്ങളും സാഹചര്യങ്ങളുമുള്ള യൂസുഫ് ഹാജി, അഹ്മദി ജമാഅത്തിൽ ചേർന്നിട്ടുണ്ടെങ്കിൽ ആ ജമാഅത്തിനെ കുറിച്ച് പഠിക്കേണ്ടതാണ്'എന്ന് ഏഴോത്തെ ഒരു യുവാവ് പറഞ്ഞത് കേട്ടപ്പോൾ അദ്ദേഹത്തിന്റെ വ്യക്തിത്വം എത്ര ഉന്നതമായിരുന്നുവെന്ന് ഓർത്തുപോയി.

ഹാജീ സാഹിബ് തന്റെ വരുമാനത്തിന്റെ പത്തിലൊരു ഭാഗം ഇസ്ലാമിക പ്രവർത്തത്തിനുവേണ്ടി 4-4-2018 ൽ വസ്വിയ്യത്ത് ചെയ്തു. അങ്ങനെ അദ്ദേഹം മൂസ്വിയായി. ജമാഅത്തുപരമായ എല്ലാ ഇടപാടുകളും വഫാത്തിനുമുമ്പേ അദ്ദേഹം പൂർത്തിയാക്കിയിരുന്നു. അല്ലാഹു പരേതന്റെ പരലോകജീവിതം ധന്യമാക്കിത്തീർ ക്കട്ടെ. ഉന്നതപദവി നല്കി അനുഗ്രഹിക്കുമാറാകട്ടെ. ആമീൻ *(മുഹമ്മദ് ഇസ്മായീൽ ആലപ്പുഴ, ബദ്ർ നാഇബ് എഡിറ്റർ)*

❖❖❖

(പേജ് 1 ൽ നിന്ന്)

വരും ഇഷ്ടപ്പെടുന്നതായി നമ്മൾ കാണുന്നു. പക്ഷേ, വെളിച്ചത്തിന്റെ വ്യാഖ്യാനത്തിൽ ആളുകൾക്കിടയൽ ഭിന്നതകളുണ്ടാകുന്നു. ഈയിടെയായി ആളുകൾ പറയുന്നത് ഇതു പുതുവെളിച്ചത്തിന്റെ വരവാണെന്നും ഇതുകൊണ്ടുള്ള ഉദ്ദേശ്യം ആധുനിക തത്വശാസ്ത്രത്തേയും സംസ്കാരത്തേയും മതനിയമങ്ങൾ അനുവദനീയമാക്കലിനേയും നിർമതത്വത്തേയും അനുധാവനം ചെയ്യലുമാണെന്നാണ്. ചിലർ പറയുന്നു ക്രൈസ്തവത ദൈവത്തിന്റെ പ്രകാശമാണെന്ന്. ചിലർ ഹിന്ദുമതവും ചിലർ ഇസ്ലാം മതവും ദൈവത്തിന്റെ പ്രകാശമെന്ന് പറയുന്നു. ഈ വചനത്തിൽ പറയപ്പെട്ടിരിക്കുന്നത് സമ്പ്രദായവും ആചാരവും തൊണ്ടും തോലും ദൈവത്തിന്റെ പ്രകാശമെന്ന് പറയപ്പെടുകയില്ലെന്നാണ്. അല്ലാഹുവിലേക്ക് പോകുന്നതിന്റെ പേരാണ് പ്രകാശം. ആരുടെ ചുവടാണോ അല്ലാഹുവിലേക്ക് ഉയരാത്തത് അവനെ പ്രകാശം കരസ്ഥമാക്കുന്നവനെന്ന് ഒരു വിധത്തിലും പറയാൻ പറ്റുകയില്ല. അല്ലാഹുവിലേക്ക് ചുവടുവെക്കുന്നവനാണ് പ്രകാശം കരസ്ഥമാക്കുന്നത്. ദൈവത്തെ കുറിച്ച് അറിവു നല്കുന്നതിന് ഇവിടെ അസീസ് ഹമീദ് എന്നീ രണ്ടു സ്വിഫത്തുകൾ പറയപ്പെട്ടിരിക്കുന്നു. അസീസ് എന്നതിന്റെ അർഥം വിജയം വരിച്ചവനായ എന്നാണ്. ഹമീദ് എന്നതിന്റെ അർഥം സ്തുത്യർഹനെന്നാണ്. ഈ രണ്ടു സ്വിഫത്തുകൾ തിരഞ്ഞെടുക്കപ്പെട്ടത് ഒന്നു കർമപരമായ വെളിച്ചത്തിനുമേൽ അറിവുനല്കുന്നതിനും രണ്ടാമത്തേത് വൈജ്ഞാനികമായ നിലയിലും. അസീസുമായി ചേർന്ന് മനുഷ്യൻ തന്റെ ശത്രുവിനുമേൽ വിജയം വരിക്കുന്നു. ബാഹ്യമായ അന്ധകാരങ്ങൾ അതായത് ബുദ്ധിമുട്ടുകളും വിപത്തുകളും അകന്നുപോകുന്നു. ഹമീദുമായി ചേർന്ന് മനുഷ്യൻ തന്റെ ആഭ്യന്തര ശത്രുവായ ശയ്ത്വാനുമേൽ വിജയം വരിക്കുന്നു. ആന്തരികമായ അന്ധകാരങ്ങൾ അതായത് ദുർബോധനങ്ങളും സംശയങ്ങളും അജ്ഞതകളും അകന്നുപോകുന്നു.

മുഹമ്മദു(സ)മുഖേന ഈ രണ്ടു പ്രവൃത്തികളും നടന്നു. അറബികളുടെ നിന്ദ്യതയും നിർഭാഗ്യതയും അകന്നു. അവരുടെ ജഹാലത്തും അന്യാരാധനയും സ്വഭാവപരമായ ദൗർബല്യങ്ങളും അകന്നു.ഒരു ഭാഗത്ത് അവർ മുഴുവൻ ലോകത്തിന്റേയും രാജാവായി. മറുഭാഗത്ത് അവർ മുഴുവൻ ലോകത്തിന്റേയും ഗുരുവര്യന്മാരുമായി. നബി(സ)തിരുമേനിക്ക് മുമ്പേയുള്ള അറബികളുടെ അവസ്ഥയും ആ മഹാത്മാവിനുശേഷമുള്ള മാറ്റവും ഈ ചരിത്രപരമായ സംഭവത്തിൽനിന്ന് കുറച്ചു മനസ്സിലാകുന്നതാണ്. ഹദ്റത്ത് ഉമറിന്റെ കാലത്ത് ഇറാന്റെമേൽ ആക്രമണമുണ്ടായപ്പോൾ ഇറാനിലെ രാജാവ് തന്റെ കമാൻഡർ ഇൻ ചീഫിന് അവർക്ക് കുറച്ച് പാരിതോഷികം നല്കാമെന്ന് വാഗ്ദാനം ചെയ്ത് യുദ്ധം അവസാനിപ്പിക്കാൻ സന്ദേശമയച്ചു. പാരിതോഷികമാണെങ്കിൽ അങ്ങേയറ്റം വിലകുറഞ്ഞതായിരുന്നു. അതായത് ഓരോ പട്ടാളക്കാരനും ഓരോന്നോ ഈരണ്ടോ ദീനാർ! ഈ സംഭവത്തിൽനിന്ന് മനസ്സിലാകുന്നത് അറബികൾ തങ്ങളുടെ അയൽരാഷ്ട്രങ്ങളിലെ ജനങ്ങളുടെ ദൃഷ്ടിയിൽ അങ്ങേയറ്റം ദരിദ്രരും ആശ്രിതരും തന്റേടമില്ലാത്തവരുമായിരുന്നുവെന്നാണ്. പക്ഷേ, ഇസ്ലാം അവരെ എങ്ങനെയാക്കിത്തീർത്തു. അത് ഇതിൽനിന്ന് പ്രകമാകുന്നുണ്ട്; അവർ ഇറാനെ കീഴടക്കിയെന്നു മാത്രമല്ല പ്രത്യുത ശാം, ഫലസ്തീൻ, മിസ്വ്ർ, അനാത്വോലിയ, ആർമീനിയ, ഇറാഖ്, വടക്കൻ ആഫ്രിക്ക, ഹസ്പാനിയ, അഫ്ഗാനിസ്താൻ, ഹിന്ദ്, ചൈനവരെ ആദ്യനൂറ്റാണ്ടിനുള്ളിൽ വിജയിച്ചു. ദരിദ്രരും ഇടത്തരക്കാരായ ആളുകളുമായിരുന്ന സ്വഹാബത്ത് എങ്ങനെയുള്ള സമ്പന്നരായെന്നാൽ ഒരു സ്വഹാബി അബ്ദുർ റഹ്മാൻ ഔഫ് വഫാത്തായപ്പോൾ രണ്ടരക്കോടി രൂപ അദ്ദേഹത്തിന്റെ മരണാന്തര സ്വാത്തായിരുന്നു. ഇത് ഇന്നത്തെ മൂല്യത്തിന്റെ അടിസ്ഥാനത്തിൽ വളരെ വലിയ സമ്പത്താണ്. കാരണം അക്കാലത്ത് രൂപയുടെ മൂല്യം വളരെയധികമായിരുന്നു.

രണ്ടാമത്തെ മാറ്റവും പ്രകടമാണ്. അറേബ്യൻ ജനത ഒന്നുകിൽ എഴുത്ത് തങ്ങൾക്ക് ഒരു കുറവായി മനസ്സിലാക്കിയിരുന്നു അല്ലെങ്കിൽ ഒരുതരത്തിലുള്ള അറിവും അവരിൽ കണ്ടിരുന്നില്ല. അങ്ങനെയുള്ളവർ മുഴുലോകത്തിലേയും അറിവുകൾ വഹിക്കുന്നവരായിത്തീർന്നു. ചരിത്രത്തിന് അടിത്തറയിട്ടത് അവരാണ്. അറബി വ്യാകരണളുടെ അതായത് സ്വർഫ്, നഹ്വ്, മആനീ, ബയാൻ ഭാഷ എന്നിവയെ അവർ അത്യുന്നതിയിലെത്തിച്ചു. കർമശാസ്ത്രത്തിന്റേയും കർമശാസ്ത്രതത്ത്വത്തിന്റേയും തർക്കശാസ്ത്രത്തിന്റേയും യുക്തിജ്ഞാനത്തിന്റേയും വൈദ്യത്തിന്റേയും രാഷ്ട്രീയത്തിന്റേയും എഞ്ചിനിയറിംങ്ങിന്റേയും അൽജിബ്റയുടേയും രസതന്ത്രം വാനശാസ്ത്രം തുടങ്ങി നിരവധി അറിവുകൾ അവർ കണ്ടുപിടിച്ചു. അല്ലെങ്കിൽ അവയെ താഴത്തെ അവസ്ഥയിൽനിന്ന് ഉന്നതാവസ്ഥയിലെത്തിച്ചു. അറബികളായ മുസ്ലിമീങ്ങൾ ഇല്ലായിരുന്നുവെങ്കിൽ ഇന്ന് ലോകം ഇപ്പോഴുള്ള നിലയിൽ ഉണ്ടാകുമായിരുന്നില്ലെന്ന് യൂറോപ്യൻ ഗവേഷകർ സമ്മതിക്കുന്നു. ആത്മീയതയിൽ അറബികൾനേടിയ അഭിവൃദ്ധിയുടെ ഉദാഹരണം ലോകമുണ്ടായ കാലംമുതൽ ഇന്നുവരെ മറ്റൊരു ജനതയിലും കാണുന്നില്ല. *(തഫ്സീറെ കബീർ വാള്യം 3, പേജ് 438-439, ഖാദിയാൻ പ്രസിദ്ധീകരണം 2010)*

## ഹദീഥുന്നബ്വി(സ):

**'നിങ്ങളിൽനിന്ന് ആർക്കാണോ ദുആയുടെ വാതിൽ തുറക്കപ്പെട്ടത്, അവന് കാരുണ്യത്തിന്റെ വാതിൽ തുറക്കപ്പെട്ടു. അല്ലാഹുവിനോടു ഏതൊന്നാണോ ചോദിക്കപ്പെടുന്നത് അവയിൽ ഏറ്റവുമധികം പ്രിയപ്പെട്ടത് അവനോടു ആഫിയത്ത് അഥവാ സൗഖ്യം ചോദിക്കുന്നതാണ്.'**

*(തിർമുദി, അബ്വാബുദ്ദഅ്വാത്ത്)*

**ത്വാലിബെ ദുആ**
**P.P.Raheem & Family, Ahmadiyya Jama-ath Payangadi, Kerala**

Printed & Published by: Jameel Ahmed Nasir on behalf of Nigran Board of Badar. Name of Owner: Nigran Board of Badar. And printed at Fazle-Umar Printing Press. Harchowal Road, Qadian, Distt. Gurdaspur-143516, Punjab. And published at office of the Weekly Badar Mohallah - Ahmadiyya, Qadian Distt. Gsp-143516, Punjab. India. Editor: H.Shamsuddin